ന്നതിന് നിർദ്ദേശം കൊടുക്കാം. അതുപോലെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നഷ്ടപരിഹാരത്തെ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട എന്ത് ചെയ്യാൻ കഴിയുമെന്ന് ആലോചിക്കാം.

VI. നിയമനിർമ്മാണകാര്യം

2000- ത്തിലെ കേരളാ പോലീസ് (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

ശ്രീ. എൻ. അനിരുദ്ധൻ : സർ, ഇന്ന് നമ്മുടെ രാജ്യത്ത് ഭീകരപ്രവർത്തനങ്ങളും അതിനുവേണ്ടി ആയോധന പരിശീലനങ്ങളും ധാരാളമായി നടക്കുന്ന ഒരു സന്ദർഭമാണ്. തീർച്ചായും അത് മുളയിലെ നുള്ളിക്കളയുന്നത് ഉത്തരവാദിത്വമുള്ള ഗവൺമെന്റിന്റെ പ്രാഥമിക കടമയാണ്. ഭീകരസംഘടനകൾ നമ്മുടെ നാട്ടിൽ ശക്തി പ്രാപിച്ചുവരുന്നതിന് പല കാരണങ്ങളുണ്ട്. പ്രത്യേയ ശാസ്ത്ര പ്രേരിതമായ ഭീകര സംഘടനാ പ്രവർത്തനങ്ങളും മതമൗലികവാദപ്രേരിതമായ ഭീകരപ്രവർത്തനങ്ങളും യാതൊരു തത്വദീക്ഷയുമില്ലാത്ത നേട്ടങ്ങൾ ഉണ്ടാക്കാൻവേണ്ടി അത്യാഗ്രഹമായ സാമ്പത്തിക കാരണങ്ങളാലുള്ള ഭീകര പ്രവർത്തനങ്ങളും മാനസിക പ്രത്യേകതകൾകൊണ്ട് ഭീകരതയ്ക്ക് മുൻഗണന നൽകുന്ന പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. ഏത് ഭീകര പ്രവർത്തനങ്ങളായാലും പ്രത്യയശാസ്ത്രത്തിന്റെ പേരിലായാലും മതമൗലികവാദത്തിന്റെ പേരിലായാലും മാനസികാവസ്ഥയുടെ പ്രത്യേകത കൊണ്ടായാലും, സാമ്പത്തിക ഉന്നമനം പെട്ടെന്ന് നേടുന്നതിനുള്ള അത്യാഗ്രഹത്തിന്റെ ഫലമായാലും, അതെല്ലാം ദേശരക്ഷയ്ക്കും ക്രമസമാധാനപാലത്തിനും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന വിഷയങ്ങളാണ്. അത് ഇന്ന് നമ്മുടെ രാജ്യത്ത് കൂടികൂടിവരുന്നു. ആന്ധ്രയിലും കർണ്ണാടകയിലും മറ്റ് വടക്കുകിഴക്കൻ അതിർത്തി സംസ്ഥാനങ്ങളിലും പ്രത്യയശാസ്ത്ര പ്രേരിതമായി ധാരാളം ഭീകരപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ആ പ്രവർത്തനങ്ങളിൽ ചിലപ്പോഴെങ്കിലും ഗവൺമെന്റുകൾ നിസ്സഹായരായി നോക്കി നിൽക്കുന്ന അവസ്ഥയുമുണ്ട്. ആന്ധ്രാപ്രദേശിലെ കൃഷ്ണ ജില്ല ഉൾപ്പെടെയുള്ള ചില ജില്ലകളിൽ നക്സലൈറ്റ് ഭീകര പ്രവർത്തക സംഘങ്ങളാണോ ഭരണം നടത്തുന്നത് എന്നു തോന്നുമാറുള്ള കാര്യങ്ങളാണ് നടക്കുന്നത്. അത് ഫലപ്രദമായി പ്രതിരോധിക്കുന്നതിന് ഗവൺമെന്റുകൾ പലപ്പോഴും പരാജയപ്പെടുന്നു. എന്റെ മതമാണ് ഏറ്റവും ശ്രേഷ്ടം. എന്റെ മതത്തിലെ ആചാരാനുഷ്ഠാന ക്രമങ്ങൾ അംഗീകരിച്ച് നിങ്ങളെല്ലാപേരും നടന്നുകൊള്ളണം. അല്ലെങ്കിൽ ശാരീരികമായി കൈകാര്യം ചെയ്ത് അത് നടപ്പാക്കുമെന്ന് ദൃഢനിശ്ചയത്തോടുകൂടി ഇറങ്ങിപ്പുറപ്പെട്ടിട്ടുള്ള മതമൗലികവാദ സംഘടനകൾ തീർച്ചയായും ഈ ഭീകരപ്രവർത്തനത്തിൽ ഏത് എക്സ്റ്റെന്റുവരെ പോകുമെന്നുള്ളതിന് ഇപ്പോഴത്തെ സ്ഥിതിയിൽ ഒരു തീർപ്പുകൽപ്പിക്കുവാൻ കഴിയുകയില്ല. ഇങ്ങനെയുള്ള പ്രത്യയശാസ്ത്രപരമായാലും മതമൗലികവാദപരമായാലും ആഭ്യന്തര സംഘടനകൾ കൂടികൂടിവരുന്ന ഒരു ദശാസന്ധിയിലാണ് നമ്മൾ വന്നു നിൽക്കുന്നത്. ഈ സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തി നമ്മുടെ രാഷ്ട്രപതി കഴിഞ്ഞ റിപ്പബ്ലിക് ദിനത്തിൽ രാഷ്ട്രത്തോട് ചെയ്ത പ്രഖ്യാപനത്തിൽ സാമ്പത്തിക അസമത്വവും സാമൂഹ്യ നീതിയുടെ നിഷേധവും ഈ ഭീകര സംഘടനാ പ്രവർത്തകർക്ക് ആളുകളെ കിട്ടുന്നതിന് അനുകൂലമായ

LIBRARY ARCHIVES Kerala Legislative Assembly

ഘടകങ്ങളാണെന്നും അത് കണ്ടില്ലായെന്ന് നടിച്ചുകൊണ്ട് മുന്നോട്ടുപോയാൽ വളരെയധികം പ്രത്യാഘാതങ്ങൾ രാഷ്ട്രത്തിന്റെ പരമാധികാരത്തിനും നിലനിൽപ്പിനും അഖണ്ഡതയും ഉണ്ടാകുമെന്നും രാഷ്ട്രത്തോട് പറഞ്ഞത്. ഈ ഭീകരപ്രവർത്തനങ്ങളെ ഫലപ്രദമായി തടയുന്നതിന് ഗവൺമെന്റ് എടുക്കുന്ന നടപടികൾ രണ്ടായിരിക്കണം എന്നാണ് എന്റെ അഭിപ്രായം. നിയമത്തിന്റെയടിസ്ഥാനത്തിൽ ശക്തി ഉപയോഗിച്ച് ഈ ഭീകരസംഘങ്ങളെ അമർച്ച ചെയ്യാൻ കഴിയണം. Justice without force is impotent എന്നൊരു ചൊല്ലുണ്ട്. അതുപോലെ തന്നെ force without justice is tyranny. അങ്ങനെയും ഒരു ചൊല്ലുണ്ട്. അപ്പോൾ ഫോഴ്സ് കൊണ്ടുമാത്രം ഭീകര സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് കഴിഞ്ഞുവെന്ന് വരില്ല. ജനങ്ങളുടെ അവബോധത്തിൽ രാജ്യത്തിന്റെ നിലനിൽപ്പും പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തേണ്ടത് അനിവാര്യമായ ഘടകമാണ് എന്ന ബോധം ജനങ്ങളിൽ ഉണ്ടാക്കുന്നതിനുവേണ്ടി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. അത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് തീർച്ചയായും ജനാധിപത്യത്തിൽ രാഷ്ട്രീയ പാർട്ടികൾക്ക് കടമയുണ്ട്. നമ്മുടെ സംസ്ഥാനത്തുതന്നെ ഭീകര പ്രവർത്തകരുടെ സംഘങ്ങൾ നുഴഞ്ഞു കയറുന്നുവെന്ന് പലരും പലയാവർത്തി പറഞ്ഞിട്ടുണ്ട്. ഞാൻ മുമ്പുപറഞ്ഞ കാരണങ്ങളുടെ ഫലമായിട്ടാണ് ഇത് ഉണ്ടാകുന്നത്. തീർച്ചയായും സ്വതന്ത്ര പരമാധികാര മതേതര സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിലെ ഒരു പൗരന് ആ പൗരത്വം നിലനിർത്തുന്നതിനും നാടിന്റെ നിലനിൽപ്പിനാവശ്യമായ, വിദ്യാഭ്യാസപരമായ കാര്യങ്ങളിലും ഈ ദേശീയ ലക്ഷ്യങ്ങൽ നേരിടുന്നതിനുമുള്ള പഠനങ്ങൾ നമ്മൾ നൽകുന്നുണ്ട്. ഭാരതം എന്റെ നാടാണ്. എല്ലാ ഭാരതീയരും എന്റെ സഹോദരി സഹോദരന്മാരാണ്. ഞാൻ എന്റെ നാടിന്റെ പരമ്പരാഗത സമ്പത്തിൽ അഭിമാനം കൊള്ളുന്നു. അതിനുള്ള അർഹതയ്ക്കായി ശ്രമിക്കുമെന്ന് പ്രതിജ്ഞയെടുത്ത് പഠിക്കുന്ന കുട്ടികൾ ആ കലാശാല വിട്ടുകഴിഞ്ഞാൽ ഭീകര സംഘങ്ങളിലേയ്ക്കെത്തിച്ചേരുന്നുണ്ട്. ഈ മാനസ്സികാവസ്ഥയെയും സാമ്പത്തിക കാര്യങ്ങളെയും രാഷ്ട്രീയ കാര്യങ്ങളെയും സംബന്ധിച്ച് നമ്മൾ തീർച്ചയായും ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിന് ശ്രമിക്കണം എന്ന അഭിപ്രായം എനിക്കുണ്ട്. ഇതിനെ അമർച്ച ചെയ്യുന്നതിനുവേണ്ടി പോലീസ് ഫോഴ്സിനെ ഉപയോഗിക്കാം. പക്ഷെ അതിന് വിവിധങ്ങളായ ഘടകങ്ങളുണ്ട്. പോലീസ് ഫോഴ്സിനെ സംബന്ധിച്ച് ഇന്നത്തെ നിലയിൽ പരാതികളേറെയാണ്. ഭീകരപ്രവർത്തനങ്ങളെ അമർച്ച ചെയ്യുന്നതിന് നിയമത്തിൽ പ്രത്യേകമായി അധികാരം നൽകുന്ന ഒരു വകുപ്പു കൂടി എഴുതിച്ചേർക്കുകയാണ്. 18-ാം വകുപ്പിൽ നേരത്തെ ഉണ്ടായിരുന്നത് പൊതു സ്ഥലങ്ങളിൽ ആയുധങ്ങൾ കൊണ്ടുനടക്കുന്നത് നിരോധിക്കുന്നതിനും അമർച്ച ചെയ്യുന്നതിനുമുള്ള അധികാരം ഡിസ്ട്രിക്ട് മജിസ്ട്രേറ്റിനായിരുന്നു. ഇതിൽ ഒരു വകുപ്പുകൂടി എഴുതിച്ചേർക്കുന്നു. അങ്ങനെ വകുപ്പുകൾ എഴുതിച്ചേർത്തതുകൊണ്ടുമാത്രം കാര്യം നിർവ്വഹിക്കുമെന്ന് എനിക്ക് അഭിപ്രായമില്ല. കാരണം ഈ ഭീകരസംഘടനകൾ മൗലികവാദ പ്രേരിതമായാലും പ്രത്യയശാസ്ത്ര പ്രേരിതമായാലും സാമ്പത്തികാടിസ്ഥാനത്തിലായാലും പ്രവർത്തിക്കുന്ന മിക്ക ആളുകൾക്കും വിദേശസഹായം ലഭിക്കുന്നുണ്ട്. അങ്ങനെ വിദേശസഹായം ലഭ്യമാക്കുന്ന വഴികൾ അടയ്ക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കണമെന്നുള്ളതാണ് ഒരു കാര്യം. രണ്ടാമത്തെ കാര്യം വിദേശ സഹായം ലഭ്യമാക്കുന്ന സംഘടനകൾക്ക് ഇന്ന് പോലീസുകാരുടേയും ഇത് അമർച്ച ചെയ്യുന്ന ഉദ്യോഗസ്ഥൻമാരുടേയും കയ്യിൽ നമ്മൾ ഏൽപ്പിച്ചിട്ടുള്ള ആയുധസാമഗ്രികളിൽ നിന്നും എത്രയോ അധികം സമർത്ഥ

LIBRARY ARCHIVES Kerala Legislative Assembly

മായ രീതിയിൽ പ്രയോഗിക്കാൻ കഴിയുന്ന ആയുധ സാമഗ്രികളാണുള്ളത്. സോഫസ്റ്റിക്കേറ്റഡ് ആയിട്ടുള്ള ആയുധസാമഗ്രികൾ ഈ ഭീകര സംഘടനകളുടെ കൈവശമുണ്ട്. നമ്മുടെ പോലീസിന് പഴയ തോക്കും ലാത്തിയുമാണുള്ളത്. ഈ ഭീകര സംഘങ്ങളെ കൗണ്ടർ ചെയ്യുന്നതിനുള്ള ആയുധസാമഗ്രികൾ ഇല്ലാതെ പലപ്പോഴും നമ്മുടെ പോലീസ് സേന പകച്ചു നിൽക്കുന്ന സന്ദർഭങ്ങൾ ധാരാളമാണ്. കർണ്ണാടകത്തിൽതന്നെ സംഘത്തിലെ വീരപ്പനെ പിടികൂടാൻ പോയിട്ടുള്ള എത്ര പോലീസ് സേനാംഗങ്ങളാണ് അപമൃത്യുവിന് ഇരയായിട്ടുള്ളത്. വീരപ്പനെ നേരിടുന്നതിനുള്ള അത്യാധുനിക ആയുധസമാഗ്രികളുടെ അഭാവംകൊണ്ട് അവരുമായിട്ടുള്ള എൻകൗണ്ടറിൽ മരിച്ചുവീഴുന്ന പോലീസ് ഓഫീസർമാരുടെ സംഖ്യ വളരെയധികമാണ്. നമ്മുടെ പോലീസ് ഫോഴ്സിനെത്തന്നെ ഇല്ലാതാക്കുന്ന രീതിയിൽ അത് മാറിപ്പോയില്ലേ? അതിന് പരിഹാരമായി ആധുനികിമായി ആയുധ സജ്ജീകരണങ്ങൾ നമ്മുടെ പോലീസിന് ഉണ്ടാകണം. അതോടൊപ്പംതന്നെ ഈ പോലീസ് ഫോഴ്സിന് അത്യാധുനികമായ കമ്മ്യൂണിക്കേഷൻ ഫെസിലിറ്റീസും ഉണ്ടാകണം. ഈ വിധ്വംസക സംഘടനകളുടെ കൈവശമുള്ള കമ്മ്യൂണിക്കേഷൻ ഫെസിലിറ്റീസിന്റെ അയലത്ത് എത്താൻ കഴിയുന്ന കമ്മ്യൂണിക്കേഷൻ ഫെസിലിറ്റീസ് നമ്മുടെ പോലീസ് ഫോഴ്സിന്റെ കൈവശം ഇന്നില്ല. ഇതിന് പരിഹാരം ഉണ്ടാകണം. നിയമ ഭേദഗതി കൊണ്ടുമാത്രം ഇവരെ അമർച്ച ചെയ്യാൻ കഴിയുകയില്ല. 1957-ലെ കുപ്രസിദ്ധമായ വിമോചന സമരകാലത്ത്, രാഷ്ട്രീയ പ്രേരിതമോ പ്രത്യയശാസ്ത്രപരമോ എന്ന് എനിക്കറിയില്ല. നിലവിലുള്ള ഗവൺമെന്റിനെ മറിച്ചിടുക എന്ന ലക്ഷ്യത്തിന്റെ പേരിൽ ലാ ആന്റ് ഓർഡർ സിറ്റുവേഷനെ വെല്ലുവിളിച്ചുകൊണ്ടാണ് ആ സമരം നടന്നത്. അന്ന് കുട്ടനാട്ടിൽ ഒരു പൊളിറ്റിക്കൽ പാർട്ടി അന്നേവരെ വിളിക്കാത്തെ ഒരു മുദ്രവാക്യമാണ് വിളിച്ചത്. ബേബിയാ നമ്മുടെ നേതാവ് അടിയാ നമ്മുടെ പരിപാടി എന്നു പറഞ്ഞുകൊണ്ട് ആയുധമെടുത്ത് രാഷ്ട്രീയ ബാക്കിംഗോടുകൂടിയാണ് ഒരു ഗവൺമെന്റിനെ നേരിടുന്നതിന് തുനിഞ്ഞിറങ്ങി അത് ലാ ആന്റ് ഓർഡർ സിറ്റുവേഷനെ തീർച്ചയായും വഷളാക്കുന്നതിനുവേണ്ടിയുള്ളതാണ്. ജനാധിപത്യ ക്രമമനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട കേരളത്തിലെ ആദ്യത്തെ മന്ത്രിസഭയെ അധികാരത്തിൽനിന്നും നിഷ്ക്കാസനം ചെയ്യുകയെന്നല്ല അല്പലാഭത്തിനുവേണ്ടി തീർച്ചയായും അന്നുവരെ ശാന്തമായ അന്തരീക്ഷത്തിൽ പ്രവർത്തിച്ചുവരുന്ന കേരളത്തിന്റെ രാഷ്ട്രീയരംഗത്ത് ആയുധമെടുത്തുള്ള സമരവും അനാരോഗ്യകരമായ മുദ്രാവാക്യങ്ങളും കാരണം പിന്നീട് അത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങളും ഉണ്ടാക്കി. പാക്കിസ്ഥാന്റെ ആയുധങ്ങൾ സ്വീകരിച്ചുകൊണ്ട് ഐ.എസ്.ഐ. സംഘടനകൾ ഇന്ത്യാ രാജ്യത്ത് നുഴഞ്ഞുകയറി മനുഷ്യനെ കൊല്ലുന്നു. അവരെ നേരിടുന്നതിനും അവർക്ക് നൽകുന്ന ആയുധസഹായവും സാമ്പത്തികസഹായവും പ്രതിരോധിക്കുന്നതിനും നമ്മുടെ പോലീസ് ഇന്റലിജൻസിന്റെയും ഡിഫൻസ് സേനയുടെയും ശക്തിയും സാമർത്ഥ്യവും വർധിപ്പിക്കേണ്ട ഒരു സന്ദർഭമാണിത്. ഐ.എസ്.ഐ മാത്രമല്ല ..

<u>ശ്രീ. പി. വിശ്വൻ</u> : അങ്ങ് പറയുന്നത് വളരെ ഗൗരവമുള്ള വിഷയമാണ്. ക്രിമിനലൈസേഷൻ രാഷ്ട്രീയത്തിലും നടത്തുകയെന്നുള്ളതാണ്. ഇന്നത്തെ പത്രങ്ങളിൽ തന്നെ ബീഹാറിൽ ഒരു ക്രിമിനലിനെ.. നിരവധി ക്രിമിനലിന്റെ പേര് കൊടുത്തുവെങ്കിലും അതിൽ ഒരാൾ 60000 വോട്ടിന്റെ ഭൂരിപക്ഷത്തോടെയാണ് ജയിച്ചുവന്നത്. രാഷ്ട്രീയത്തെ ക്രിമിനലൈസ് ചെയ്യുകയെന്ന ക്രൂരമായ നടപടിയുടെ ഭാഗമായിട്ടാണ് ആ വാർത്ത എന്താണ് നിങ്ങൾ പ്രതികരിക്കാത്തത്? അങ്ങയുടെ അഭിപ്രായമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. അനിരുദ്ധൻ : ആയുധസാമഗ്രികൾകൊണ്ടും പോലീസ് ഫോഴ്സിനെ ഉപയോഗിച്ചുമാത്രം ഈ ദു:സ്ഥിതിക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയില്ല. ജനങ്ങളിൽ അവബോധം ഉണ്ടാക്കുക എന്നുള്ളത് പ്രധാനമായ ഒരു ഘടകമാണ്. ക്രിമിനൽസിനെ രാഷ്ട്രീയത്തിൽനിന്ന് ഒഴിവാക്കണമെന്ന അവ ബോധമില്ലായ്മയാണ് അയാളെ കൂടുതൽ വോട്ടിന്റെ ഭൂരിപക്ഷത്തോടുകൂടി വിജയിപ്പിച്ചത്. ഇതിന് അനുരോധമായി ഇന്ത്യയിലെ ആഭ്യന്തര സെക്രട്ടറിയാ യിരുന്ന ശ്രീ. വോറയെ ഒരു കമ്മിഷനായി നിയമിച്ച് അദ്ദേഹം ഒരു റിപ്പോർട്ട് സമർപ്പിച്ചു. അതിൽ nextus between the politicians the police and criminals. ആ റിപ്പോർട്ടിൽ വളരെ ഇലാബറേറ്റ് ആയിട്ട് എഴുതിയിട്ടുണ്ട്. അതിൽ രാഷ്ട്രീയക്കാരും പോലീസും, അധോലോക നായകന്മാരും ചേർന്നു ണ്ടാക്കുന്ന ഒരു നെക്സസാണ് ഈ രാജ്യത്തിന്റെ അപചയത്തിന് കാരണം എന്നും അതിന് പരിഹാരം ഉണ്ടാക്കുകയല്ലാതെ ഈ രാജ്യത്തിന് ഒരിഞ്ച് മുന്നോട്ടുപോകാൻ കഴിയുകയില്ലയെന്നും വോറ കമ്മിഷൻ റിപ്പോർട്ടിൽ പറയു ന്നുണ്ട്. പക്ഷെ ആ റിപ്പോർട്ട് കിട്ടിയതിനുശേഷവും ഗവൺമെന്റ് തലത്തിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇവിടെ ഐ.എൻ.എസ്. സഹായത്തിന്റെ മറ വിൽ നടക്കുന്ന ആയുധ പരിശീലനം ഉണ്ട്. അതിന് അവർക്ക് ജസ്റ്റിഫിക്കേ ഷൻ ഉണ്ട്. മതമൗലികവാദപരമായ ഒരു ജസ്റ്റിഫിക്കേഷൻ അത് ഭ്രാന്തമാണ്. മറ്റ് മതത്തിന്റെ ഔന്നിത്യം ഞാൻ വകവച്ച് കൊടുക്കില്ല. എല്ലാവരും എന്റെ മതത്തിൽ കീഴ്പ്പെട്ട് പോകണമെന്ന മൗലികവാദപരമായ ആശയധാരണയോ ടുകൂടി നടത്തുന്ന ആയുധപരിശീലനം ഒരു ഭാഗത്ത്, മറുഭാഗത്ത് ഹിന്ദു മൗലികവാദികളുടെ സേനകളെ പരിപോഷിപ്പിച്ചെടുക്കുന്നതിന് നടക്കുന്ന ആയുധ പരിശീലനം. രൺവീർ സേന, ഭൂസേന തുടങ്ങിയ ബീഹാറിലെയും, യു.പി.യിലെയും സേനകൾ ഹിന്ദുക്കളായ പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ദളിതരെ കൂട്ടത്തോടെ ചുട്ടുകരിക്കുന്നത് ഹോബിയായി സ്വീകരിക്കുന്നതി നുള്ള പരിശീലനം സിദ്ധിക്കുന്ന സേന. ഞാൻ ചോദിക്കട്ടെ, മുമ്പ് ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു മനിഷ്യനെ, പരസ്പരം വിരോധമല്ലാത്ത ഒരു മനുഷ്യനെ ആ സഹജീവിയെ അകാരണമായി കൊല്ലുന്നതിനുള്ള മാനസിക വികാരം ഉണ്ടാക്കി എടുക്കുക എന്നുള്ളതാണ് ഈ മതമൗലികവാദസംഘടനകൾ വളർത്തിക്കൊണ്ടുവരുന്ന ഒരു വികാരം., അത് ചിലപ്പോൾ മാനസിക വിഭ്രാന്തി യുടെ അടിസ്ഥാനത്തിലും ആകാം. അല്ലെങ്കിൽ ഒരു സഹജീവിയെ സഹായി ക്കുകയല്ലാതെ കൊല്ലാനുള്ള ആ സ്വാഭാവിക സ്വഭാവം ഒരു മനുഷ്യനിൽ ഉണ്ടാകുന്നില്ല. അത് മതമൗലികവാദപരമായി, പ്രത്യയശാസ്ത്രപരമായി അവ നിൽ ഉണ്ടാക്കിയിരിക്കുന്ന അവബോധത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ദുഷിച്ച മാർഗ്ഗം സ്വീകരിക്കുന്നത്. തീർച്ചയായും പരസ്പര സ്നേഹത്തിന്റെ അധിഷ്ഠിതമായ ഒരു സാമൂഹ്യഘടന വേണമെന്ന് ആഗ്രഹിക്കുന്നവർ ഇതി നെതിരെ പ്രചരണ പ്രവർത്തനങ്ങൾ നടത്തും. അപ്പോൾ രാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്ന ആളുകളും തീർച്ചയായും ആ രാഷ്ട്രീയത്തിന്റെ സദാചാര ത്തിനും, ജനാധിപത്യ മര്യാദകൾക്കും വിധേയമായുള്ള സംഘടനകളായി മുന്നോട്ടുപോകാൻ തയാറാകണം.

ശ്രീ. കെ.സി. ജോസഫ് : ബീഹാറിലും മറ്റ് സംസ്ഥാനങ്ങളിലും നേരത്തെ കാണുകപോലും ചെയ്യാത്ത ആൾക്കാരെ കരുതിക്കൂട്ടി കൊലചെ യ്യാൻ ചില ആളുകളെ നിയോഗിക്കപ്പെടുന്നുണ്ട്. ഇതിന്റെ മറ്റൊരു രൂപമാണ് കണ്ണൂരിൽ നടക്കുന്നത്. ബി.ജെ.പി യാകട്ടെ, മാർക്സിസ്റ്റ് പാർട്ടിയാകട്ടെ, അല്ലെങ്കിൽ ആർ.എസ്.എസ്. കാരാകട്ടെ യാതൊരു മുൻപരിചയവുമില്ലാത്ത

ആളുകൾ വളരെ പ്ലാൻ ചെയ്ത്, നടത്തുന്ന കൊലപാതകങ്ങൾ അല്ലേ അരങ്ങേറുന്നത് അങ്ങ് ഇത് കാണാതെ പോകുന്നത് ശരിയാണോ?

ശ്രീ. എൻ. അനിരുദ്ധൻ : ശ്രീ. കെ.സി. ജോസഫ്, ഞാൻ ഇത് ഒഴിവാക്കിക്കൊണ്ടല്ല പറഞ്ഞത്. ആര് ആരെ കൊല്ലുന്നതും ശരിയല്ല. കൊല ഒരു കാര്യത്തിനും പ്രതിവിധിയല്ല. കൊന്ന് മാത്രം പ്രതിവിധി കാണാം എന്നുണ്ടായിരുന്നെങ്കിൽ ഹിറ്റ്ലർ ആയിരുന്നേനെ ലോകത്തിൽ ഏറ്റവും വലിയ ഭരണാധികാരി. കൊല ഒരു പ്രത്യയശാസ്ത്രത്തിനും പ്രതിവിധിയല്ല, കൊല ഒരു മതത്തിനും പ്രതിവിധിയല്ല. അങ്ങനെ കൊല ഐച്ഛികവിഷയമായി എടുത്ത് നടത്തുന്ന ആയോധന പരിശീലനം നമ്മുടെ നാട്ടിൽ നിരോധിക്കണം

ശ്രീ. എ. കണാരൻ : സർ, ബഹുമാനപ്പെട്ട മെമ്പർ കണ്ണൂരിനെയും ബീഹാറിനെയും ഒന്നായി ചിത്രീകരിക്കുകയാണോ? ബീഹാറിൽ കൂട്ടമായി ദളിത് വിഭാഗത്തിനെ ചുട്ടു കൊന്നിട്ട് മരത്തിന്റെ ചുവട്ടിൽ പോയിരുന്ന് ഭക്ഷണം പാകം ചെയ്ത് കഴിച്ച് അവിടെ കിടന്ന് വിശ്രമിച്ച് പോകുന്ന ഒരു സംവിധാനമാണ് അവിടെയുള്ളത്. ഇവിടെ ചെറിയ ചെറിയ സംഘട്ടനകളുടെ ഫലമായിട്ടാണ് ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകുന്നത്. ഇത് രണ്ടും ഒന്നായി കാണരുത്. ഇത് രണ്ടും ഒന്നായി കണ്ട് കേരളത്തെ കലാപത്തിന്റെ കേന്ദ്രമായി മാറ്റരുത്. ഇത് രണ്ടും വ്യത്യസ്തമാണ്, ഈ വ്യത്യാസം അദ്ദേഹം കാണുന്നില്ല.

ശ്രീ. എൻ. അനിരുദ്ധൻ : കണാരേട്ടൻ പറഞ്ഞതിലൊന്നും എനിക്ക് അഭിപ്രായ വ്യത്യാസമില്ല. കൊല രണ്ടുവിധമാണ്. ഡിഫൻസിൽ കൊലയുണ്ട്. ഒഫൻസിലും കൊലയുണ്ട്. ഒഫൻസിൽ ആക്രമിക്കുമ്പോഴും ആക്രമിക്കപ്പെടുന്നവർ അതിനെ പ്രതിരോധിക്കുമ്പോഴും കൊലനടക്കാം അത് സന്ദർഭത്തിന്റെ അടിസ്ഥാനത്തിലാണ്. അതിനെ വിച്ഛേദിച്ച് ഇത്ര കഴഞ്ച് ഇന്നാരുടെ കൈവശമാണ് എന്ന് കുറ്റം പറയാൻ ഞാൻ ആളല്ല. ഞാൻ ആ രീതിയിൽ പോകുന്നുമില്ല.

ശ്രീ. ടി.എം. ജേക്കബ് : ബഹുമാനപ്പെട്ട എ. കണാരൻ പറഞ്ഞത് ബീഹാറിലെ പോലെ കൂട്ടത്തോടെയല്ല കണ്ണൂരിൽ കൊല്ലുന്നത്, ഒറ്റയ്ക്കൊറ്റയ്ക്കാണെന്നാണ്. ഒറ്റയ്ക്കൊറ്റയ്ക്കുള്ള കൊലപാതകം സാധൂകരിക്കാമെന്നാണ് അദ്ദേഹം പറഞ്ഞതിന്റെ അർത്ഥമെന്ന് തോന്നുന്നു.

ശ്രീ. എൻ.അനിരുദ്ധൻ : ശ്രീ. ജേക്കബ് പറയുന്നതൊക്കെ എനിക്ക് മനസ്സിലാകും, മനസ്സിലാകാത്തതു കൊണ്ടല്ല, അവർ കണ്ണൂർ എന്നുള്ള ഇട്ടാവട്ടത്തിലേ ഭാരതത്തെ കാണുന്നുള്ളൂ. ഞാൻ ഇന്ത്യാ മഹാരാജ്യത്തിലെ ഇന്നത്തെ പ്രത്യേക സാഹചര്യങ്ങളെക്കുറിച്ചാണ് പറയുന്നത്. കണ്ണൂർ ഒരു സ്പെസിമെൻ ആയിട്ടെടുത്ത് നിങ്ങൾക്ക് കാണാനൊക്കില്ല. അവിടത്തെ കൊലപാതകം എന്നുപറയുന്നത് രാഷ്ട്രീയ പ്രേരിതമാണ്. ഞാൻ പറഞ്ഞത് അതാണ് മതമൗലികവാദപരമായും പ്രത്യയശാസ്ത്ര പ്രേരിതമായും കൊലപാതകം നടക്കുന്നുണ്ട്. രണ്ടും അന്യാമാണ് എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : സർ, കണ്ണൂർ ഇപ്പോൾ നടക്കുന്ന സംഭവങ്ങളെയും ഉത്തരേന്ത്യയിലെ സംഭവങ്ങളെയും ഒരുപോലെ വ്യാഖ്യാനിക്കാനാണ് ബഹുമാനപ്പെട്ട കെ.സി. ജോസഫും, മറ്റു ചില ബഹുമാനപ്പെട്ട മെമ്പർമാരും ശ്രമിക്കുന്നത്. എനിക്കൊരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് ഉത്തരേന്ത്യൻ ഗ്രാമങ്ങളിലുള്ള മാഫിയാ സംഘവും വർഗ്ഗീയ ഫാസിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

ശക്തികളും കേരളത്തിൽ വളർന്നുവരാൻ ആഗ്രഹിക്കുന്നതിന്റെ ഭാഗമായിട്ടാണ് ആർ.എസ്.എസ്സിനെപ്പോലുള്ള ആളുകൾ വാടക കൊലയാളികളെയടക്കം ഈ കേരളത്തിൽ ശക്തിപ്പെടാൻ ആഗ്രഹിക്കുന്നത്. അതിന്റെ ഭീകരത മനസ്സിലാക്കാതെ അതിനെയെല്ലാം ഒരുപോലെ വ്യാഖ്യാനിക്കുകയാണ്. ഇവിടെ ചോദ്യം ഉന്നയിച്ച എല്ലാവർക്കും അറിയാം. ആർ.എസ്.എസിനെ അതിശക്തമായി പ്രതിരോധിക്കുന്നതുകൊണ്ടാണ് കേരളത്തിലും, കണ്ണൂർ ജില്ലയിലും ആർ.എസ്.എസ്.ന്റെ ആക്രമം മാർക്സിസ്റ്റ് പാർട്ടിക്കെതിരായി തുടരുന്നത്. അതുകൊണ്ട് ഇതിനെ രണ്ടിനേയും ഒരുമിച്ച് കാണുന്നത് ശരിയല്ല എന്നു അങ്ങ് പറയുമോ?

ശ്രീ. എൻ. അനിരുദ്ധൻ : ഞാൻ പറഞ്ഞുവന്നത് മതമൗലികവാദപ്രേരിതമായ കൊലപാതകമാണ്. ഉദാഹരണമായി. കേരളത്തിൽ കണ്ണൂർ തന്നെ എടുക്കാം. ആ സംഭവങ്ങൾ യഥാർത്ഥത്തിൽ മതമൗലികവാദ പ്രേരിതമായി നടത്തുന്നവയാണ്. ആർ.എസ്.എസിന്റെ ട്രെയിനിംഗും അവർ അടിച്ചാൽ ആള് ചാവും, അടി ഐച്ഛികവിഷയമായി എടുത്ത് കൊല്ലാനായി പരിശീലനം നേടിയവരാണ്. അതുകൊണ്ട് ചാകും. അല്ലാത്തവർ തമ്മിൽ സംഘട്ടനം ഉണ്ടാകാം. സംഘട്ടനം സ്വാഭാവികമായും മനുഷ്യൻ മനുഷ്യസ്വഭാവമായിട്ട് ഉണ്ടാകാം സഡൻ പ്രൊവോക്കേഷൻ കൊണ്ട് ഉണ്ടാകാം. കണ്ണൂരിൽ മുസ്ളീം മതമൗലികവാദവുമായി, അല്ലെങ്കിൽ ന്യൂനപക്ഷ മതമൗലികവാദവുമായിട്ടാണ് സംഘട്ടനം നടക്കുന്നതെങ്കിൽ ഈ കേരളം ബീഹാറോ അല്ലെങ്കിൽ മറ്റ് സംസ്ഥാനങ്ങളോ ആകുകയില്ലേ? ഒരു പൊളിറ്റിക്കൽ തത്വശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ മതമൗലികവാദികളെ നേരിടുന്നു എന്നുള്ളതുകൊണ്ടുമാത്രമാണ് കേരളത്തിൽ ഇന്ന് വർഗ്ഗീയ സംഘട്ടനങ്ങൾ ഇല്ലാതെ വരുന്നത്. അല്ലെങ്കിൽ നാളെ സി.പി.എം. ഉം ആർ.എസ്.എസ് ഉം തമ്മിൽ കോംപ്രൈമൈസ് എന്നുപറഞ്ഞാൽ മറ്റന്നാൾ ഈ ആർ.എസ്.എസ് വർഗ്ഗീയ ഫാസിസ്റ്റ് സംഘടനയുടെ വടിയും, വാളും കേരളത്തിലെ മതന്യൂനപക്ഷങ്ങൾക്കെതിരായി തിരിയുമെന്നുള്ളതിന് സംശയമൊന്നുമില്ല. ഒരു ഡിഫൻസ് പോലെയാണ് സി.പി.എം. അതിൽ പ്രതികരിക്കുന്നത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മനുഷ്യനെ ആര് കൊന്നാലും കൊല കൊലതന്നെയാണ് അതിന് സംശയമുണ്ടോ? പക്ഷെ ആ സന്ദർഭമാണ് പ്രധാനമായും വരുന്നത്. എന്റെ ഡിഫൻസിൽ എന്റെ ശരീരവും ജീവനും, സ്വത്തും സംരക്ഷിക്കുന്നതിനുവേണ്ടി ഞാൻ വേറൊരാളെ കൊന്നാൽ തീർച്ചയായും ആ കൊല നിയമപരമായി കൊല അല്ല. അതുപോലെതന്നെ എന്റെ നാടിന്റെ മതസൗഹാർദ്ദം സംരക്ഷിക്കുന്നതിനുവേണ്ടി ഡിഫൻസിൽ മരിച്ചാലും ഒഫൻസിൽ മരിച്ചാലും തീർച്ചയായും നമ്മൾ അതിനെയല്ലേ വീരചരമം എന്നുപറയുന്നത്. അങ്ങനെയുള്ള നടപടികളിൽ അപലപിക്കാം എന്നൊന്നും ഞാൻ പറയുന്നില്ല. എന്നാൽ ഇത്തരം സന്ദർഭങ്ങളിൽ ഇവർക്ക് ആയുധ പരിശീലനം നൽകുന്നുണ്ടല്ലോ, അടിച്ചാൽ കൃത്യമായി ചാകണം എന്നുള്ള കൃത്യതയോടുകൂടി ആയുധ പരിശീലനം നൽകുന്നത് നമ്മുടെ നാട്ടിൽ ഇന്ന് കൂടിവരുന്നുണ്ട്. പ്രത്യക്ഷമായി അവരെല്ലാം കളരികളിൽ അല്ലെങ്കിൽ കായികാഭ്യാസമോ, സൂര്യനമസ്ക്കാരമോ ഒക്കെ ചെയ്യുന്നവരാണ് എന്നാണ് പറയുന്നത്. ആയുധ പരിശീലനം നടക്കുന്ന സ്ഥലങ്ങളിൽ പ്രത്യയശാസ്ത്ര അല്ലെങ്കിൽ മതമൗലിക വാദപരമായ നിലപാട് വിശദീകരിക്കുന്നുണ്ട്. പിഞ്ചുകുട്ടികളെപ്പോലും ഇരുത്തി വിശദീകരിച്ച് മതമൗലിക വാതത്തിന്റെ മൂർത്തീഭാവങ്ങളാക്കി മാറ്റുന്ന കാര്യങ്ങൾ നടക്കുന്നുണ്ട്. ഗവൺമെന്റും പൊളിറ്റിക്കൽ പാർട്ടികളും ഇതിനെതിരായി അവബോധം ഉണ്ടാക്കുന്നതിന് ശ്രമിക്കണം. ഒരു പക്ഷെ

LIBRARY ARCHIVES Kerala Legislative Assembly

ആർ.എസ്.എസ്. ന്റെ കളരിയിൽ അല്ലെങ്കിൽ അവരുടെ ശാഖകളിൽ അവർ പറയുന്ന അവരുടെ ശാഖകളിൽ അവർ പറയുന്ന അവരുടെ സംഘം നിർമ്മിച്ചയാൾ 'കേശവോ സംഘനിർമ്മാണ' യെന്ന് തുടങ്ങി ഇങ്ങോട്ടുവന്നാൽ ശ്രീനാരായണ ഗുരുവിനേയും അവരുടെ കീഴിലെടുത്തുകൊണ്ടാണ് ഈ കുട്ടികളെ പഠിപ്പിക്കുന്നത്. നാരായണഗുരുവിന്റെ പേരു പറഞ്ഞാൽ മതമൗലികവാദപ്രേരിതമായി അന്യരെ ആക്രമിക്കണമെന്നു പറയുമ്പോൾ നാരായണ ഗുരുവിനെ അറിയുന്നവർ, ആരാധിക്കുന്നവർ അദ്ദേഹത്തെ ഇന്നും ഒരു വിശേത്തര പ്രതിഭയാക്കി കണക്കാക്കുന്നവർ വിഷമിക്കുകയില്ലേ? മതമൗലികവാദപ്രേരിതമായി സഹജീവിയെ ആക്രമിക്കാൻ ആഹ്വാനം നൽകുന്നതോടൊപ്പെതന്നെ അവർക്ക് സോഫിസ്റ്റിക്കേറ്റഡ് ആയിട്ടുള്ള ആയുധ സാമഗ്രികൾ ഉപയോഗിക്കുന്നത് ട്രെയിനിംഗ് കൊടുക്കുന്നതിന് തടസ്സം ചെയ്യുന്ന വിധത്തിലുള്ള നിയമനിർമ്മാണം അനിവാര്യമാണ്. ഈ സന്ദർഭത്തിലാണ് ഇവിടെ പോലീസ് ആക്ട് ഭേദഗതി ചെയ്യുന്നത്. ആ പോലീസ് സേനക്ക് ഈ കാര്യത്തിൽ അവബോധമുണ്ടാക്കി മോഡണൈസേഷൻ നടത്തണം. പുതിയ രീതികൾ അഭ്യസിക്കുന്നതിനുള്ള അവസരവും നൽകണം. മറ്റ് പ്രതിലോമകാരികൾ കൊണ്ടുനടക്കുന്ന ആയുധങ്ങളെ വെല്ലുന്നരീതിയിൽ ആയുധസാമഗ്രികളും മോഡണൈസേഷനും നടത്തിയില്ലെങ്കിൽ മാത്രമേ ഈ ആക്ടുകൊണ്ട് പ്രയോജനമുള്ളു. "Justice without force Is Impotent"എന്നു പറയുന്നതിന്റെ അർത്ഥം ആ ഫോഴ്സ് നടപ്പാക്കണമെങ്കിൽ കയ്യും കാലും കൊണ്ട് പോലീസുകാർക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. അത്യാധുനിക ആയുധങ്ങൾ ഉപയോഗിക്കുന്നതിനുള്ള ശേഷിയും അതിനുള്ള ആയുധ സാമഗ്രികളും കമ്മ്യൂണിക്കേഷൻ സിസ്റ്റവും വേണ്ടവണ്ണം നൽകിയെങ്കിൽ മാത്രമേ ഈ നിയമഭേദഗതി കൊണ്ടുദ്ദേശിച്ച ലക്ഷ്യപ്രാപ്തിയിലെത്താൻ കഴിയൂ. അതിനുകൂടി ഗവൺമെന്റ് ശ്രമിക്കണമെന്ന അഭ്യർത്ഥനയോടുകൂടി എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : സർ, വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ് പോലീസ് ആക്ടിൽ കൊണ്ടുവന്നിരിക്കുന്നത്. നിലവിലുള്ള പോലീസ് ആക്ടിൽ ഇതിനൊക്കെ വ്യവസ്ഥയുണ്ടെങ്കിൽ തന്നെയും നമ്മുടെ ക്രിമിനൽ നടപടി ചട്ടങ്ങളും വകുപ്പുകളും ഉണ്ടെങ്കിൽ തന്നെയും വളരെ കർശനമായി നമ്മുടെ സംസ്ഥാനത്തു വളർന്നുവരുന്ന ഭീകരപ്രവർത്തനം തടയാനും അതുപോലെ ശക്തിപ്പെട്ടുവരുന്ന ആക്രമണ പ്രവർത്തനങ്ങളെ നിയന്ത്രിച്ചു നിർത്താനുമൊക്കെ വളരെ സദുദ്ദേശത്തോടുകൂടിയാണ് ഈ ഭേദഗതി പോലീസ് ആക്ടിൽ കൊണ്ടുവന്നിട്ടുള്ളത്. ഇതിനെ സംബന്ധിച്ചു പത്രങ്ങളിൽ ധാരാളം വാർത്തകളും പ്രസ്താവനകളും വന്നു. ആർ.എസ്.എസ്. അതുപോലെ ബി.ജെ.പി. പ്രത്യേകിച്ച് അവരുടെ അഖിലേന്ത്യാ നേതാക്കൾഇതിനെതിരെ പ്രസ്താവനകൾ ഇറക്കിയത് നമ്മൾ വായിച്ചതാണ്. ബി,ജെ.പി. ഒഴിച്ച് മിക്കവാറും എല്ലാപേരും ഇതിനെ അനുകൂലിച്ചുകൊണ്ടാണ് സ്റ്റേറ്റുമെന്റുകൾ ഇറക്കിയിട്ടുള്ളത്. അതിൽനിന്നു മനസ്സിലാക്കേണ്ടത് നമ്മുടെ സംസ്ഥാനത്ത് സമാധാനം നിലനിർത്തണമെന്ന് ആഗ്രഹിക്കുന്നവർ, ക്രമസമാധാനനില തടസ്സപ്പെടരുത് എന്ന് ആഗ്രഹിക്കുന്നവർ ഭീകര പ്രവർത്തനങ്ങളും ആക്രമണ പ്രവർത്തനങ്ങളും വളർന്നുവരുന്നതിന് ഉത്കണ്ഠയുള്ളവരും അത് തടയണം എന്ന് ആഗ്രഹിക്കുന്നവരുമെല്ലാംതന്നെ ഇതിനെ അനുകൂലിച്ചിരിക്കുകയാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വളരെ സമാധാനപരമായ അന്തരീക്ഷം നിലനിൽക്കുന്നത്. എങ്കിലും കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിൽ വളരെ ബോധപൂർവ്വമായി ഭീകരപ്രവർത്തനങ്ങളും ആയുധ പരിശീല

LIBRARY ARCHIVES Kerala Legislative Assembly

നങ്ങളും ആക്രമണ പ്രവർത്തനങ്ങളും വളർത്തിയെടുക്കാനുള്ള ശക്തമായ ശ്രമങ്ങൾ പല കേന്ദ്രങ്ങളിലും നടക്കുന്നുണ്ട്. തൃശ്ശൂരിൽ രണ്ടുവർഷം മുമ്പ് തീവണ്ടിയിൽ ബോംബ് സ്ഫോടനമുണ്ടായി, വളരെ മാരകമായി സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചാണ് തീവണ്ടിയുടെ ബോഗികൾ തകർത്തത്. ഞങ്ങളൊക്കെ ആ സംഭവത്തിൽ പൂർണ്ണ ദൃക്സാക്ഷികളായിരുന്നു. ആ സംഭവം ജനങ്ങളിൽ ഭീതിയും ഭയവും വേദനയും ഉണ്ടാക്കിയെന്ന് ഞങ്ങൾക്ക് ബോധ്യപ്പെട്ടു. നിരപരാധികളായ വളരെ വളരെ സാധുക്കളായിട്ടുള്ള മൂന്നുപേരാണ് മരണപ്പെട്ടത്. ഉപജീവനത്തിനുവേണ്ടി ട്രെയിനിൽ ചായ വിൽക്കുന്ന ഒരാളും കൊലപ്പെട്ടു. ഭീകര പ്രവർത്തനത്തിൽ പരിശീലനം സിദ്ധിച്ചവർ കേരളത്തിലും മറ്റു പല കേന്ദ്രങ്ങളിലും വന്ന് പലരേയും ട്രെയിനിംഗ് ചെയ്യിപ്പിക്കുന്നു. കഴിഞ്ഞ മൂന്നുദിവസത്തിനുമുമ്പ് തൃശ്ശൂർ ടൗൺ റെയിൽവേ സ്റ്റേഷന്റെ മെയിൻ സ്റ്റേഷന് തൊട്ട് അപ്പുറത്തുള്ള പുങ്കുന്നം റെയിൽവെ സ്റ്റേഷൻ എന്റെ വീടിന്റെ അൻപത് മീറ്റർ അപ്പുറത്താണ്. ആ റെയിൽവേസ്റ്റേഷനിൽ നിറയെ യാത്രക്കാർ ഉള്ള ഒരു ട്രെയിൻ പുറപ്പെടുന്നതിനുമുമ്പ് വലിയ തീപിടുത്തം ഉണ്ടായി. സമയത്തിന് അതു കണ്ടുപിടിക്കാൻ കഴിഞ്ഞു. ട്രെയിനിലെ പല കമ്പാർട്ടുമെന്റിലെയും ബാത്തുറുമിനകത്ത് ബോംബുൾപ്പെടെയുള്ള പല രാസവസ്തുക്കളും കൊണ്ടുവച്ചിരിക്കുന്നുവെന്നാണ് പരിശോധിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്. പെട്ടെന്ന് അത് കണ്ടുപിടിക്കാൻ കഴിഞ്ഞതുകൊണ്ട് വലിയൊരു അപകടം ഒഴിവാക്കാൻ കഴിഞ്ഞു. അതിനെക്കുറിച്ച് പല തരത്തിലുള്ള അന്വേഷണങ്ങളും നടക്കുന്നുണ്ട്. കേരളത്തിൽ ഇതുപോലുള്ള സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. പടക്കം പോലുള്ള രാസവസ്തുക്കൾ സൂക്ഷിച്ചിരിക്കുന്ന ഒരു ഗോഡൗൺ പൊട്ടിത്തെറിച്ച് വലിയ ഒരു അപകടം മൂന്നുവർഷം മുമ്പ് തൃശ്ശൂർ പട്ടണത്തിൽതന്നെ ഉണ്ടായി. കേരളത്തിന്റെ പല ഭാഗങ്ങളിലും ഇതുപോലെ ഉണ്ടാകുന്നുണ്ട്. ഭീകരപ്രവർത്തനങ്ങളും അക്രമപ്രവർത്തനങ്ങളും നടത്താനുള്ള ഒരു താവളമാക്കി കേരളത്തെ മാറ്റുന്നുണ്ട്. അത്തരം പ്രവർത്തനങ്ങളെ കർശനമായി തടയാനും എല്ലാതരത്തിലും നിയന്ത്രിക്കാനും ഉദ്ദേശിച്ചുകൊണ്ടുള്ള വളരെ സദുദ്ദേശത്തോടുകൂടിയുള്ള ഒരു നിയമനിർമ്മാണമാണിത്. അതുകൊണ്ടാണ് ജനങ്ങളെല്ലാം ഇതിനെ അനുകൂലിക്കുന്നത്. ആർ.എസ്.എസ്സും ബി.ജെ.പിയും ഇതിനെ എതിർക്കുകയാണ്. അവരുടെ അഖിലേന്ത്യാ നേതാവ് ശ്രീ. വെങ്കയ്യ നായിഡു ഉൾപ്പെടെയുള്ളവർ ഇതിനെപ്പറ്റി പ്രതികരിച്ച് പ്രസ്താവനയിറക്കി. കേരളത്തിൽ ഇതു സംബന്ധിച്ച് അവർ അന്വേഷണം നടത്തുന്നുണ്ട്. ഇതിനെ എതിർത്തുള്ള പ്രമേയങ്ങളും പ്രസ്താവനകളും വന്നുകഴിഞ്ഞു. എന്തിനാണ് അവർ ഇതിനെ ഭയപ്പെടുന്നത്? മാരകായുധങ്ങൾ ഉപയോഗിച്ച് ട്രെയിനിംഗ് കൊടുക്കുകയും. പൊതുസ്ഥലങ്ങളിൽ ഉൾപ്പെടെ ജനങ്ങളിൽ ഭീതിയുളവാക്കുന്ന പരിശീലനങ്ങളും അക്രമണ പ്രവർത്തനങ്ങളും നടത്തുകയും ചെയ്യുന്നു. ഈ ബില്ലിൽതന്നെ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അംഗീകൃതമായി നടത്തുന്ന പരിശീലനപരിപാടികൾ, കായിക പരിശീലനപരിപാടികൾ അത്തരം കാര്യങ്ങൾക്ക് യാതൊരു തടസ്സവും ഏർപ്പെടുത്തിയിട്ടില്ല., മാത്രമല്ല ചില നിയന്ത്രണങ്ങൾ ആവശ്യമാണ്. മുൻകൂട്ടിയുള്ള അനുവാദം പെർമിറ്റുകൾ ലൈസൻസുകൾ എന്നിവ ഉണ്ടാകണം. അതിൽ ഒരു ചെറിയ ഫീസ് ഏർപ്പെടുത്തിയെന്നല്ലാതെ ഒരു തടസ്സവും കേരളത്തിൽ ഉണ്ടാക്കിയിട്ടില്ല. സമാധാനപരമായി കായികവളർച്ചയ്ക്കും മാനസ്സികവളർച്ചയ്ക്കും ഏതു തരത്തിലുള്ള ആയോധന കലകളായാലും കായികാഭ്യാസങ്ങളായാലും സ്പോർട്സ് പരിശീലനങ്ങളായാലും അതിന് യാതൊരു വിധത്തിലുള്ള തടസ്സവുമില്ല. ആ രീതിയിൽ ഞാൻ അതുകൂടി

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇതിനെതിരായി ചില പ്രചരണങ്ങൾ ചില കേന്ദ്രങ്ങളിൽ നടക്കുന്നുണ്ട്. ഈ ബിൽ പാസ്സായാൽ, പോലീസ് ആക്ടിൽ ഇത്തരമൊരു ഭേദഗതി വന്നാൽ കേരളത്തിലുള്ള കായികാഭ്യാസ പരിശീലന പരിപാടികളെ, കളരിപ്പയറ്റ്, ഉൾപ്പെടെയുള്ള ആയോധനകലകൾ, ജിംനാസ്റ്റിക്സ് പരിശീലന പരിപാടികൾ, അത്തരത്തിലുള്ള പലതിനേയും തടസ്സപ്പെടുത്തുന്നതാണ്. ഈ നിയമമെന്ന രീതിയിലുള്ള വ്യാഖ്യാനമുണ്ട്. അങ്ങനെ ചില പത്രങ്ങളൊക്കെ എഴുതി, അതുകൊണ്ടാണ് ഞാൻ ഒന്നുരണ്ടു കാര്യങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. കരാട്ടെ, കളരിപ്പയറ്റ്, യോഗാഭ്യാസം, ജിംനാസ്റ്റിക്സ് ഇതൊക്കെ നമ്മുടെ ജീവിതത്തിന്റെ ഭാഗമായി വരികയാണ്.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. ഇസ്ഹാക് കുരിക്കൾ]

ഇന്റർനാഷണൽ ഒളിംപിക് അസോസിയേഷനും സ്പോർട്സ് കൗൺസിലുമൊക്കെ അംഗീകരിച്ചിട്ടുള്ള നിയമവിധേയമായി പ്രവർത്തിക്കുന്ന ഒരുപാട് സംഘടനകളുണ്ട്. നമ്മുടെ സ്റ്റേറ്റിൽ അവരൊക്കെ നല്ലപരിശീലന കേന്ദ്രങ്ങൾ നടത്തുന്നുണ്ട്. ഞാൻ ഒരു റിപ്പോർട്ടിൽ വായിച്ചത് ജിംനാസ്റ്റിക് പരിശീലന പരിപാടികൾ നടത്തുന്ന ഏതാണ്ട് ആയിരത്തിലേറെ ക്ലബുകൾ കേരളത്തിൽ ഇന്ന് പ്രവർത്തിക്കുന്നുണ്ടെന്നാണ്. എല്ലാവിധ അംഗീകാരത്തിനും വിധേയമായി പൊതുസ്ഥലങ്ങളിൽ അവരുടെ ക്ലബുകൾ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരികയാണ്. കൊച്ചുകുട്ടികൾക്കുള്ള ട്രെയിനിംഗ് യോഗയിലുള്ള പരിശീലനം കരാട്ടെ പരിശീലനപരിപാടികൾ ജിംനാസ്റ്റിക് പരിശീലന പരിപാടികൾ കളരിപ്പയറ്റ് ഇതൊക്കെ നമ്മുടെ ആരോഗ്യത്തിനും വളർച്ചയ്ക്കും ഉതകുന്നതാണ്. സ്പോർട്സ് മാത്രമല്ല, മനുഷ്യന്റെ മാനസികവും ശാരീരികവുമായ വളർച്ചയെക്കൂടി ഉദ്ദേശിച്ചുകൊണ്ട് നടത്തുന്ന ധാരാളം പരിപാടികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. മഹാത്മാഗാന്ധി പോലും സ്വന്തം ജീവിതത്തിൽ കായികപരിശീലനത്തിന് വളരെ പ്രാധാന്യം നൽകിയിരുന്നു. ദിവസവും കായികപരിശീലനം വേണം. ഇപ്പോൾ നടക്കുന്നത് എന്താണ്? അമ്പലമുറ്റങ്ങളിൽ മറ്റുള്ളവർക്ക് പ്രവേശിക്കാൻ കഴിയുമോ? അവിടെ കൊടി വച്ച് ദണ്ഡ് കുത്തി ആയുധങ്ങൾ പരസ്യമായി വച്ച് മറ്റാർക്കും ക്ഷേത്രങ്ങളിൽ പ്രവേശിക്കാൻ കഴിയാത്ത വിധത്തിൽ ദിവസവും ട്രെയിനിംഗാണ്. ആർക്കും ഒരു നിയന്ത്രണവുമില്ല. ആർക്കും ഒന്നും പറയാനും കഴിയില്ല. ആരെങ്കിലും ഇതു സംബന്ധിച്ച് ചോദ്യം ചെയ്താൽ അഭ്യാസമറിയുന്ന എല്ലാവിധ ട്രെയിനിംഗും ലഭിച്ച കുറെ വോളണ്ടീയർമാരെ പുറത്തുനിന്നും കൊണ്ടുവന്ന് വീടുകൾ കയ്യേറുക ആൾക്കാരെ ആക്രമിക്കുക ദേഹോപദ്രവമേൽപ്പിക്കുക ഈ രീതിയിലുള്ള പ്രവർത്തനമല്ലേ പലയിടങ്ങളിലും നടക്കുന്നത്. അതിനെയാണ് എതിർക്കേണ്ടതും എതിർക്കുന്നതും പൊതുസ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് പല ആവശ്യങ്ങൾക്കും ഉപയോഗിക്കേണ്ട സ്ഥലങ്ങളിൽ ഒരു കൂട്ടം ആൾക്കാർ വന്ന് കൊടികുത്തി ആയുധവും ദണ്ഡും കുത്തിവച്ച് അത് ഞങ്ങളുടെ പരിശീലനകേന്ദ്രങ്ങളാണെന്നു പറഞ്ഞുകൊണ്ട് പരിചയും വാളും കുന്തവും കുറുവടിയുമായി ആയുധ പരിശീലനം നടത്തുക ആൾക്കാരെ പീഡിപ്പിക്കുക അതിനെ ചോദ്യം ചെയ്താൽ അവരെ നേരിടുകയാണ്. അത് അനുവദിക്കാൻ പറ്റില്ല. ആർ.എസ്.എസ്. സംഘപരിവാറുമായി ബന്ധപ്പെട്ട സംഘടനകൾ ഏത് അറ്റം വരെ പോകുന്നു എന്ന് ഈ സഭയിൽ പലതവണ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. പല തവണ ഇവിടെ ചർച്ചചെയ്തിട്ടുള്ളതാണ്. ബി.ജെ.പി.യുടെ പ്രവർത്തനങ്ങളെക്കുറി

LIBRARY ARCHIVES Kerala Legislative Assembly

ച്ചൊക്കെ ചർച്ച ചെയ്തതല്ലേ? ഏറ്റവും അവസാനമായി വന്ന വാട്ടർ സിനിമയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദും ശ്രീ. പി. ഗോവിന്ദപിള്ള ഉൾപ്പെടെയുള്ളവരും പങ്കെടുത്ത മീറ്റിംഗിൽ പരസ്യമായി വന്നതല്ലേ? ആ ഭീകരപ്രവർത്തനവും കയ്യേറ്റങ്ങളും ജനങ്ങളെ പേടിപ്പിക്കുകയാണ്. അത്തരം ഭീകര പ്രവർത്തനങ്ങൾ നടത്തുന്നവർ ആരായാലും ഏതു സംഘടനയായാലും അവരെയാണ് എതിർക്കുന്നത്. നിത്യജീവിതവുമായി ബന്ധപ്പെട്ട ഏതെങ്കിലും പരശീലനങ്ങളോ സ്പേർട്ട്സുമായി ബന്ധപ്പെട്ട കായിക പരിശീലന പരിപാടികളോ അതിനെയൊന്നും എതിർക്കേണ്ട കാര്യമില്ല. അതിന് ഒരു തടസ്സവും ഏർപ്പെടുത്തിയിട്ടുമില്ല. ചില നിയന്ത്രണങ്ങൾ വേണമെന്നുള്ളതു കൊണ്ട്തന്നെ അതിനുള്ള പെർമിറ്റും ലൈസൻസും എടുക്കണം. പരാതി കിട്ടിയാൽ പരിശോധിക്കണമെന്നു പറഞ്ഞാൽ എന്താണ് തെറ്റ്? നിയമത്തിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുള്ളതല്ലേ? ഒരു സബ് ഇൻസ്പെക്ടർ, അതിൽ എനിക്ക് അഭിപ്രായവ്യത്യാസമുണ്ട്. ഒരു സബ് ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥൻ പെർമിറ്റ് കൊടുത്ത് ട്രെയിനിംഗ് നടത്തുന്ന സ്ഥലം പരിശോധിച്ചാൽ കുറച്ച് ബുദ്ധിമുട്ടുണ്ടാകും. നിയമാനുസൃതമായി പെർമിറ്റ് ഇഷ്യൂ ചെയ്താൽ ലൈസൻസ് എടുത്തു കഴിഞ്ഞാൽ പരിശോധിക്കാൻ സബ്ഇൻസ്പെക്ടർ പോരാ. എന്നാൽ ഡിസ്ട്രിക് ഹെഡ്ക്വാർട്ടേഴ്സിൽ പ്രവർത്തിക്കുന്ന ഒരു ഉന്നത പോലീസ് ഉദ്യോഗസ്ഥന്റെ റാങ്കിലുള്ള ഒരാളെ പരിശോധന ഏല്പിക്കുന്നതാണ് നല്ലത്. ഇതു മറ്റു രീതിയിൽ വ്യാഖ്യാനിക്കാൻ ഇടവരരുത്. അങ്ങനെ വ്യാഖ്യാനിക്കപ്പെടാൻ ഇട വന്നാൽ കേരളത്തിൽ ഒരുപാട് ബുദ്ധിമുട്ടുകൾക്ക് ഇടവരും. സ്കൂളുകൾ കോളേജുകൾ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സ്ഥാപനങ്ങൾ സ്പോർട്സ് കൗൺസിലുകളിൽ അഫിലിയേറ്റ് ചെയ്തത് ബ്ലസ് എന്നിവയെക്കുറിച്ചെല്ലാം ഇതിനകത്ത് പറയുന്നുണ്ട്. അതു അടിവരയിട്ടു പറയണം. അതിനൊരു ഉറപ്പു വരുത്തണം. കാരണം ഇന്ന് കേരളത്തിൽ സർവകലാശാലയുമായി ബന്ധപ്പെട്ട് സ്കൂൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കൗൺസിലുകൾക്ക് അല്ലെങ്കിൽ സ്പോർട്സ് സംഘടനകൾക്ക് പരിശീലനം നടത്താൻ രജിസ്ട്രേഷൻ വേണം എന്നു ഇൻസിസ്റ്റു ചെയ്യണം. സ്പോർട്സ് ബില്ലിൽ അതു പറയുന്നുണ്ട്. ഇവിടെ അംഗീകാരമില്ലാത്ത യാതൊരുനിയന്ത്രണവുമില്ലാത്ത കുറെ പോക്കറ്റ് സംഘടനകളും സ്പോർട്സ് ഓർഗനൈസേഷനുകളും സ്പോർട്സ് കൗൺസിലിൽ കയറിപ്പറ്റാനായി ശ്രമിക്കുന്നുണ്ട്. അതിലൂടെ അധികാരസ്ഥാനങ്ങൾ പിടിച്ചുപറ്റാൻ വേണ്ടി പോക്കറ്റ് സംഘടനകളുമായി കുറെ ആൾക്കാർ നടക്കുന്നുണ്ട്. അംഗീകാരവും നിയന്ത്രണവുമില്ലാതെ ധാരാളം സംഘടനകളുണ്ട്. അവയെ നിയന്ത്രിക്കണം. നിയമവിധേയമല്ലാത്ത സംഘടനകളെ നിയന്ത്രിക്കാൻ സ്പോർട്സ് ബില്ലിൽ വ്യവസ്ഥയുണ്ട്. സ്പോർട്സ് കൗൺസിലുകളും യൂണിവേഴ്സിറ്റിയും അംഗീകരിച്ച ട്രെയിനിംഗും കായിക പരിശീലനവും തടസ്സപ്പെടുത്താൻ പാടില്ല. അതിന് തടസ്സമില്ലാത്ത രീതിയിൽ ഉറപ്പുവരുത്തണം. നിയമം പാസ്സാക്കിക്കഴിഞ്ഞ് നാളെ കളരിപ്പയറ്റു നടക്കുന്ന സ്ഥലങ്ങളിൽ പോയി, കളരിപ്പയറ്റ് എന്നുപറയുമ്പോൾ അവിടെ വാളും ആയുധങ്ങളുമൊക്കെയുണ്ടാകും. കളരിപ്പയറ്റു പഠിപ്പിക്കുന്നതിനുള്ള ചില പഴയകാല ആയുധമുറകൾ കാണും. വടക്കൻ കേരളത്തിൽ വളരെ പ്രസിദ്ധമായതാണ് കളരിപ്പയറ്റ്. ഏറ്റവും നല്ല ഒരു കായികാഭ്യാസ പരിപാടിയാണ്. അങ്ങനെ കളരിപ്പയറ്റ് നടക്കുന്ന സ്ഥലത്തു പോയി തടസ്സപ്പെടുത്താൻ ഇടവരാൻ പാടില്ല. നിയമവിധേയമായിട്ടുള്ളതിനെപ്പറ്റിയാണ് ഞാൻ പറയുന്നത്. ജിംനാസ്റ്റിക് ക്ലബ്ബുകൾ ഒരുപാടുണ്ട്. ബോഡി

LIBRARY ARCHIVES Kerala Legislative Assembly

ബിൽഡിംഗ് നല്ല ആരോഗ്യമുള്ള ശരീരമാക്കി മാറ്റാൻ കഴിയുന്ന തരത്തിലുള്ള പരിശീലനങ്ങളുള്ള അംഗീകാരമുള്ള ധാരാളം ക്ലബുകൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. അത്തരം ക്ലബ്ബുകളിലെ പരിശീലനത്തിന് ഇതു തടസ്സമാകാൻ പാടില്ല. അതുപോലെ അംഗീകൃത സ്പോർട്സ് സംഘടനകൾ, ജിംനേഷ്യം ക്ലബുകൾ, കരാട്ടെ ക്ലബുകൾ എന്നിവ നടത്തുന്ന പരിശീലന പരിപാടികൾ ഫ്രീസ്റ്റൈൽ, റെസലിംഗ്, ബോഡി ബിൽഡിംഗ്, പവർ ലിഫ്റ്റിംഗ്- അവിടെയൊക്കെ ചെന്നു കഴിഞ്ഞാൽ ആരോഗ്യമുള്ള ചെറുപ്പക്കാർ അവർ മറ്റുള്ളവരെ ആക്രമിക്കാനോ ഏതെങ്കിലും ഭീകരപ്രവർത്തനത്തിലോ അല്ല ചെറുപ്പം തൊട്ടേ കുട്ടികളെ അങ്ങനെ പരിശീലനം കൊടുത്ത് നല്ല ആരോഗ്യമുള്ള തലമുറയായി വളർത്തിയെടുക്കുന്നതിനുവേണ്ടിയാണ് ജൂഡോ പരിശീലന കേന്ദ്രങ്ങൾ ഇന്ന് സംസ്ഥാനത്ത് പലയിടത്തുമുണ്ട്.

കരാട്ടെ പരിശീലന കേന്ദ്രങ്ങളിൽ പോയാൽ വലിയ ശബ്ദമായിരിക്കും. കേട്ടാൽ പെട്ടെന്നു പേടി തോന്നും. കരാട്ടെ ക്ലബുകൾ പെർമിറ്റ് എടുത്ത് സ്കൂളുകൾ നടത്തുന്നുണ്ട്. ചെറിയ കുട്ടികൾ ഉൾപ്പെടെ അൻപതും എഴുപത്തഞ്ചും നൂറും കുട്ടികളുണ്ട്. നാനൂറും അഞ്ഞൂറും പേരുള്ള ക്ലബുകളുമുണ്ട്. എന്റെ വീട്ടിന്റെ തൊട്ടടുത്തുള്ള സ്കൂളിൽ നൂറ്റിയൻപതു കുട്ടികൾ കരാട്ടെ അഭ്യസിക്കുന്നുണ്ട്. ആഴ്ചയിൽ രണ്ടു ദിവസം വൈകുന്നേരങ്ങളിൽ അവിടെ വലിയ ശബ്ദമാണ്. കരാട്ടെയുടെ മാഷ്മാർ വന്ന് കുട്ടികൾക്ക് പരിശീലനം കൊടുക്കുമ്പോൾ വലിയ ശബ്ദമാണ്. കേൾക്കുമ്പോൾ വലിയ അപകടമാണോ എന്നു തോന്നും. അങ്ങനെ നല്ല രീതിയിൽ നടക്കുന്ന പരിശീലന പരിപാടികൾക്ക് ഇതു ഒരു തടസ്സമാകാൻ പാടില്ല. ഫിസിക്കൽ എക്സർസൈസ് എന്നുപറഞ്ഞാൽ എല്ലാവർക്കും ആവശ്യമാണ്. ശ്രീ. ആര്യാടൻ മുഹമ്മദും ബഹുമാനപ്പെട്ട സ്പീക്കറും രാവിലെ അഞ്ചു മണിക്ക് എഴുന്നേറ്റ് മ്യൂസിയം കോമ്പൗണ്ടിൽ നടക്കാറുണ്ട്. ഈ അസംബ്ലിമന്ദിത്തിനു ചുറ്റും നടക്കാറുണ്ട്. 1കിലോമീറ്ററിൽ, അഞ്ച് കിലോമീറ്റർ ഒക്കെ ദിവസവും നടക്കാറുണ്ട്. അതു ശരീരത്തിന്റെ ആരോഗ്യത്തിനു നല്ലതാണ്. പല വിഷമതകളും ഒഴിവാക്കാൻ ആവശ്യമാണ്. ദിവസവും നടക്കണം. ചില എക്സർസൈസുകൾ ചെയ്യണം. അതിനുള്ള സൗകര്യങ്ങൾ നമ്മുടെ സ്റ്റേറ്റിൽ ഇല്ലെന്നുള്ളതാണ് വസ്തുത. പലരും ചോദിക്കുന്നത് ഇവിടെ നടക്കാൻ സ്ഥലമുണ്ടോയെന്നാണ് പുലർച്ചെ നടക്കാൻ ബസ്, പട്ടിശല്യം, പട്ടി കടിച്ചാൽ പിന്നാലെ ഇഞ്ചക്ഷനെടുക്കണം. അങ്ങനെ നൂറായിരം പ്രശ്നങ്ങളുണ്ട്. ഇവിടെ നടക്കാൻ നമുക്ക് പ്രത്യേക സ്ഥലവുമില്ല. മ്യൂസിയം കോമ്പൗണ്ടിൽ നടക്കണം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, രാവിലെ നടക്കാൻ പോയാൽ പട്ടിശല്യമാണ്. ഈ കോമ്പൗണ്ടിൽപോലും പട്ടി ശല്യമുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞാൻ അത് അനുഭവിച്ചതുകൊണ്ടാണ് പറഞ്ഞത്. പലരും രാവിലെ നടക്കാൻ ഭയപ്പെടുന്നുണ്ട്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, പട്ടിയെ വളരെ ചെറുതായി കാണരുത്. ഇന്നത്തെ പത്രത്തിൽ തലശ്ശേരിയിൽ ഒരു കുട്ടിയെ..... അതു മുഖ്യമന്ത്രിയുടെ കോൺസ്റ്റിറ്റ്യുവൻസിയിൽപ്പോലും ബാക്കിയുള്ളിടത്ത് എന്തായിരിക്കും സ്ഥിതി?

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : സർ, പട്ടി ആരുടെ കോൺസ്റ്റിറ്റ്യൂൻസി എന്നു നോക്കിയല്ല വരുന്നത്. പട്ടി മണ്ഡലം നോക്കുന്നില്ല. ശ്രീ. കെ.പി.പി. നമ്പ്യാർ കലാകൗമുദിയിൽ എഴുതിയ ലേഖനം വായിച്ചു. ഇന്റർനാഷണലായ

LIBRARY ARCHIVES Kerala Legislative Assembly

പല സ്ഥലങ്ങളെക്കുറിച്ചും ഇതിലുണ്ട്. വളരെ ശ്രദ്ധേയമായ ലേഖനമാണ്. പ്രധാനപ്പെട്ട പല നഗരങ്ങളിലും നടക്കാൻ സ്ഥലമുണ്ട്. ഇവിടെ കെട്ടിടങ്ങളും മറ്റുമുയർന്നുകൊണ്ട് സൗകര്യം കുറഞ്ഞു. മറ്റു പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പത്തും ഇരുപതും മൂന്നൂറും പേർക്ക് ഒരു മണിക്കൂറോ അര മണിക്കൂറോ ഒക്കെ നടക്കാനുള്ള തുറസ്സായ നല്ല ശുദ്ധവായു കിട്ടുന്ന സൗകര്യപ്രദമായ സ്ഥലങ്ങളുണ്ട്. നമ്മുടെ പട്ടണങ്ങളിൽ അതിനുള്ള സൗകര്യമില്ല. പല ഗ്രാമ പഞ്ചായത്തിലും ജനകീയാസൂത്രണ പദ്ധതിയിൽ ഈ ആവശ്യം ഉൾപ്പെടുത്തണമെന്ന് ഞങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. നല്ല ശുദ്ധവായു കിട്ടുന്ന കുറച്ച് സ്ഥലം നടക്കാൻ വേണ്ടി കിട്ടണം. ആ തരത്തിലുള്ള പദ്ധതികൾക്ക് തടസ്സമുണ്ടാകാൻ പാടില്ലാത്ത വിധം ഉറപ്പുണ്ടാകണം. ഈ നിയമത്തിൽ പ്രധാനമായും ഉദ്ദേശിച്ചിരിക്കുന്നത് ഭീകര പ്രവർത്തനങ്ങൾക്കും അക്രമപ്രവർത്തനങ്ങൾക്കും ട്രെയിനിംഗ് കൊടുക്കുന്നവരെ തടയണമെന്നാണ്.

[12 Noon] ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, പോലീസ് ഭേദഗതി ബിൽ കൊണ്ട് നമ്മുടെ കായിക പരിശീലനത്തിന്റെ മറവിൽ നടക്കുന്ന ഈ തീവ്രവാദപ്രവർത്തനമാണല്ലോ അങ്ങ് ഉദ്ദേശിക്കുന്നത്. പക്ഷേ ഇത് ഫലപ്രദമായി തടയണമെങ്കിൽ നമ്മുടെ ഇന്റലിജൻസ് വിഭാഗവും സ്പെഷ്യൽ ബ്രാഞ്ചുമൊക്കെ സത്യസന്ധമായി പ്രവർത്തിക്കണം. നിയമം ഉണ്ടാക്കിയത് കൊണ്ട് കാര്യമില്ല. പല കമ്മിഷൻ റിപ്പോർട്ടിലും ഇത് നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥന്മാർ ഇതിന് മുൻപന്തിയിൽ നിന്ന് പ്രവർത്തിക്കുന്നില്ല എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? നിയമം നടത്തേണ്ട പോലീസും, അതുപോലെയുള്ള ആളുകളുമാണ് ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടത്.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, വളരെ ശരിയാണ്. നിയമം നടപ്പിലാക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് അങ്ങ് പറഞ്ഞത്. പോലീസിലൊക്കെ ധാരാളം ക്രിമിനൽസുണ്ട്. അതൊക്കെ രാഷ്ട്രീയമായിട്ടൊന്നും ഞാൻ പറയുന്നില്ല. ഒരുപാട് ക്രിമിനൽ സംഘടനകളുമായി പോലീസിന് ബന്ധമുണ്ട്. ഈ നഗരത്തിൽ വളർന്നുവരുന്ന മാഫിയാ സംഘങ്ങൾക്കും കൂലിത്തല്ലുകാർക്കും പോലീസുമായുള്ള ബന്ധം നിയന്ത്രിക്കാൻ സംവിധാനം ആവശ്യമാണ്. തൊഴിൽരഹിതരായ ചെറുപ്പക്കാരാണ് കൂലിത്തല്ലിന് പോകുന്നത്. റേറ്റ് ഫിക്സ് ചെയ്തതാണ് ഇവർ പോകുന്നത്. ഒന്നും നോക്കുന്നില്ല. അവർ ആളെ ചൂണ്ടിക്കാണിച്ചുകൊടുക്കുന്നത് തെറ്റിയാൽ ആ ആളുടെ കഥ കഴിഞ്ഞുതന്നെ. അങ്ങനെയുള്ള സംഭവങ്ങൾ എത്രയോ നടക്കുന്നുണ്ട്. മാഫിയാ സംഘങ്ങൾ, കൂലിത്തല്ലുകാർ, ടൗണുകളിൽ വളർന്നുവരുന്ന ക്രിമിനൽസ് അതിലൊക്കെ പോലീസിന് പങ്ക് ഉണ്ടോയെന്ന് ചോദിച്ചാൽ ഉണ്ട്. പല ആനുകൂല്യങ്ങളും ഉള്ളതല്ലേ. അത് നിയന്ത്രിക്കാൻ കഴിയുന്ന ഒരു കുറ്റമറ്റ സംവിധാനം ഉണ്ടാക്കണം. ഞാൻ വളരെ പ്രധാനപ്പെട്ട ഒരു കാര്യം കൂടി സൂചിപ്പിക്കുകയാണ്. ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തപ്രകാരം ഒരു സംഘടന ലൈസൻസ് എടുത്തുകഴിഞ്ഞാൽ അതിന്റെ മറവിൽ ഭീകരപ്രവർത്തനത്തിന് പരിശീലനം കൊടുക്കുന്ന സ്ഥിതി ഉണ്ടാകരുത്. അതുകൊണ്ട് ഒരു പരാതി കിട്ടിയാൽ അന്വേഷിക്കുക എന്നതിലുപരി ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങൾ ഒരു ഉയർന്ന ജില്ലാതല പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ പതിവു പരിഗണനയ്ക്ക് വിധേയമാക്കാനുള്ള വ്യവസ്ഥകൂടി ആ ബില്ലിൽ ചേർക്കണം. അത് നല്ല കാര്യം. ആ കാര്യങ്ങൾ വളരെ സേഫ് ആയി ചെയ്തിട്ടുണ്ട്. ആവശ്യമായ നടപടികളും ഉണ്ട്. ഞാൻ പറയുന്നത് ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ലൈസൻസ് ഉള്ളവരാണ്, പെർമിറ്റ് കിട്ടിയവരാണ്. ആ മറവിൽ മറ്റു പല പ്രവർത്തനങ്ങൾക്കുമുള്ള അവസരം ഉണ്ടാക്കാൻ പാടില്ല, എന്നത് വളരെ പ്രധാനമാണ് എന്നതുകൊണ്ട് ഇതിന്റെ പരിശോധനയും വളരെ പ്രധാന മാണ്. പരാതികിട്ടിയിട്ട് വേണമെന്നില്ല. റൂട്ടീൻ പരിശോധന ആവശ്യമാണ്. അത് ഒരു സബ്-ഇൻസ്പെക്ടറുടെ കീഴിൽ പോരാ, ഉയർന്ന ജില്ലാതലത്തി ലുള്ള ഒരു പോലീസ് ഓഫീസറുടെ ചുമതലയിൽ ആയിരിക്കണം. എന്തുകൊ ണ്ടാണ് ഇത്തരം ഒരു സ്ഥിതി നമ്മുടെ നാട്ടിൽ വളർന്നുവരുന്നത്? ശ്രീ. അനിരുദ്ധൻ പറഞ്ഞതുപോലെ ഏത് രീതിയിലുള്ള അക്രമങ്ങൾ ആയാലും, കൊലപാതകങ്ങളായാലും, ഭീകരപ്രവർത്തനങ്ങളായാലും ജനങ്ങൾക്ക് ഭീതി യുണ്ടാകുന്ന പ്രവർത്തനങ്ങളൊക്കെ തടയേണ്ടതും എതിർക്കേണ്ടതുമാണ്. അത് വന്നുവന്ന് എവിടെയാണ് നിൽക്കുന്നത്? എന്തും ചെയ്യാം. അതല്ലേ ആർ. എസ്. എസ്. ഉം, ബി.ജെ.പി.യും, സംഘപരിവാറും ഇപ്പോൾ നടപ്പാക്കി ക്കൊണ്ടിരിക്കുന്നത്. എന്തും ചെയ്യാം, ആരും ചോദിക്കാനില്ല. അതിനെ സംബന്ധിച്ചും ചില വാർത്തകൾ വടക്കേ ഇൻഡ്യയിലൊക്കെ വന്നത് എന്താണ്; നേരത്തെ ശ്രീ. വിശ്വൻ മാഷ് സൂചിപ്പിച്ചു, ഏറ്റവും വലിയ ക്രിമി നൽ, ഏറ്റവും കൂടുതൽ കൊലപാതകക്കേസുകളിൽ പ്രതി ഏറ്റവും വലിയ കവർച്ചകേസുകളിൽ പ്രതി, ഭീകരസംഘങ്ങളെകൊണ്ട് നടക്കുന്നവർ, തെര ഞ്ഞെടുപ്പ് ബൂത്ത് ക്യാപ്ച്ചർ ചെയ്യലും, അവിടെ കൊലപാതകങ്ങൾ നടത്തി യാൽ അല്ലെങ്കിൽ പോളിംഗ് സ്റ്റേഷൻ ആക്രമിച്ചാലും അങ്ങനെയുള്ള പ്രമാ ണിമാർക്ക് രാഷ്ട്രീയത്തിൽ പ്രവേശിയ്ക്കാനും എം.എൽ.എ-മാരും, എം.പി. മാരുമാകാം അങ്ങനെ അവർക്ക് വെള്ളപൂശി പുതിയ പരിവേഷം കൊടുക്കാൻ ശ്രമിക്കുന്ന ഏത് രാഷ്ട്രീയ പാർട്ടിയേയും എതിർക്കേണ്ടതല്ലേ? എത്ര ലജ്ജാ കരമായ വാർത്തയാണ് ഇപ്പോൾ ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വന്നത്. കുറ്റകൃത്യങ്ങളിൽ പ്രതികളായിട്ടുള്ളവരും ദീർഘകാലം ജയിൽവാസം അനുഭവിച്ചവരും, ഇപ്പോഴും ഗുണ്ടാസംഘങ്ങളെ കൊണ്ടുനട ക്കുന്ന മാഫിയാ സംഘങ്ങളുടെ തലവന്മാരും പാർലമെന്റിലും, നിയമസഭ യിലും ഇരിക്കുന്നു എന്ന് പറയുന്നത് നമ്മുടെ രാഷ്ട്രീയ പാർട്ടികൾക്കൊക്കെ എത്ര ലജ്ജാകരമായ ഒരു കാര്യമാണ്.

ശ്രീ. പി. വിശ്വൻ : സർ, ഗാന്ധിജിയെ കൊന്നവരെവരെ ന്യായീകരി ച്ചാൽ അതിന് പിൻതുണ കിട്ടും എന്നുള്ള രീതിയിൽ ഈ കഴിഞ്ഞ ഫെബ്രു വരി 21-ന് ഗോഡ്സേയുമായി നടത്തിയ ഇന്റർവ്യൂവിൽ, വളരെ ക്രൂരമായി ആ മനുഷ്യൻ പറയുകയാണ്, Why did you want to kill Gandhi? Gandhi was a Hippocrat, കുപ്രസിദ്ധമായ ഒരു ഇന്റർവ്യൂ ആണ്. അതിന് വരെ അംഗീകാരം കൊടുക്കത്തക്ക രീതിയിലുള്ള ചലനങ്ങൾ ഈ സമൂഹത്തിൽ നടക്കുന്നത് ക്രിമിനലൈസേഷനുള്ള അംഗീകാരത്തിന്റെ ഭാഗമാണ് എന്ന് അങ്ങേക്കറി യാമോ?

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, വിശ്വൻ മാഷ് പറഞ്ഞത് ഒന്നുകൂടി തറപ്പിച്ച് പറയാം. രാഷ്ട്രീയ പാർട്ടി, രാഷ്ട്രീയ പ്രവർത്തനം, പൊതു പ്രവർത്തനം, സാമൂഹ്യ പ്രവർത്തനം എന്നൊക്കെ പറഞ്ഞാൽ അതിനൊരു കൺസെപ്ട് ഉണ്ട്. ക്രിമിനലുകൾ ബൂത്ത് ക്യാപ്ച്ചർ ചെയ്യുന്നു. കേരളത്തിൽ അങ്ങനെ ഒരു സ്ഥിതി വന്നാൽ എന്തായിരിക്കും 2000? ജനങ്ങൾക്ക് ഭീതി കൂടാതെ ജനാധിപത്യപരമായ അവകാശം സ്വതന്ത്രമായി നിർവ്വഹിക്കാൻ കഴി യുമോ? ആയുധങ്ങളെയും ഗുണ്ടാപടകളെയും നിയന്ത്രിക്കുന്ന അവസ്ഥ ഉണ്ടായില്ലെങ്കിൽ പിന്നെ ജനാധിപത്യത്തിന് എന്തുഉള്ളത് വിലയും അർത്ഥ

LIBRARY ARCHIVES Kerala Legislative Assembly

വുമാണ്. ഇപ്പോൾ ബീഹാറിലും മറ്റു സ്റ്റേറ്റുകളിലുമൊക്കെ നടക്കുന്നത് അതല്ലേ?

ശ്രീ. തമ്പാനൂർ രവി : സർ, കണ്ണൂർ.....

ശ്രീ. കെ.പി. രാജേന്ദ്രൻ : നിങ്ങൾക്കെല്ലാം ഏറ്റവും വലിയ അപകടം അതാണ്. ഉടനെ കണ്ണൂരെന്ന് പറഞ്ഞു. എന്താ ശ്രീ. രവി, ബീഹാറിലും, മണിപ്പൂരിലും, ആസ്സാമിലുമൊക്കെ ഇന്ന് പത്രത്തിലുണ്ടല്ലോ, ഒരു മന്ത്രി അംഗരക്ഷകനുമായി പോകുമ്പോൾ.....

ശ്രീ. തമ്പാനൂർ രവി : സർ, അങ്ങ് പറയുന്നത് ഈ ആയുധ പരിശീലനം തെറ്റാണ് എന്നാണ്. എന്റെ ചോദ്യം പ്രബുദ്ധമായ കേരളത്തിൽപോലും തെരഞ്ഞെടുപ്പിൽ ചില രാഷ്ട്രീയ പാർട്ടികൾ ബൂത്തുകൾ കയ്യേറുന്നുണ്ട്. അത് അങ്ങ് ന്യായീകരിക്കുന്നുണ്ടോ?

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, കണ്ണൂർ, കാസർകോട് ജില്ലയുമായി ബന്ധപ്പെട്ട മണ്ഡലമാണ് കാസർകോട് പാർലമെന്റ് മണ്ഡലം. ആ മണ്ഡലത്തിൽ ഇലക്ഷൻ കമ്മീഷൻ ആദ്യമായി റീ-പോളിംഗ് പ്രഖ്യാപിച്ച രണ്ട് ബൂത്തുകൾ ഒന്ന് രാമന്തളിയും മറ്റൊന്ന് ചങ്ങളായിയുമാണ്. ഈ രണ്ടു ബൂത്തുകളും യു.ഡി.എഫ്. കയ്യേറിയതുകൊണ്ടാണ് റീ-പോളിംഗ് നടന്നത് എന്ന് ബഹുമാനപ്പെട്ട മെമ്പർക്കറിയുമോ?

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, ഇതൊക്കെ പത്രങ്ങളിൽ വന്നു, ഇതൊക്കെ നാട്ടുകാർക്കറിയാം, എവിടെയാണ് ആദ്യം ഇത് തുടങ്ങിയതെന്ന്, ഞാൻ പറഞ്ഞത് ബീഹാറിലും, ഉത്തർപ്രദേശിലും അതുപോലെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലുമുള്ള മാഫിയാ ക്രിമിനൽ-രാഷ്ട്രീയ, കൂട്ട്കെട്ട് ഇതുമായി ചിത്രീകരിച്ചാൽ ഖേദകരമാണെന്നാണ് ശ്രീ. പാലോട് രവിയോടും, ശ്രീ. തമ്പാനൂർ രവിയോടുമൊക്കെ പറയാനുള്ളത്. കണ്ണൂരിൽ ആയാലും കേരളത്തിൽ ആയാലും നമുക്ക് സമാധാനപരമായി രാഷ്ട്രീയ പ്രവർത്തനവും, പൊതുപ്രവർത്തനവും നടത്താൻ കഴിയണം. ഈ നിയമം കൊണ്ട് ഉദ്ദേശിക്കുന്നത് അതാണ്. ഇവിടെ സമാധാനപരമായി രാഷ്ട്രീയ പ്രവർത്തനവും പൊതു പ്രവർത്തനവും, കായിക പരിശീലന പരിപാടികളും, ആവശ്യമായ ട്രെയിനിംഗുമൊക്കെ നടത്താൻ നിയമപരമായ സംരക്ഷണം വേണം. അത് ഈ ബില്ലിൽ ഉറപ്പു വരുത്തണം.

ശ്രീ. എ. കണാരൻ : ബൂത്ത് കയ്യേറൽ ട്രെയിനിംഗ് ആണോ ഇത്? ആയുധ പരിശീലനം ഈ രാജ്യത്തെ ജനങ്ങളെ കൊലചെയ്യുന്ന ട്രെയിനിംഗിന് എതിരായിട്ടുള്ളതാണോ?

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, ആയുധ പരിശീലനം കൊല ചെയ്യാനുള്ളതാണ്. ആയുധ കച്ചവടക്കാർക്ക് ആയുധങ്ങൾ വിറ്റഴിക്കപ്പെടണം. കേരളത്തിൽ സമാധാനപരമായി പൊതു പ്രവർത്തനവും, രാഷ്ട്രീയ പ്രവർത്തനവും, സാമൂഹ്യ പ്രവർത്തനവും, വിദ്യാഭ്യാസവും, സാംസ്ക്കാരിക പ്രവർത്തനവും നടത്താൻ കഴിയണം. അതിന് ഉറപ്പ് വരുത്തണം. സദുദ്ദേശത്തോടുകൂടിയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ഭീകരവാദത്തേയും അക്രമപ്രവർത്തനങ്ങളേയും അടിച്ചമർത്തേണ്ടതാണ്. ശ്രീ. നാരായണഗുരുവിന്റെ മഹത്തായ സന്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ട് പോകുന്ന ഈ സംസ്ഥാനത്ത് അതിന് അവസരം ഉണ്ടാക്കുന്നില്ല എന്ന പ്രഖ്യാപനമാണ് ഈ സഭയിൽ നിന്നും ഉയർന്ന് വന്നത്. നല്ല ഉദ്ദേശത്തോടുകൂടിയാണ് ഈ നിയമം ഇവിടെ നടപ്പിലാക്കാൻ പോകുന്നത്. ഞാൻ ഇതിനെ അനുകൂലിക്കുന്നു.

1122/2010.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.പി. വർഗ്ഗീസ് : സർ, കേരളത്തിന്റെ ക്രമസമാധാനവും ജനങ്ങളുടെ സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനുവേണ്ടി ഇച്ഛാശക്തിയോടുകൂടി പ്രവർത്തിക്കുന്ന കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായിട്ടാണ് ഈ നിയമം ഇവിടെ അവതരിപ്പിച്ച് പാസ്സാക്കുന്നത്. ഇവിടെ ഇത് പറയുമ്പോൾ ദേശവ്യാപകമായ പ്രശ്നങ്ങൾ കൊണ്ട് ജനങ്ങളെ കാർന്നുതിന്നുന്ന സാമ്രാജ്യത്വശക്തികളുടെ സഹായത്തോടുകൂടി ആർ.എസ്.എസ്. തുടങ്ങിയ ഭീകരവാദികളുടെയും തീവ്രവാദികളുടെയും കടന്നാക്രമണംകൊണ്ട് രാജ്യത്തെ മുഴുവൻ ജനങ്ങളും പൊറുതിമുട്ടുമ്പോൾ അതൊന്നും ഞങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളല്ല, ഞങ്ങളെ ബാധിക്കുന്ന പ്രശ്നം കണ്ണൂരിലെ ഒരു പ്രാദേശിക പ്രശ്നമാണെന്ന് പറഞ്ഞുകൊണ്ട് എപ്പോഴും ഈ ഭാഗത്തുനിന്ന് സംസാരിക്കുമ്പോൾ ആ ഭാഗത്തുനിന്നും ഇടപെടുന്ന എന്റെ പ്രിയപ്പെട്ട സ്നേഹിതന്മാരുടെ ദേശഭക്തിയുടെയും ദേശസ്നേഹത്തിന്റെയും വിശാലതയെക്കുറിച്ച് ഓർക്കുമ്പോൾ എനിക്ക് ആശങ്ക തോന്നുകയാണ്. ഇൻഡ്യയുടെ രാഷ്ട്രപിതാവിനെതന്നെ നിഷ്ഠുരമായി കൊല ചെയ്ത ഗോഡ്സെയെ അംഗീകരിക്കുന്ന സാംസ്ക്കാരിക സംഘടനയെന്ന് അവകാശപ്പെടുന്ന ആർ.എസ്.എസ്.പോലുള്ള വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ രാജ്യത്ത് മുഴുവൻ അഴിഞ്ഞാടി ഉത്തരേന്ത്യൻ സംസ്ഥാനം തകർക്കുകയല്ലേ? വടക്ക് കിഴക്കൻ അതിർത്തി സംസ്ഥാനങ്ങളും, ഉത്തരേന്ത്യൻ അതിർത്തി മേഖലയുൾപ്പെടെയുള്ള സംസ്ഥാനങ്ങളും തകർത്തെറിയുമ്പോൾ അതൊന്നും ഞങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളല്ല, ഇത് കണ്ണൂരിനെ മാത്രമാണ് ബാധിക്കുന്നതെന്ന് പറയുന്ന ത്രിണമുൻ കോൺഗ്രസിന്റെ ഭാഗത്തേക്കല്ല കേരളത്തിലെ കോൺഗ്രസിന്റെ ഉന്നതന്മാരായ ആളുകൾ ചെന്നെത്തുന്നതെന്ന് സംശയിച്ചുപോയാൽ തെറ്റുണ്ടോ? ഒരു പക്ഷെ കുറെ കഴിയുമ്പോൾ തൃണമൂൽ കോൺഗ്രസ് ബംഗാളിൽ കാണിച്ച ഒരു സമീപനംപോലെ ബി.ജെ.പി.യുമായോ അതല്ലെങ്കിൽ അത്തരത്തിലുള്ള ദേശീയവാദികളെന്ന് അംഗീകരിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനവുമായോ കൂട്ടുചേർന്നുകൊണ്ട് അധികാരം നിങ്ങൾക്ക് നിലനിറുത്താൻ വേണ്ടിയുള്ള താൽപര്യം കാണിച്ചാൽ അത് കേരളത്തിലുണ്ടാവുകയില്ലെന്ന് ഇന്ന് നിലവിലുള്ള സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ നമുക്ക് ചിന്തിക്കേണ്ടിവരുന്നു. ഇവിടെ ഏതെങ്കിലുമൊരു രാഷ്ട്രീയ പ്രസ്ഥാനത്തെ അമർച്ച ചെയ്യാൻവേണ്ടിയാണോ ചെയ്തിട്ടുള്ളത്? ഇൻഡ്യാ രാജ്യത്ത് എപ്പോഴും വിദേശ സാമ്രാജ്യത്വ ശക്തികളുടെയും വിദേശ ചാര ഏജൻസികളുടെയും സഹകരണത്തോടും സാമ്പത്തിക സഹായത്തോടുംകൂടി രാജ്യത്തിലെ പുരോഗമന പ്രസ്ഥാനങ്ങളെ അമർച്ച ചെയ്യുന്നതിനുവേണ്ടി, അതുപോലെ ദേശീയ നേതാക്കന്മാരെ വകവരുത്തുന്നതിനുവേണ്ടി നടപ്പിലാക്കിവരുന്ന ആയുധ പരിശീലനങ്ങൾ നിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി ഒരു നിയമനിർമ്മാണ നടപടി വരുമ്പോൾ അതിനെ സഹർഷം സ്വാഗതം ചെയ്ത് അംഗീകരിച്ച് രാജ്യവ്യാപകമാക്കി നടപ്പിലാക്കുന്നതിനുള്ള ഒരു ശ്രമമല്ലേ അവിടെനിന്ന് വരേണ്ടത്? സവർണ്ണ ലിബറേഷൻ സേനയും ആർ. എസ്.എസ്.നെപോലുള്ള സേനകളും പാകിസ്ഥാൻ ചാരസംഘടനയായ ഐ.എ.എസ്.എസ്-ന്റെ സാമ്പത്തിക സഹായത്തോടുകൂടി പ്രവർത്തിക്കുന്ന ചില സംഘടനകളുമെല്ലാം ഇൻഡ്യയിൽ വ്യാപകമായി നടമാടുന്നുണ്ടെന്നുള്ള പത്ര വാർത്ത നമ്മളെ പേടിപ്പിക്കുന്നതല്ലേ? ആ ഭയാനകമായ അവസ്ഥാവിശേഷത്തിൽ കേരളത്തിനെയെങ്കിലും രക്ഷിക്കാൻ കഴിയുന്ന ഒരു അവസ്ഥാവിശേഷമുണ്ടാക്കാൻ വേണ്ടി ഒരു നിയമനിർമ്മാണ നടപടി കൊണ്ടുവരുമ്പോൾ

അതിനെ അംഗീകരിക്കുന്നതിനുപകരം മാർക്സിസ്റ്റ് പാർട്ടിക്കുമില്ലേ വോളണ്ടീയർ സേന എന്ന് ആക്ഷേപിക്കുന്നതാണോ ശരി? ഞങ്ങൾ അഭിമാനത്തോടുകൂടി പറയട്ടെ, കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി കൊണ്ടുവന്നിരിക്കുന്ന വോളണ്ടീയർ സേനകൾ ഞങ്ങളുടെ പ്രസ്ഥാനത്തിന്റെ വളർച്ചക്കുവേണ്ടി അല്ലാതെ മറ്റൊരു രാഷ്ട്രീയ പ്രസ്ഥാനത്തെയോ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നേതാക്കന്മാരെയോ ജനാധിപത്യ അവകാശങ്ങളേയോ ജനാധിപത്യ മൂല്യങ്ങളെയോ തകർക്കുന്നതിനു വേണ്ടിയും ശാരീരികമായി അമർച്ച ചെയ്യുന്നതിനും വേണ്ടിയുള്ള സംഘടനയല്ല. ആർക്കും പരിശോധിക്കാം. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയോ ഇടതുപക്ഷജനാധിപത്യസ്ഥാപനമോ നടത്തുന്ന വോളണ്ടീയർ സേനകൾ അല്ലെങ്കിൽ അത്തരത്തിലുള്ള സംഘടനകൾ തീർച്ചയായും ഞങ്ങളുടെ പ്രസ്ഥാനത്തിന്റെ വളർച്ചക്കുവേണ്ടി അതിന്റെ കർമ്മ പരിപാടി നടപ്പിലാക്കുന്നതിനുവേണ്ടിയല്ലാതെ ആയുധ പരിശീലനമല്ല നടക്കുന്നത്. ഞങ്ങൾ ആയുധ പരിശീലനത്തിന് പോകുന്ന പ്രശ്നമില്ല. ആർക്കും പരിശോധിക്കാം. ഞങ്ങളുടെ പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി കൃത്യമായി പത്രങ്ങളിലൂടെ പറഞ്ഞു, ഞങ്ങളുടെ വോളണ്ടീയർ സേനയുടെ പരിശീലനം പരസ്യമായി നടത്തുന്നതാണ്. ആർക്കും കാണാവുന്നതാണ്. ഇത് അതാണോ? അല്ല. അരയിൽ തൂക്കിയിട്ട വാളുമായി നടന്ന് ജനങ്ങളെ വെട്ടിക്കൊല്ലുന്ന നിഷ്ഠുരന്മാർ ജനാധിപത്യത്തെ തകർത്ത് എറിയുമ്പോൾ ജനാധിപത്യത്തിനു വേണ്ടി പോർവിളി കൂട്ടിയ ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ പാരമ്പര്യമുള്ള നേതാക്കന്മാർപോലും അതിനെ കണ്ടില്ലെന്ന് നടിക്കുന്നത് ജനാധിപത്യത്തോടുള്ള വെല്ലുവിളി മാത്രമല്ല, ജനാധിപത്യത്തെ തകർത്തെറിയാൻ ശ്രമിക്കുന്ന ഭീകരന്മാർക്കുവേണ്ടിയുള്ള ഒരു ശ്രമമാണെന്ന് പറയേണ്ടിവരും.

ശ്രീ. എ. കണാരൻ : സർ, ഈ ഭേദഗതി ബില്ലിൽ വോളണ്ടീയർ സേനയെപ്പറ്റിയല്ല പറയുന്നത്. അത് എല്ലാ രാഷ്ട്രീയ സംഘടനകൾക്കുമുണ്ട്. അതുമായി ബന്ധപ്പെട്ടല്ല ഈ ഭേദഗതി നിയമം കൊണ്ടുവരുന്നത്. സേവാദളിന് സി.പി.ഐ.ക്കും, സി.പി.എം-നും കേരളാ കോൺഗ്രസിന്റെ വോളണ്ടീയർ സേനയുണ്ട്. അതല്ല ഇതിൽ പറയുന്നത്. വിവാഹം കഴിക്കുന്നതിനു മുമ്പായി ചെറുപ്പക്കാരായിട്ടുള്ളവരെ അമ്പലങ്ങളിലോ നിഗൂഢമായ സ്ഥലത്തോ വച്ച് ആയുധമുറകൾ പരിശീലിപ്പിച്ച് ആളുകളെ കൈയേറ്റം നടത്തി അവരെ മാരകമായി കൊല ചെയ്യുന്ന ദുഷ്ടശക്തിയെ നേരിടാൻ വേണ്ടിയാണ് ഇത് കൊണ്ടുവന്നത്. അല്ലാതെ സാധാരണ വോളണ്ടീയർ സേനക്കുവേണ്ടിയല്ല ഈ നിയമം കൊണ്ടുവന്നത്.

ശ്രീ. എം.പി. വർഗ്ഗീസ് : സർ, ഞാൻ അതുതന്നെയാണ് പറഞ്ഞത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും അതുപോലെ മറ്റ് രാഷ്ട്രീയ പാർട്ടികളുടെയും വോളണ്ടീയർ സേനകളെ ഒരുപോലെ കാണുന്ന ഒരു സമീപനം ശരിയല്ലെന്നാണ് ഞാൻ പറഞ്ഞത്. അരയിൽ തൂക്കിയിട്ട വാളുമായി ആയുധ പരിശീലനം നടത്താൻ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ കാണാതെ, അറിയപ്പെടാത്ത കേട്ടുകേൾവിയില്ലാതെ ആളുകൾ വന്ന് അമ്പലമുറ്റങ്ങളിൽ ദൈവത്തിന്റേയും മതങ്ങളുടെയും പേര് പറഞ്ഞ് ചില സ്ഥലങ്ങളിൽ പരിശീലനം കൊടുക്കുന്നുണ്ട്. അത് നിരോധിക്കണമെന്നുപറഞ്ഞാൽ എന്തിനാണ് ആർ. എസ്. എസ് ഇത്ര ചന്ദ്രഹാസം മുഴക്കുന്നത്? ഒരു കേന്ദ്രമന്ത്രിയുമുണ്ടല്ലോ ശ്രീ. രാജഗോപാൽ അദ്ദേഹം ഇവിടെവന്ന് ദിവസവും നേരം വെളുക്കുമ്പോൾ ഇതിനെതിരായി പ്രചരണമാണ്. എന്തിനാണ് അവർ ഇത്രമാത്രം ആക്രോശം

LIBRARY ARCHIVES Kerala Legislative Assembly

കൊള്ളുന്നത്. നിയമവിരുദ്ധമായി നടത്തുന്ന ആയുധ പരിശീലനത്തെ നിരോധിക്കുന്നതിനാവശ്യമായ ഒരു നിയമനിർമ്മാണ നടപടി കേരളത്തിൽ നടപ്പിലാക്കുമ്പോൾ എന്തിനാണ് കേന്ദ്രമന്ത്രിയായ ശ്രീ. രാജഗോപാൽ നാഴികയ്ക്ക് നാല്പതുവട്ടം കേരളത്തിലുടനീളം സർക്കാർ ചെലവിൽ വന്ന് അതിനെതിരെ പ്രചരണം നടത്തുന്നത്? എന്നാൽ പറയണ്ടേ ഞങ്ങൾ ഇത് നടത്തുന്നത് സാംസ്ക്കാരിക പൈതൃകം നിലനിർത്താൻവേണ്ടിയാണെന്ന്. അല്ലല്ലോ, അവർ പറയുന്നത് ഇത് ആർ. എസ്. എസ്.-നെ നിരോധിക്കാൻവേണ്ടിയാണെന്നാണ്. ആർ. എസ്. എസ്. നടത്തുന്നത് ആയുധ പരിശീലനമാണെങ്കിലും നിരോധിക്കേണ്ടിവരും. ജനങ്ങളെ കൊന്നൊടുക്കുന്നതിനു വേണ്ടി ജനാധിപത്യത്തിന്റെ പേരുപറഞ്ഞ് സാംസ്ക്കാരിക അധ:പതനം നടത്തുന്ന വർഗ്ഗീയ നയങ്ങളെ എതിർത്ത് പരാജയപ്പെടുത്തുന്നതിനുവേണ്ടിയും ആയുധപരിശീലനം നിയന്ത്രിക്കുന്നതിനുവേണ്ടിയുമാണ് ഈ നിയമനിർമ്മാണം കൊണ്ടുവന്നിരിക്കുന്നത്. നമ്മുടെ രാജ്യത്തിലെ ക്രമസമാധാനത്തെ വെല്ലുവിളിക്കുന്ന, കേന്ദ്ര ഗവൺമെന്റിനെപ്പോലും വെല്ലുവിളിക്കുന്ന വീരപ്പനെപ്പോലുള്ള ഒരു കൊള്ളസംഘം രാജ്യത്തിലെ എത്ര പോലീസുദ്യോഗസ്ഥന്മാരെ വെടിവച്ചു കൊന്നു. എത്രയോ ആളുകൾ കേന്ദ്ര ഗവൺമെന്റിന്റേയും സംസ്ഥാന ഗവൺമെന്റിന്റേയും സഹായത്തോടുകൂടി സംഘം ചേർന്ന് വീരപ്പനെ പിടിക്കാൻ ശ്രമിച്ചു. കർണ്ണാടക ഗവൺമെന്റ് വലിയ ശ്രമം നടത്തിയില്ലേ? കേന്ദ്ര ഗവൺമെന്റിന്റെ പല സംസ്ഥാന ഗവൺമെന്റുകളും സഹായം ചെയ്തുകൊടുത്തു. വീരപ്പനെ പിടിക്കാൻ കഴിഞ്ഞിട്ടുണ്ടോ? കേന്ദ്ര ഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റുകൾക്കുപോലുമില്ലാത്ത ആയുധശേഖരങ്ങളുടെ കൂമ്പാരമായി കൂട്ടിയിട്ടുകൊണ്ട് അത്യന്താധുനിക സൗകര്യങ്ങളോടു പോലീസിനെയും ഗവൺമെന്റിനേയുംതന്നെ വെല്ലുവിളിക്കുന്ന ഒരു പാരലൽ സംഘടനായി പ്രവർത്തിക്കാൻ അവർക്കെല്ലാം സഹായകമായില്ലേ? ആ സമീപനത്തെ ശരിയല്ലെന്ന് പറയുന്നതാണോ പിശക്? അത്തരത്തിലുള്ള സമീപന വേണ്ടന്ന് പറഞ്ഞിട്ടുള്ളത്, അല്ലാതെ സാംസ്ക്കാരിക സംഘടനകൾക്കെതിരായി, ഒരു സ്പോർട്സ് സംഘടനകൾക്കെതിരായി ഈ നിയമം കൊണ്ടുവരുമെന്ന് ഞങ്ങളാരും കരുതുന്നില്ല. അതുകൊണ്ട് തീർച്ചയായും ഈ നിയമം ഈ രാജ്യത്ത് മുഴുവൻ പ്രായോഗികമാക്കുന്നതിനുള്ള നടപടികളുണ്ടാകണം. ആ നടപടിയുണ്ടാകുമ്പോൾ ഈ നിയമനിർമ്മാണം അടിയന്തിരമായി നടപ്പിലാക്കണമെന്ന് ആവശ്യപ്പെടേണ്ടത് കോൺഗ്രസ് സ്നേഹിതന്മാരാണ്. ഈ രാജ്യത്ത് മുഴുവൻ തകർന്നടിഞ്ഞുകൊണ്ടിരിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനത്തെ അമർച്ച ചെയ്യുന്നതിനുവേണ്ടി ഈ തകർച്ചയോടൊപ്പംതന്നെ ആയുധവൽക്കരിച്ചുകൊണ്ട് അപ്പുറത്തുനിന്ന് അമർച്ചചെയ്യുമ്പോൾ അവരെ രക്ഷിക്കേണ്ട ബാദ്ധ്യതയും ഇടതുപക്ഷപ്രസ്ഥാനത്തിനുണ്ടെന്നുള്ള സ്ഥിതിയിലേക്ക് എത്തിയിട്ടില്ലേ? അവരെ രക്ഷിക്കേണ്ട ബാദ്ധ്യതയും ഇടതുപക്ഷപ്രസ്ഥാനങ്ങൾക്കാണെന്ന് വരാവുന്ന സാഹചര്യം നമ്മുടെ രാജ്യത്തുണ്ടായിരിക്കുന്നു. അതുകൊണ്ട് ഈ തരത്തിലുള്ള ആയുധ പരിശീലനങ്ങൾ നിരോധിക്കുമെന്നും നിയന്ത്രിക്കണമെന്നും ആവശ്യപ്പെടുന്ന നിയമനിർമ്മാണ നടപടികൾ കൊണ്ടുവരുമ്പോൾ അതിനെ സഹർഷം സ്വാഗതംചെയ്യുക മാത്രമല്ല, തങ്ങൾ ഭരിക്കുന്ന സംസ്ഥാനങ്ങൾ എവിടെയെങ്കിലുമുണ്ടെങ്കിൽ അവിടെയും ഇത്തരത്തിലുള്ള നിയമനിർമ്മാണങ്ങൾ കൊണ്ടുവരുന്നതിനുള്ള സമീപനമൊരുക്കുന്നതിനുവേണ്ടി എ.ഐ.സി.സി.യിലോ വർക്കിംഗ് കമ്മിറ്റികളിലോ ആവശ്യപ്പെട്ടുകൊണ്ട് നടപ്പിലാക്കാനുള്ള ഒരു സമീപനമാണ് കോൺഗ്രസിന്റെ സ്നേഹിതന്മാർ അപ്പുറത്തുനിന്ന് ചെയ്യേണ്ടത്. അതിനുപകരം കണ്ണൂർ, കാസർകോഡ്

LIBRARY ARCHIVES Kerala Legislative Assembly

എന്നുപറഞ്ഞുകൊണ്ട് ഈ ബില്ലിനെ എതിർക്കാൻ ശ്രമിക്കുന്നത് ശരിയല്ല ബീഹാറിൽ കോൺഗ്രസിന് ഒരു മണ്ഡലത്തിൽ ആയിരം വോട്ട് ആണ് കിട്ടിയത്. ഇത്തരത്തിലുള്ള ഒരു രാഷ്ട്രീയ പ്രശ്നങ്ങളൊന്നും വിശദീകരിക്കുന്നില്ല. അതുകൊണ്ട് ഈ ആയുധ പരിശീലനങ്ങളുൾപ്പെടെയുള്ള തീവ്രവാദപ്രവർത്തനങ്ങൾ തടയുന്നതിനും അതിനെ നിയന്ത്രിക്കുന്നതിനും വേണ്ടികൊണ്ടുവന്നിട്ടുള്ള പോലീസ് ഭേദഗതി ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : ഈ ബില്ലിനെ സംബന്ധിച്ച ഭരണ പക്ഷത്തുനിന്ന് ഭിന്നാഭിപ്രായങ്ങളാണ് വന്നിട്ടുള്ളത്. ഒടുവിൽ സംസാരിച്ച സി.പി.എം. പ്രതിനിധി അദ്ദേഹം ഈ ആയുധപരിശീലനം നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണം നടത്തണമെന്ന അഭിപ്രായവും മുന്നോട്ടു വച്ചു. ഇതിന് കോൺഗ്രസാണ് മുൻകൈ എടുക്കേണ്ടത് എന്നാണ് സൂചിപ്പിച്ചത്. കണാരേട്ടന്റെ ഒരു ഉപചോദ്യത്തിന് മറുപടിയായി ശ്രീ. വർഗ്ഗീസ് വൈദ്യർ ഇവിടെ സൂചിപ്പിച്ചത് ബി.ജെ.പി.യേയും, ആ എസ്. എസ്. നേയും എതിർക്കുന്നതിനുവേണ്ടിയും അവരുടെ ആയുധപരിശീലനം നിയന്ത്രിക്കുന്നതിനുവേണ്ടിയും ആണ് ഈ നടപടിയെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് സഭയിലില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന പത്രത്തിൽ വായിച്ചിട്ടുണ്ടാകും. അദ്ദേഹം പറഞ്ഞത് ഇത്. ബി.ജെ.പി.യെയും ആർ. എസ്. എസ്.നേയും നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ളതല്ല. കേന്ദ്ര ഗവൺമെന്റ് എടുത്ത ചില നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ്. ആ ബിൽ കൊണ്ടുവന്നിട്ടുള്ളത് എന്നാണ്. അപ്പോൾ മാർക്സിസ്റ്റ് പാർട്ടിക്കുതന്നെ ഇതിനെ സംബന്ധിച്ച് വ്യത്യസ്തമായ കാഴ്ചപ്പാടാണുള്ളത്. അല്ലെങ്കിൽ മുഖ്യമന്ത്രിയെടുത്ത അഭിപ്രായത്തോട് സ്വാഭാവികമായും സഭാനേതാവ് യോജിച്ച ഒരു അഭിപ്രായം പ്രകടിപ്പിക്കേണ്ട. ദൗർഭാഗ്യവശാൽ വ്യത്യസ്തമായൊരു സമീപനമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. ഇതിനകത്ത് നിങ്ങൾക്കെന്തെങ്കിലും ആത്മാർത്ഥതയുണ്ടോ? നിങ്ങൾക്കിതിൽ ആത്മാർത്ഥതയില്ല. നിങ്ങൾ ഇവിടെയും പബ്ലിസിറ്റി സ്റ്റണ്ട് ആഗ്രഹിക്കുകയാണ്. നിങ്ങൾക്ക് ആത്മാർത്ഥതയുണ്ട് എന്ന് വരികിൽ ഇത് നിരോധിക്കുന്നതിനുവേണ്ടിയുള്ള നടപടിയല്ലേ എടുക്കേണ്ടത്. ഇത് നിരോധിക്കുകയു നിയന്ത്രിക്കുകമദത്രമാണ് ചെയ്യന്നത്. ഇവിടെ ആയുധ പരിശീലനം നിരോധിക്കുന്നതിനുവേണ്ടിയുള്ള നടപടി എടുക്കണം. ഇവിടെ ആയുധ പരിശീലനം നിരോധിച്ചിട്ടില്ല. 21.2.2000-ത്തിൽ ശ്രീ. നാലകത്ത് സൂപ്പി, ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി, ശ്രീ. പി.കെ. അബ്ദുറബ്ബ്, ശ്രീ. സി.ടി. അഹമ്മദാലി എന്നീ അംഗങ്ങളുടെ ചോദ്യത്തിന് മുഖ്യമന്ത്രി നൽകിയ മറുപടിയാണ് എന്റെ കൈയ്യിലുള്ളത്. സംസ്ഥാനത്ത് കായിക പരിശീലനം നൽകുന്നത് നിയമം മൂലം നിരോധിച്ചിട്ടുണ്ടോ എന്നാണ് ചോദ്യം. മുഖ്യമന്ത്രിയുടെ ഉത്തരം ഇല്ല. അപ്പോൾ നിങ്ങൾക്കിതിനകത്ത് ആയുധ പരിശീലനം നിരോധിക്കണമെന്ന് നിർബന്ധമില്ല. നിങ്ങൾ സെലക്ടീവാണ്. ആർ. എസ്. എസ്. ക്യാമ്പുകളെ നിരോധിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടാണെങ്കിൽ ആത്മാർത്ഥയോടുകൂടി നിങ്ങൾ പറയുന്ന ആർ. എസ്. എസ്. വിരോധം നിങ്ങൾക്ക് ശക്തമായിട്ടുണ്ടെങ്കിൽ അവർ നടത്തുന്ന ആയുധ പരിശീലനത്തെ എതിർക്കണമെന്ന് നിങ്ങൾക്ക് നിർബന്ധമുണ്ടായിരുന്നെങ്കിൽ നിരോധിക്കുന്നതിനുവേണ്ടിയുള്ള നടപടി എടുക്കുമായിരുന്നു. പക്ഷെ ബഹുമാനപ്പെട്ട് മുഖ്യമന്ത്രി പറയുന്നു. ഞങ്ങളിതിനെ നിരോധിക്കുന്നില്ല, നിയന്ത്രിക്കുന്നതിനു മാത്രം നിൽക്കുന്നുവെന്നാണ്. അങ്ങനെ നിയന്ത്രിക്കുന്നതിനുവേണ്ടി നിൽക്കാൻ കാരണം എന്താണ്. നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള പ്രധാന കാരണം നിങ്ങൾ സെലക്ടീവ് ആകുന്നു എന്നുള്ളതാണ്. ആയുധ പരിശീല

LIBRARY ARCHIVES Kerala Legislative Assembly

നത്തിനു വേണ്ടി മറ്റാരേയോ ഭംഗ്യന്തരേണ അനുവദിക്കണമെന്നുള്ള ഭരണ കൂടത്തിന്റെ നിർബന്ധ ബുദ്ധിയൊന്നുകൊണ്ടു മാത്രമാണ് കേരളത്തിലെ ആയുധ പരിശീലനത്തെ നിങ്ങൾ നിരോധിക്കാൻ തയ്യാറാകാത്തത്. നിങ്ങൾ ആയുധ പരിശീലനത്തെ നിയന്ത്രിക്കുന്നതിനുവേണ്ടി മാത്രമാണ് തയ്യാറാകുന്നത്.

ശ്രീ. ടി.കെ. ബാലൻ : ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞത് ആർ. എസ്. എസ്. ന്റെ ഇത്തരത്തിലുള്ള പ്രകടനങ്ങളെ ആത്മാർത്ഥമായി നിരോധിക്കണമെങ്കിൽ ആയുധ പരിശീലനം നിരോധിക്കണമെന്നാണ്. ഈ ബിൽ തന്നെ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. നമ്മുടെ സംസ്ഥാനത്ത് ആയോധന കലകളുണ്ട്. കളരിപ്പയറ്റുണ്ട്, കരാട്ടേയുണ്ട്. മറ്റു പലതിനും ആയുധം ഉപയോഗിക്കേണ്ടിവരും. അങ്ങനെയുള്ളതിനൊക്കെ വേണ്ടത്ര സംരക്ഷണം നൽകിയിട്ടുതന്നെ ലൈസൻസ് കൊടുക്കണം എന്ന് രൂപത്തിലുള്ളതാണ് ഈ ബിൽ. അതിനെ മറ്റു തരത്തിൽ ടിസ്റ്റ് ചെയ്ത് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് വളരെ ഖേദകരമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങൊരു ഖേദകരം പറഞ്ഞല്ലോ. ഇനി ഖേദകരം രണ്ടാം ഭാഗം കേട്ടുകൊള്ളൂ. ഈ ബിൽ സർക്കുലേറ്റ് ചെയ്ത കൂട്ടത്തിൽ ഞങ്ങൾക്ക് ഒരു നോട്ട് കൂടി തന്നിട്ടുണ്ട്. കേരളാ പോലീസ് (ഭേദഗതി) ഓർഡിനൻസ് (2000) അതിൽ (1) ഒരു അടിയന്തിര നിയമനിർമ്മാണത്തിന് ആവശ്യമായിത്തീർന്ന സാഹചര്യങ്ങളെ വിശദീകരിച്ചുകൊണ്ട് കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 75(1) പ്രകാരമുള്ള പ്രസ്താവന. ആ പ്രസ്താവന ഇന്നലെ ഇവിടെ സർക്കുലേറ്റ് ചെയ്തതാണ്. ഇതിൽ ഒന്നാമത്തെ വാചകം വായിക്കാം. 1960-ലെ കേരളാ പോലീസ് ആക്ടിലെ 21-ാം വകുപ്പ് പൊതു സമാധാനവും സുരക്ഷിതത്വവും കാത്തുസൂക്ഷിക്കുന്നതിനായി പൊതു സ്ഥലങ്ങളിൽ വാളുകളും മറ്റു മാരകായുധങ്ങളും കൊണ്ട് നടക്കുന്നത് നിരോധിക്കാൻ ജില്ലാ മജിസ്ട്രേറ്റിനെ അധികാരപ്പെടുത്തിയിരുന്നു. നിങ്ങളുടെ നിയമത്തിനകത്ത് ഈ അധികാരം ആർക്കാണ് കൊടുത്തിരിക്കുന്നത്. നിങ്ങളുടെ നിയമത്തിൽ ഈ അധികാരം 18 (എ) (iii)-ൽ പറയുന്നത്. "Any Police Officer, not below the rank of Sub-Inspector, shall have free access to any place of training to ensure that such.....

നിങ്ങൾ ഭരണകൂടമല്ലേ. നിങ്ങൾക്ക് കൂട്ടുത്തരവാദിത്വം ഇല്ലേ. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി ഭരിക്കുന്ന അവരുടെ നിയന്ത്രണത്തിലുള്ള ജില്ലയുടെ തലവനായ ജില്ലാ മജിസ്ട്രേറ്റ് അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം വേറാരും കൊടുത്തതല്ല. ആ അധികാരം ഇപ്പോൾ മാറ്റി. 2 ചോദ്യം എനിക്കുണ്ട്. ചോയിസ് ടെസ്റ്റ് നോക്കി നമുക്കിതൊന്നും ചെയ്യാൻ പറ്റില്ലല്ലോ.

ശ്രീ. പി.സി. ജോർജ് : 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിനു കൗതുകം.' ശ്രീ. രാധാകൃഷ്ണന്റെ സ്വഭാവം അതാണ്. ഈ ബില്ലിനെപ്പറ്റി പറയാൻ വളരെ വ്യക്തമായ കാര്യമുണ്ട്. കോട്ടയത്തുകാരനാണ് ശ്രീ. രാധാകൃഷ്ണൻ. ഗ്രാമപ്രദേശത്തുള്ള പരമ്പരാഗത കളരി സംഘങ്ങൾക്ക് ലൈസൻസ് കൊടുക്കാതിരിക്കാൻ കഴിയുമോ? അത് കൊടുത്തുകൊണ്ടു തന്നെ മനുഷ്യനെ കൊല്ലാനുള്ള ആയുധ പരിശീലനം തടയണമെന്നുള്ളതുകൊണ്ടാണ് ഗവൺമെന്റ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ശ്രീ. രാധാകൃഷ്ണൻ അതിനെ ടിസ്റ്റ് ചെയ്തു. ഇപ്പോൾ ശ്രീ. രാധാകൃഷ്ണൻ പറഞ്ഞത് എന്താ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാധാകൃഷ്ണന് ഇപ്പോൾ പണ്ടുകാലത്തെ മജിസ്ട്രേട്ടുമാർ മതിയായിരുന്നു. ഇപ്പോൾ വന്നിരിക്കുന്ന അപകടം എന്താ? ഓരോ കൊച്ചുഗ്രാമപ്രദേശത്തുപോലും വർഗ്ഗീയ ഫാസിസ്റ്റുകൾ ഇതുപോലെ ആയുധകല നടത്തിക്കൊണ്ടിരിക്കുകയാണ്. അതു കൊടുത്താലെന്താണ് തെറ്റ്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറയട്ടെ.

ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : ഡിസ്ട്രിക് മജിസ്ട്രേറ്റിന്റെ അധികാരം എടുത്തുകളഞ്ഞിട്ടില്ല. ഡിസ്ട്രിക് മജിസ്ട്രേറ്റിന്റെ അധികാരം എന്താണ്? ആയുധം നിരോധനത്തിനുള്ള അധികാരമാണ്. അത് എടുത്ത് പോലീസ് ഇൻസ്പെക്ടർക്കൊന്നും കൊടുത്തിട്ടില്ല. അതുകൊണ്ട് ഇത് ഒരു പ്രശ്നമേയല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഈ നിയന്ത്രണാധികാരം മജിസ്ട്രേറ്റിൽ നിന്നും മാറ്റി തഹസീൽദാർക്ക് കൊടുക്കാമല്ലോ. എന്റെ ചോദ്യം ഒന്നുകൂടി കേട്ടോളൂ. ജില്ലാ മജിസ്ട്രേറ്റിന്റെ അധികാരം ഇപ്പോൾ കൂട്ടിയിട്ടുണ്ട്. അദ്ദേഹത്തിന് ഇതെല്ലാം നിയന്ത്രിക്കാൻ കഴിയില്ലായെങ്കിൽ തഹസീൽദാർക്കു കൊടുക്കരുതോ? നിങ്ങൾ എന്തുകൊണ്ട് പോലീസ് ഓഫീസറുടെ കയ്യിലേയ്ക്കിതു മാറ്റി? പോലീസ് ഓഫീസറുടെ കയ്യിലേയ്ക്കിതു മാറ്റിയത് പൊളിറ്റിക്കലാണെന്നു ഞാൻ പറയും.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : പൊളിറ്റിക്കൽ ഡിബേറ്റ്സിന് ഒന്നും പ്രശ്നമില്ല. ജില്ലാ മജിസ്ട്രറ്റിനുള്ള അധികാരങ്ങളൊന്നും എടുത്തുകളഞ്ഞിട്ടില്ല. ജില്ലാ മജിസ്ട്രേറ്റിന്റെ അധികാരം എന്താണെന്നുവച്ചാൽ, നിരോധിക്കലാണ്. ഇവിടെ കൊടുത്തിരിക്കുന്നത് ട്രെയിനിംഗ് നടത്താനോ വല്ലയിടത്തും വോളന്റിയർ ഓർഗനൈസേഷൻ നടത്തുന്നതിനോ അവർക്കൊരു പെർമിറ്റ് വാങ്ങിക്കണം. ആ പെർമിറ്റ് ഇംപ്ലിമെന്റ് ചെയ്യുന്നതിനുള്ള കാര്യമാണ്. ഇത് രണ്ടും രണ്ടാണെന്നതല്ലേയുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : വീണ്ടും ഞാൻ ചോദിക്കട്ടെ. ഒരു ജില്ലയിലെ നിയമസമാധാനത്തിനുള്ള ഉത്തരവാദിത്വം ആർക്കാണ്? ഒരു ജില്ലയിൽ അസാധാരണ സാഹചര്യം ഉണ്ടായാൽ ജില്ലാ മജിസ്ട്രേറ്റ് അല്ലേ അത് ഹാൻഡിൽ ചെയ്യേണ്ടത്. ഡിസ്ട്രിക് മജസിട്രേറ്റ് ഇല്ലാതെ വെടിവയ്പ് നടത്താൻ പറ്റുമോ? ഡിസ്ട്രിക് മജിസ്ട്രേറ്റിനല്ലാതെ ആ ജില്ലയിലെ നിയമസമാധാനത്തിനുള്ള പൂർണ്ണ നിയന്ത്രണം ആർക്കാണ്? ജില്ലാ മജിസ്ട്രേറ്റിനെ നിങ്ങൾ ഓവർലുക്ക് ചെയ്തുകൊണ്ട് ജില്ലാ മജിസ്ട്രേറ്റിന്റെ കൈയിലിരുന്ന അധികാരം വിപുലപ്പെടുത്തുന്ന സാഹചര്യം വന്നപ്പോൾ നിങ്ങൾ ജില്ലാ മജിസ്ട്രേറ്റിനെ മാറ്റിനിർത്തി സബ് ഇൻസ്പെക്ടറുടെ കൈയിലേയ്ക്ക് കൊണ്ടു പോകുകയാണ്. ഇവിടെ സബ് ഇൻസ്പെക്ടർക്ക് എന്താ കാര്യം? അങ്ങ് രണ്ട് ചോദ്യം ചോദിച്ചല്ലോ? എന്റെ ഒരു ചോദ്യംകൂടി കേട്ടുകൊള്ളൂ. നമ്മുടെ നാട്ടിൽ ഈ ട്രെയിനിംഗ് നടത്തുന്നത് പുരുഷൻമാർക്ക് മാത്രമല്ല. സ്ത്രീകൾക്കുമില്ലേ? അവർക്ക് ജൂഡോ പോലെ ട്രെയിനിംഗ് കൊടുക്കുന്ന എത്രയോ സ്ഥലം കാണാൻ കഴിയും. സ്ത്രീകൾക്ക് മാത്രമായി കായികപരിശീലന കേന്ദ്രങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഇല്ലേ? ഈ സംസ്ഥാനത്ത് ഗവൺമെന്റ് ഇതിനോടകം പെർമിറ്റ് കൊടുത്തിട്ടുള്ള എത്രയോ സ്ഥലമുണ്ട്. ഈ വനിതാ ട്രെയിനിംഗ് സെന്ററുകളിൽപോലും ഏതു നിമിഷത്തിലും ഈ സബ്ഇൻസ്പെക്ടർക്ക് ചെന്നുകയറുകയും പരിശോധിക്കുകയും ചെയ്യാം എന്നാണ് പറയുന്നത്. സ്ത്രീകൾ നടത്തുന്ന ട്രെയിനിംഗ് സ്ഥലത്ത് വിശ്വസിച്ച് ഈ സബ് ഇൻസ്പെക്ടർമാരെ കയറ്റാൻ പറ്റുമോ? പ്രാകൃതമാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

നിയമം.....ഈ സമീപനം നാളെ പ്രാകൃതമായി വിനിയോഗിക്കാൻ ഇത് ഇട യാകും. നമ്മുടെ സഹോദരിമാർ ഫിസിക്കൽ ട്രെയിനിംഗ് നടത്തുന്ന സ്ഥലത്ത് പോലീസുകാരെ കയറ്റിവിടുന്ന ഈ നിയമത്തിനകത്തെ വ്യവസ്ഥ ഒരു പരിഷ്കൃത സമൂഹത്തിന് അംഗീകരിക്കാനേ സാദ്ധ്യമല്ല.

ശ്രീ. പി. രാഘവൻ: സബ് ഇൻസ്പെക്ടർ എന്നുപറഞ്ഞാൽ വനിതാ പോലീസുമാകാം പുരുഷ പോലീസുമാകാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : എന്നാൽ പിന്നെ വനിതാ പോലീസ് എന്ന് എഴുതിക്കൂടേ?

ശ്രീ. പി. രാഘവൻ : പൊതുവെ ഈ നിയമത്തെ പ്രതിപക്ഷം അംഗീക രിച്ചതാണ്. ബഹുമാനപ്പെട്ട രാധാകൃഷ്ണനാണ് ഈ നിയമത്തെ എതിർത്തു കൊണ്ട് സംസാരിച്ചത്. അങ്ങയുടെ നയം ഈ നിയമത്തിന് എതിരായി ട്ടാണോ അനുകൂലമായിട്ടാണോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് ചോദിച്ചത് നന്നായി, ഞാൻ നേരത്തെ തന്നെ പറഞ്ഞതാണ്. ആർ.എസ്.എസ്. ബി.ജെ.പി. യെ സംബന്ധിച്ച്, അവരുടെ കായിക പരിശീ ലനം നിയന്ത്രിക്കുന്നതിനുവേ ണ്ടിയും അതിനെ തടയിടുന്നതിനുവേണ്ടിയും ഈ ഗവൺമെന്റ് എന്ത് സമീ പനം ആത്മാർത്ഥയോടുകൂടി എടുക്കുന്നോ അതിനോട് ഞങ്ങൾ പൂർണ്ണമായി യോജിക്കുകയാണ്. ആർ. എസ്. എസ്. ബി.ജെ.പി. വിഭാഗം നടത്തിക്കൊണ്ടി രിക്കുന്ന ട്രെയിനിംഗിനെ നിയന്ത്രിക്കുന്നതിനുവേണ്ടിയും നിരോധിക്കുന്ന തിനു വേണ്ടിയും നിങ്ങൾ എന്ത് നടപടിയെടുത്താലും-ആർ. എസ്.എസ്സിനെ നിരോധച്ച രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പ്രവർത്തകനാണ് ഞാൻ. ആർ.എസ്. എസ്സിനെ നിരോധിക്കുകയും നമ്മുടെ മണ്ണിൽ ആർ.എസ്. എസ്സിന്റെ ട്രെയി നിംഗ് സാദ്ധ്യമല്ലയെന്ന് തീരുമാനമെടുക്കുകയും ചെയ്ത ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രതിനിധിയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ആർ.എസ്.എസ്സിനെ നിരോധിച്ചപ്പോൾ അടിയന്തരാസ്ഥ ക്കാലത്ത് അതിനെ എതിർത്ത ആളുകൾ ഈ സഭയിലുണ്ട്. എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ശ്രദ്ധയിൽ ഉണ്ട്എന്നു മാത്രമല്ല 1977-ൽ നടന്ന തെരഞ്ഞെടുപ്പിൽ ഒരുമിച്ച് ജയിലിൽ കിടന്നുവെന്ന് പറ ഞ്ഞാൽ ആർ.എസ്.എസ്സുമായി ഐക്യമുന്നണി ഉണ്ടാക്കി നമ്മളെ എതിർത്ത വരാണ് അപ്പുറത്തിരിക്കുന്നവർ.

ശ്രീ.ആര്യാടൻ മുഹമ്മദ് : ജനതാ പാർട്ടിയുടെ വിദേശ കാര്യ മന്ത്രിയായി ആദ്യം മന്ത്രികസേരയിൽ ഇരിക്കാൻ ശ്രീ. അദ്വാനിയും 6 ജനസം ഘടകരും അന്ന് കേൺഗ്രസ് വിരോധം പറഞ്ഞ് ആർ.എസ്. എസ്സിനെ നിരോ ധിച്ചുവെന്നുള്ള കാരണം പറഞ്ഞു അടിയന്തിരാവസ്ഥയെ എതിർത്തു. അവരെ അധികാരത്തിൽ കയറ്റിയവരാണ് മറുഭാഗത്തിരിയ്ക്കുന്ന ആളുകൾ. ശ്രീ. വാജ്പേയി അങ്ങനെയാണ് ആദ്യം മന്ത്രിയായി വന്നതെന്നുള്ളത് അങ്ങ യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഉണ്ണിയെ കണ്ടാലറിയാം ഊരിലെ പഞ്ഞം. 1967-ൽ ഇന്ത്യയിൽ ആദ്യമായി ജനസംഘംമായി കൂട്ടുകക്ഷിയുണ്ടാ ക്കിവരല്ലേ ഇവർ. 1971-ലെ തെരഞ്ഞെടുപ്പിൽ ഇവർ സ്വതന്ത്രാപാർട്ടി അടക്കം, ജനസംഘ് അടക്കം കൂട്ടുകക്ഷിയുണ്ടാക്കി നമുക്കെതിരെ മൽസരിക്കാൻ വന്ന രല്ലേ. അവരുടെ ചരിത്രത്തിൽ അതൊക്കെ ഒരു തുവൽ മാത്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പുമന്ത്രി(ശ്രീ. ടി. ശിവദാസമേനോൻ): സർ, 100 പ്രാവശ്യം ഞാൻ ആവർത്തിച്ച് പറഞ്ഞതാണ്. ഗുരുവായൂർ അമ്പലത്തിന് തീ പിടിച്ച കാലമുണ്ടായി. അവിടെ നിയമമുണ്ട്. അമ്പലത്തിൽകയറാൻ ഷർട്ട് അഴിക്കണം, ചെരുപ്പിടാൻ പാടില്ല. അഹിന്ദുക്കൾക്ക് പ്രവേശനമില്ല, കൂളിക്കണം, പക്ഷേ തീ പിടിച്ചപ്പോൾ പാവറട്ടി പള്ളിയിൽ കൂട്ടമണി അടിച്ചു, ക്രിസ്ത്യാനികൾ ഓടിവന്നു. മുസ്ലീങ്ങൾ ഓടിവന്നു. കൂളിക്കാത്തവർ വന്നു, എല്ലാപേരും വന്നു. കൂളിക്കണമെന്നുള്ളത് മൈക്രോസ്കോപ്പ് വച്ച് അന്ന് നോക്കീയിരുന്നുവെങ്കിൽ ഇന്ന് ശ്രീകോവിലും കാണുമായിരുന്നില്ല. അന്ന് ആരും ഈ നിയമം നോക്കിയില്ല, പിന്നെ പ്രശ്നം വച്ച് നോക്കി, തീ കെടുത്താൻ നമ്മുടെ കൂടെ കൂടാൻ പാടില്ലാത്തവർ വല്ലവരും കൂടിയിട്ടുണ്ടോ എന്ന്. ഉണ്ടെന്ന് കണ്ടു. ഇതിന് പരിഹാരമുണ്ടോ? ഉണ്ട്. അഷ്ടമംഗല്യ കലകമൊക്കെ കഴിച്ചു. ഇപ്പോൾ പഴയ നിയമമൊക്കെ ബാധകമാണ്. അതുപോലെ ജനാധിപത്യത്തിന്റെ മണിമന്ദിരത്തിനും പൗരാവകാത്തിന്റെ ശ്രീശീകോവിലിനും ഇന്ദിരാഗാന്ധി തീ കൊളുത്തിയപ്പോൾ അത് തല്ലികൊടുത്താൽ ഏതെല്ലാം നാറികളാണ് ഞങ്ങളുടെ കൂടെ വന്നത്. ജലന്ധർ പാർട്ടി കോൺഗ്രസ്സിൽ ഞങ്ങൾ പ്രകൾനം വച്ചു. പരിഹാരമുണ്ടോ? ഉണ്ട്. പിന്തുണ പിൻവലിക്കണം. അങ്ങനെ പറഞ്ഞയയ്ക്കുകയാണ് ചെയ്തത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : 1975 - ൽ അടിയന്തിരാവസ്ഥ വന്നു അങ്ങും അങ്ങയുടെ പാർട്ടിയും ഞങ്ങളുടെ കൂടെ നിന്ന് അതിനെ എതിർത്തതാണ്. അതിൽ സന്തോഷമുണ്ട്. അങ്ങയുടെ പാർട്ടി പൊളിറ്റക്സ് ഇന്ന് ഇന്ത്യയിൽ അല്ല ലോകത്തു തന്നെ കമ്മ്യൂണിസ്റ്റ്പാർട്ടി പൊളിറ്റിക്സിൽ അങ്ങയുടെ പാർട്ടിയുടെ പൊളിറ്റിക്സാണ് നിലനില്ക്കുന്നത് എന്ന് തെളിയിച്ചു. സി.പി.ഐ. ക്കാർക്ക് മനസ്സിസായിട്ടില്ല, അങ്ങ് ഞാൻ പറയുന്നില്ല, ഞങ്ങൾക്ക് ബോദ്ധ്യമാണ്, അങ്ങേയ്ക്കും അങ്ങയുടെ പാർക്കാർക്കും വേണ്ട പോലെ ബോദ്ധ്യമായിട്ടില്ല. 1975-ൽ അടിയന്തിരാവസ്ഥ വന്നു. ആർ.എസ്.എസ്സിനെ നിരോധിച്ചു. അത് ഗുരുവായൂർ അംപലത്തിന് തീ പിടിച്ച പോലെയാണെന്ന് കണ്ട ചില പാർട്ടികൾ ഇവരെ കൂട്ടി 1977-ലെ തെരഞ്ഞെടുപ്പിൽ മൽസരിച്ചു. ഉദാഹരണത്തിന് ഡെൽഹി പട്ടണത്തിൽ 7 ലോക്സഭാ സീറ്റിലും കോൺഗ്രസ്സും ബി.ജെ.പി.യും നേരിട്ടാണ് മൽസരരംഗത്ത് വന്നത്, അന്ന് ഇ.എം.എസ്സിനോട് ആർക്ക് വോട്ട് ചെയ്തുവെന്ന് ചോദിച്ചപ്പോൾ കോൺഗ്രസ്സിന് ചെയ്യാൻ സാദ്ധ്യമല്ല, എന്നുപറഞ്ഞാൽ ആർ.എസ്.എസ്സിനു ചെയ്തുവെന്നല്ലോ അർത്ഥം. 1989-ൽ ബി.ജെ.പി.യുണ്ട്, ശ്രീ.ടി.കെ. ബാലന് അറിയില്ല, ശ്രീ. വി.പി. സിംഗിനെ നിർത്തി മൽസരിപ്പിച്ച തെരഞ്ഞെടുപ്പ്, ശ്രീ.. ഗോവിന്ദൻമാസ്റ്റർ അന്വോഷിക്കട്ടെ, അത് ഇല്ലായെന്ന് പറഞ്ഞാൽ ഞാൻ രാജിവയ്ക്കാം, ശ്രീ ഗോവിന്ദൻ മാസ്റ്റർ അന്വേഷിച്ചാൽ മതി. അതിന് ഹൗസിന്റെ സമ്മതവും വേണ്ട, ശ്രീ. നായനാരുടെ സേവയും വേണ്ട. അന്ന് ആർ.എസ്.എസ്. ഉൾക്കൊള്ളുന്ന ബി.ജെ.പി. ക്ക് കോൺഗ്രസ്സിനെ തോല്പിക്കാൻ വോട്ട് ചെയ്തപ്പോൾ ഏത് ഗുരുവായൂർ അംമ്പലത്തിനാണ് തീ പിടിച്ചത്? അത് നിങ്ങൾക്ക് നിഷേധിക്കുവാൻ സാധിക്കുമോ? അങ്ങനെ അന്ന് ആർ.എസ്.എസ്സിന്റെ കൂടെ കിടന്നുറങ്ങിയ പാരംപര്യമുള്ള ആളുകൾ അല്ലേ മറുഭാഗത്തിരിക്കുന്നവർ. ഈ കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ് ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇവിടെ ഗുരുവായൂർ അംമ്പലത്തിന്റെ കാര്യം പറഞ്ഞല്ലോ. ക്ഷേത്രത്തിന് തീ പിടിച്ചപ്പോൾ ഒരുമിച്ചുവെന്ന് പറഞ്ഞല്ലോ, അവിടെ ഒരുമിച്ചുനിന്നതിനെക്കുറിച്ച് ശ്രീ. ആര്യാടൻമുഹമ്മദ്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും നമ്മളും ഒരുമിച്ചായിരുന്നു, എനിക്ക് ശ്രീ. ശിവദാസമേനോനോട് ഒരു കാര്യം ചോദിക്കുവാനുണ്ട്. അന്ന് അങ്ങനെ എല്ലാപേരും ഒരുമിച്ചുകൂടി ആ തീ കെടുത്താൻ ശ്രമിച്ചല്ലോ? ഇപ്പുറത്ത് ഇന്ദിരാഗാന്ധി തെറ്റ് ചെയ്തുവെന്നാണല്ലോ അങ്ങ് പറഞ്ഞതിന്റെ ഭംഗ്യന്തരേണയുള്ള അർത്ഥം. അന്ന് ഞങ്ങളോടൊപ്പം നിന്ന ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിങ്ങൾ സൗകര്യാധിഷ്ഠിതമായി എടുക്കുന്ന സമീപനം, അന്ന് രാഷ്ട്രീയ തീരുമാനമെടുത്ത ഇന്ദിരാഗാന്ധിയെ എതിർക്കുകയും ആ തീരുമാനം പ്രചരിപ്പിക്കുന്നതിനുവേണ്ടി കൂടെ നിന്ന് ഇന്ത്യൻ കമ്മ്യൂണിറ്റ് പാർട്ടിയെ കൂടെ നിറുത്തുകയും ഇതിനെയാണ് അവസരവാദമെന്ന് പറയുന്നത്. ഈ അവസരവാദ സമീപനം എടുക്കരുത്. അതാണ് എനിക്ക് ഓർമ്മിപ്പിക്കുവാനുള്ളത്. ഇവിടെ ഈ നിയമത്തിൽ സബ് ഇൻസ്പെക്ടർ റെയ്ഡ് നടത്തുമല്ലോ, സബ് ഇൻസ്പെക്ടർ റെയ്ഡ് നടത്തിക്കഴിഞ്ഞാൽ അതിനെ സംബന്ധിച്ച് 5000 രൂപയും മൂന്ന് വർഷത്തെ തടവുമാണ് പറഞ്ഞിട്ടുള്ളത്. ഇതിന്റെ പേരിൽ അപ്പീൽ കൊടുക്കാൻ ഈ പാവപ്പെട്ട സ്ത്രീകൾ എവിടംവരെ പോകണമെന്ന് അറിയാമോ? ഡി.ഐ.ജി. യുടെ അടുത്ത്, ഡി.ഐ.ജി.യുടെ അടുത്ത്, ഡി.ഐ.ജി.യുടെ അടുത്താണ് പിന്നീട് അപ്പീൽ കൊടുക്കേണ്ടത്. ഐ.ജി.യുടെ ഭാര്യയ്ക്കുപോലും രക്ഷയില്ലായ്മ, നമ്മുടെ പാവപ്പെട്ട അമ്മമാരുടെ സഹോദരി മാരുടെ പ്രശ്നം പറയാൻ എവിടെയാണ് പോകുത്. ഐ.ജി.ക്ക് രക്ഷയില്ലാത്തിടത്ത് ഡി.ഐ.ജി. യോട് പരാതി പറയാൻ പോയിട്ട് എന്താണ് കാര്യം. അതാണ് ഇത് പ്രാകൃതമാണെന്ന് പറഞ്ഞത്. നിങ്ങൾ ജീവിതത്തിന്റെ വിവിധങ്ങളായ ആസ്പക്ട്കളെക്കുറിച്ച് ആലോചിച്ചിട്ടില്ല. ഇവിടെ മനുഷ്യാവകാകത്തിന്റെ ഏറ്റവും വലിയ ശത്രു പോലീസാണ്. ജസ്റ്റീസ് രാജന്റെ 21-2-99-ലെ പ്രസ്താവനയാണ്. ഇവിടെയുള്ള പ്രശ്നം ഈ പോലീസിനെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ആളുകൾ, അവർ തന്നെ ഇവിടെ സ്വകാര്യ ട്രെയിനിംഗ് നടത്തുകയാണ്. പോലീസിനെ നിയന്ത്രിക്കുന്ന ഗവൺമെന്റ്, പോലീസിനെ നിയന്ത്രിച്ചുക്കൊണ്ടിരിക്കുന്ന ആളുകൾ, അവർ തന്നെ ഇവിടെ സ്വകാര്യ ട്രെയിനിംഗ് തുടങ്ങിയാലോ?. കുറുന്തോട്ടിക്ക് വാതം പിടിച്ചാൽ നമ്മൾ എന്തു ചെയ്യും? വാതത്തിനുവേണ്ടി കുറുന്തോട്ടിക്ക് വാതം പിടിച്ചാലോ? പോലീസിനെ നിയന്ത്രിക്കുന്ന ആളുകൾ തന്നെ ഇവിടെ ട്രെയിനിംഗ് കൊടുത്താലോ? ഇവിടെ കണാരേട്ടൻ പറഞ്ഞല്ലോ എല്ലാ രാഷ്ട്രീയ പാർട്ടികളും ഇവിടെ വോളണ്ടറി സേനയുണ്ടെന്ന്, ആ വോളണ്ടറി സേനയ്ക്ക് ഒരബദ്ധവുമില്ല, ആ വോളണ്ടറി സേന സന്നദ്ധ സേനകളാണ്. സേവാദൾ സന്നദ്ധ സേനയാണ്. മാർക്സിറ്റ് പാർട്ടിയുടെ സന്നദ്ധ സേനയെ ഞങ്ങൾ എങ്ങനെ അംഗീകരിക്കും? ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സന്നദ്ധസേനയെ ഞങ്ങൾ എങ്ങനെ അംഗീകരിക്കും? ഒരു രാഷ്ട്രീയ പാർട്ടിയുടെ സന്നദ്ധസേനയെ ഞങ്ങൾ എങ്ങനെ അംഗീകരിക്കും? ജൂഡോ പഠിക്കുകയും ബ്ളാക്ക്ബെൽറ്റാകുകയും കരോട്ടെ പഠിക്കുകയും ആയുധ പരിശീലനം കൊടുക്കുകയും ചെയ്യുന്നത്. ആളുകളെ കൊന്നാടുക്കുന്നതിനുവേണ്ടി നമ്മുടെ റിട്ടയർ ചെയ്ത മിലിറ്ററി ഉദ്യോഗസ്ഥൻമാരേയും സർവ്വീസിലുള്ള പോലീസ് ഉദ്യോഗസ്ഥൻമാരേയും നിയോഗിച്ച് ട്രെയിനിംഗ് ക്യാംപുകളും കളരികളും നടത്തുന്നത് ഇവിടെ ഭരണം നടത്തുന്ന മാർക്സിസ്റ്റ് പാർട്ടിയാണ്. അതിനുള്ള സമാധാനം എന്താണ്? ഇവിടത്തെ മുൻ സൈനിക ഉദ്യോഗസ്ഥൻമാർ അറിയപ്പെടുന്നക്രിമിനലുകളാണ്. മാർക്സിസ്റ്റ് പാർട്ടിപ്രവർത്തകക്ക് ട്രെയിനിംഗ് നേതൃത്വം കൊടുക്കുന്നത് അവരാണ്. ഈ അടുത്ത കാലത്ത് നെയ്യാർഡാമിൽ വച്ച് നടന്ന മാർക്സിറ്റ്

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടിപ്രവർത്തകരുടെ ട്രെയിനിംഗിനെ സംബന്ധിച്ച് പത്രത്തിൽ വാർത്തവന്നല്ലോ. നെയ്യാർ ഡാമിലെ ജനവാസമില്ലാത്ത ഒറ്റപ്പെട്ട സ്ഥലങ്ങളിൽ അല്ലെങ്കിൽ വനപ്രദേശങ്ങളിൽ മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ അത്യാന്താധുനികമായ, സോഫിസ്റ്റിക്കേറ്റഡായിട്ടുള്ള ആയുധങ്ങൾ വിനിയോഗിക്കുന്നതിനുവേണ്ടി പരിശീലനം കൊടുക്കുകയാണ്. എന്തിനാണ് നിങ്ങൾ വനങ്ങളും വിജനമായ സ്ഥലങ്ങളും നോക്കിപ്പോകുന്നത്? തൃശ്ശൂരിലെ പീച്ചിക്ക് അടുത്ത ഉറവുംപാടം എന്ന സ്ഥലം വനപ്രദേശമാണ്, പത്തനംതിട്ട ജില്ലയിലെ വലിയകുളം വനപ്രദേശമാണ്, തിരുവനന്തപുരത്തെ നെയ്യാർഡാമിനടുത്തുള്ള കാളിപ്പാറയും വനപ്രദേശമാണ്. ഈ സ്ഥലങ്ങളിൽ വച്ച് മാർക്സിസ്റ്റ് പാർട്ടി എന്തിനാണ് ട്രെയിനിംഗ് കൊടുക്കുന്നത്? ആ ട്രെയിനിംഗ് കൊടുത്തത് എപ്പോഴാണെന്നറിയാമോ? ഞങ്ങൾ നിങ്ങളെ വിമർശിക്കുംപോൾ നിങ്ങൾ പറയുന്നത് ആർ.എസ്.എസ്/ ബി.ജെ.പി യെ സഹായിക്കാൻ വേണ്ടി വിമർശനം നടത്തുന്നുവെന്നാണ്. നിങ്ങൾ പറയുന്നതിനേക്കാൾ ഒരടികൂടി ഞങ്ങൾ നിങ്ങളെ വിമർശിക്കുംപോൾ നിങ്ങൾ പറയുന്നത് ആർ.എസ്.എസ്/ ബി.ജെ.പി യെ സഹായിക്കാൻവേണ്ടി വിമർശനം നടത്തുന്നുവെന്നാണ്. നിങ്ങൾ പറയുന്നതിനെക്കാൾ ഒരടികൂടി ഞങ്ങൾ/മുൻപിലാണ് ആർ.എസ്.എസ്സിനേയും ബി.ജെ.പി യേയും എതിർക്കാൻ. പക്ഷെ നിങ്ങൾ ഈ വനപ്രദേശത്ത് വച്ച് ട്രെയിനിംഗ് കൊടുത്തത് എപ്പോഴാണെന്നറിയാമോ? ഈ ജനുവരി മാസം 18-ാം തീയതി. അങ്ങ് ഇവിടെ അവതരിപ്പിച്ച ഈ ബില്ലിന്റെ ഓർഡിനൻസ് ആദ്യമായി വന്നപ്പോൾ, ഈ ഓർഡിനൻസ് പ്രാബല്യത്തിൽ ഇരിക്കുംപോഴാണ് കേരളത്തിലെ വിവിധ ജില്ലകളിലെ വനപ്രദേകങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ആളുകൾ നിങ്ങൾ പരിശീലനം കൊടുത്തത്.

<u>ശ്രീ. പാലോട് രവി</u> :സർ, ആർ എസ്.എസ് ന്റെ ആയുധ പരിശീലനത്തെക്കുറിച്ച്, അത് നിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും റെയ്ഡ് ചെയ്യുന്നതിനുമൊക്കെയുള്ള ഒരു നിയമം നിർമ്മാണം നടത്തുകയാണ്. എനിക്ക് നിയമ/വകുപ്പ് മന്ത്രിയോട് ഒരു പൊതുവായ നിർദ്ദേശമാണ് വയ്ക്കാനുള്ളത്. ശ്രീ. തരുവഞ്ചൂർ രാധാകൃഷ്ണന്റെ അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ? മറ്റു രാഷ്ടീയ പ്രസ്ഥാനങ്ങളൊക്കെ ഒളിഞ്ഞും തെളിഞ്ഞും പരിശീലനങ്ങൾ നടത്തുന്നുണ്ട്. കേരളത്തിൽ ഇന്ന് നിലവിലുള്ള കളരിപയറ്റ് ഏറ്റവും വലിയ ആയോധന കലയാണ്. അത് പ്രചരിപ്പിച്ചുകൊണ്ട് കേരളത്തിലെ സ്കൂളുകളിൽ ആയോധന കലയായ കളരിപയറ്റ് ഉൾപ്പെടുത്തിനമുക്ക് ട്രയിനിംഗുകളൊക്കെ ഒഴിവാക്കാനുള്ള നിർദ്ദേശത്തെപറ്റി ആലോലിച്ചുകൂടെ? കളരിപ്പയറ്റ് കേരളത്തിലെ എല്ലാ സ്കൂളുകളിലും ഉൾപ്പെടുത്തുന്നത് ആരോഗ്യപരമായി നല്ലതാണ്, എല്ലാവരും അംഗീകരിക്കുന്നതാണ്. അതു കൊണ്ട് കളരിപ്പയറ്റിനെ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കൂടെ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ആ നിർദ്ദേശം ചർച്ചയ്ക്കു വരട്ടെ. അതിനുമുമ്പ് എനിക്ക് ചില പ്രൊപ്പോസൽസുണ്ട്. ഇത് രാഷ്ട്രീയ കാര്യത്തിനുവേണ്ടിയുള്ളതാണ്. ഇപ്പോൾ പറഞ്ഞ ആയോധന കല അത് രണ്ടാമത്തെ കാര്യമാണ്. ഞാൻ പറയുന്നത്, പൊളിറ്റിക്കൽ പർപ്പസിനുവേണ്ടി രാഷ്ട്രീയ ശത്രുക്കളെ കൊന്നൊടുക്കുന്ന ഏറ്റവും മൃഗീയമായ സമീപനത്തെക്കുറിച്ചാണ്. അതിന് ആളുകളെ ട്രെയിൻ ചെയ്യിക്കുന്നതിനെക്കുറിച്ചുള്ള പരാതിയാണ് എനിക്കുള്ളത്. മറ്റേത്, കായികശേഷിക്കു വേണ്ടിയുള്ള ആയുധ പരിശീലനമാണ്. അതിലേയ്ക്ക് നമുക്ക് പിന്നീട് വരാം. നിങ്ങൾ കായിക പരി

LIBRARY ARCHIVES Kerala Legislative Assembly

ശീലനം നടത്തി ആളുകളെ കൊന്നൊടുക്കാൻ ശ്രമിക്കുന്നു. നിങ്ങൾ മാർക്സിസ്റ്റ് പാർട്ടി കളരി നടത്തുന്നില്ലേ? മാർക്സിസ്റ്റു പാർട്ടി പ്രവർത്തകർക്ക് ട്രെയിനിംഗ് കൊടുക്കുന്നത് എന്തിനാണ്? കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുന്നതിനാണോ കണാരേട്ടാ? സാധുക്കൾക്കുവേണ്ടിയുള്ള ക്ഷേമനിധി നടപ്പാക്കുന്നതിനു വേണ്ടിയാണോ?

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇവിടെ മാർക്സിസ്റ്റ് പാർട്ടി ആളുകളെ കൊന്നൊടുക്കുന്നതിനു വേണ്ടി കളരി നടത്തുന്നുവെന്ന് ബഹുമാനപ്പെട്ട മെമ്പർ തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിക്കുകയുണ്ടായി. എന്തെങ്കിലും എവിഡൻസ് ഉണ്ടെങ്കിൽ അത് ഇവിടെ ഹാജരാക്കണം. ഇല്ലെങ്കിൽ സംസ്ഥാനം ഭരിക്കുന്ന ജനങ്ങളോട് ഉത്തരവാദിത്വമുള്ള ഒരു പാർട്ടിയെക്കുറിച്ച് ഇങ്ങനെ ഗുരുതരമായ ഒരു ആരോപണം ഉന്നയിച്ചത് പിൻവലിച്ച് മാപ്പു പറയണം. ഇത് ഓർഡറിലാണോ എന്ന് അങ്ങ് റൂൾ ചെയ്യണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : ഇവിടെ നേരത്തെ കണ്ണൂർ സംഭവങ്ങളെക്കുറിച്ച് പല പ്രാവശ്യം പറഞ്ഞുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ഞാൻ ഉത്തരവാദിത്വത്തോടുകൂടി പറയുന്നു മാർക്സിസ്റ്റ് പാർട്ടി ഈ സംസ്ഥാനത്ത് .....(ബഹളം)..... മാർക്സിസ്റ്റ് പാർട്ടിയെക്കുറിച്ച് ഈ പത്രവാർത്ത വന്നതിനുശേഷം നിങ്ങൾ എന്താണ് നിഷേധിക്കാത്തത്? മാർക്സിറ്റ് പാർട്ടി ആയുധ പരിശീലനം നടത്തുന്നു എന്ന് പത്രവാർത്ത കേരളത്തിലെ പ്രചുരപ്രചാരണമുള്ള എല്ലാ പത്രങ്ങളിലും മാധ്യമങ്ങളിലും വന്നിട്ട് ശ്രീ. ആനത്തലവട്ടം ആനന്ദൻ ഒഴിച്ച് ഒരൊറ്റ ആളും മുന്നോട്ടു വന്നില്ലല്ലോ? എന്തുകൊണ്ടാണ് നിങ്ങൾ നിഷേധിക്കാത്തത്? നിങ്ങൾക്ക് അത് നിഷേധിക്കാൻ സാധ്യമല്ല. മാർക്സിസ്റ്റ് പാർട്ടി ഇവിടെ ആയുധ പരിശീലനം നടത്തുന്നു. ഞാൻ പറയുന്നു, മാർക്സിസ്റ്റ് പാർട്ടി നടത്തുന്ന ആയുധ പരിശീലനം പാർട്ടി കളരിയാണ്.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : സർ, മാർക്സിസ്റ്റ് പാർട്ടി ആളുകളെ കൊന്നൊടുക്കാൻ വേണ്ടി ആയുധ പരിശീലനം നടത്തുന്നു എന്നു പറഞ്ഞ ആരോപണം, അതിന് തെളിവില്ലാതെ പറയുകയാണെങ്കിൽ അത് പിൻവലിച്ച് മാപ്പ് പറയണം. അല്ലെങ്കിൽ അത് രേഖയിൽ ഉണ്ടാകാൻ പാടില്ല. അത് ഓർഡറിൽ ആണോ എന്നതിനെ സംബന്ധിച്ച് അങ്ങയുടെ റൂളിംഗ് ആവശ്യമാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : നെയ്യാർ ഡാമിലെ വിജനപ്രദേശത്ത് വച്ച് സി.പി.എം കായിക പരിശീലനം നടത്തിയ ക്യാമ്പിനെക്കുറിച്ച് പത്രത്തിൽ വന്ന ഒരു വാർത്ത. ആ പരിശീലനം, നിങ്ങൾ വിജന പ്രദേശത്തു വച്ച് കായിക പരിശീലനം നടത്തി ആളുകളെ, രാഷ്ട്രീയ പ്രതിയോഗികളെ തകർക്കുന്നതിനുവേണ്ടിയുള്ള സമീപനം, ഫിസിക്കൽ ലിക്വിഡേഷൻ നടത്തുന്നതിനുവേണ്ടിയുള്ള സമീപനം എടുക്കുകയാണ്. ഇന്നുവരെ നിഷേധിക്കാത്ത ഈ വാർത്ത ഇവിടെ നിൽക്കുകയാണ്. പിന്നെ ഞാൻ അതിന് മറുപടി പറയണ്ടേ കാര്യമുണ്ടോ?

<u>ശ്രീ. എ. കണാരൻ</u> : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഡിവൈ. എഫ്.ഐ. യുടെ സമ്മേളനം ഇവിടെ നടന്നപ്പോൾ ഒരു ലക്ഷം പേർക്ക് ട്രെയിനിംഗ് നൽകുകയുണ്ടായി. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ എ.കെ.ജി ദിനം, ഇ.എം.എസ് ദിനം, ഈ ദിനങ്ങളിലെല്ലാം വോളന്റിയർമാർ മാർച്ച് നടത്തുന്നുണ്ട്. ഇതെല്ലാം സ്വീകാര്യമായി ആയുധ പരിശീലനം നടത്തി ജന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളെ കൊല ചെയ്യാനുള്ള ഏർപ്പാടുകളല്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മനസ്സിലാക്കണം. സത്യസന്ധമായി സംസാരിക്കണം.....(ബഹളം).....

മി. ചെയർമാൻ : മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി കായിക പരിശീലനം നടത്തി ആളുകളെ കൊന്നെടുക്കാൻ ശ്രമിക്കുന്നു എന്നേ പറഞ്ഞിട്ടുള്ളൂ. ഉണ്ട് എന്ന് അദ്ദേഹം പറഞ്ഞിട്ടില്ല. അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും ആരോപണമുന്നയിക്കും. അത് രേഖയിൽ നിന്നും നീക്കം ചെയ്യേണ്ട ആവശ്യമില്ല. അങ്ങേക്ക് തുടരാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : രാഷ്ട്രീയ ലക്ഷ്യത്തിനുവേണ്ടി ഇവർ നടത്തുന്ന പരശ്രമത്തിന് എതിരായി ബഹുജന വികാരം കൊണ്ടു വരണം. അതുകൊണ്ടാണ് ഞങ്ങൾ ഈ സഭയിൽ പറയുന്നത്. ബഹുജന വികാരം കൊണ്ടുവരണം.

.....(ബഹളം).....

മി. ചെയർമാൻ : 'ശ്രമിക്കുന്നു' എന്നുള്ളത് പരസ്പരം എപ്പോഴും അങ്ങോട്ടുമിങ്ങോട്ടും ഉപയോഗിക്കുന്ന പദമാണ്.

.....(ബഹളം).....

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ഇവിടെ അദ്ദേഹം ഉന്നയിച്ചതിന് തെളിവുണ്ടോ? ..... (ബഹളം).....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുമായിരിക്കും. ചെയറിന്റെ റൂളിംഗിനെ ആർക്കെങ്കിലും ചോദ്യം ചെയ്യാൻ പറ്റുമോ?

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗങ്ങൾ ഈ സഭയിൽ എപ്പോഴും ഉപയോഗിക്കുന്ന ഒരു പദമാണ് ശ്രമിക്കുന്നു എന്നുള്ളത്. അത് നിഷേധിക്കാൻ .....(ബഹളം)..... നിങ്ങൾ നിഷേധിച്ചില്ലല്ലോ. .....(ബഹളം)..... ബഹുമാനപ്പെട്ട ആനത്തലവട്ടം ആനന്ദൻ അങ്ങ് നിഷേധിച്ചു. അതോടുകൂടി സി.പി.എം.ന് അങ്ങനെ ഒരു പരിപാടി ഇല്ല എന്നു പറഞ്ഞു. പിന്നെ രണ്ടാമത് അതിൽ വിവാദങ്ങളോ, റൂളിംഗോ ആവശ്യമില്ല.

ഭക്ഷ്യ വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, അങ്ങ് അതിൽ പോയിന്റ് ഓഫ് ഓർഡർ വല്ലതും ഉണ്ടോ എന്നു നോക്കിയാൽ മതി.

മി. ചെയർമാൻ : ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഇതിൽ പരിശോധിക്കേണ്ട കാര്യമില്ല. ശ്രമിക്കുന്നു എന്നേ പറഞ്ഞിട്ടുള്ളൂ. ഉണ്ട് എന്ന് തറപ്പിച്ചു പറഞ്ഞിട്ടില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : കാലിൽ ചവിട്ടി വഴക്ക് ഉണ്ടാക്കിയിട്ട് പിന്നെ മദ്ധ്യസ്ഥത പറഞ്ഞ് പ്രശ്നമുണ്ടാക്കുകയണാണ്. അങ്ങനെ മദ്ധ്യസ്ഥത പറഞ്ഞ് വഴക്കുണ്ടാക്കേണ്ട .....(ബഹളം).....അതിനകത്ത് എക്സാമിൽ ചെയ്യാനൊന്നുമില്ല.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, തെളിവില്ലാതെ ഇങ്ങനെ ഒരു ആരോപണം ഉന്നയിക്കുന്നത് ഓർഡറിലാണോ?

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : ആരോപണം ഉന്നയിച്ചില്ല. ശ്രമിക്കുന്നു എന്നു തന്നെയാണ്അദേഹം പ്രസംഗത്തിൽ പറഞ്ഞത്. അത് ഇല്ലാ എന്ന് അങ്ങ് നിർദേശിച്ചു. അതോടെ പ്രശ്നം തീർന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : കണാരേട്ടൻ ഇവിടെ വോളന്റിയർ സംഘടനയെ കുറിച്ച് ചോദിച്ചു. വോളന്റിയർ സംഘടന ഒരു രാഷ്ട്രീയ പാർട്ടിക്ക് ഉണ്ടാകുന്നതിൽ ഒരു തെറ്റുമില്ല. ആ വോളന്റിയർ സംഘടനയുടെ ട്രെയിനിംഗ് സുതാര്യമാക്കരുതോ? അതിനകത്ത് നമ്മുടെ ഉന്നതരായ ചില പോലീസ് ഉദ്യോഗസ്ഥൻമാരെക്കൂടി പങ്കെടുപ്പിക്കുന്നതായിട്ടാണ് എനിക്കു കിട്ടിയ റിപ്പോർട്ട്. അങ്ങനെ ഈ സംസ്ഥാനത്ത് ഭരണം നടത്തിക്കൊണ്ടിരിക്കുന്ന പോലീസിനെ നിയന്ത്രിക്കുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനം. ആ ഒരു സമീപനം എടുക്കുന്നത് ശരിയാണോ? പാവപ്പെട്ടവരെ സംഘടിപ്പിക്കുന്ന രാഷ്ട്രീയ പാർട്ടി ജനങ്ങൾക്കെതിരെ ഇങ്ങനെ പ്രതികാരം ചെയ്യുന്നതിനു വേണ്ടി ആളുകളെ ട്രെയിൻ ചെയ്യിക്കാമോ? നേരത്തെ ജനകീയാസൂത്രണം, നിങ്ങൾക്ക് ജനകീയാസൂത്രണം ഉണ്ട്, ജനകീയ മൽസ്യകൃഷിയുണ്ട്. ഇപ്പോൾ ജനകീയ പോലീസും വന്നിട്ടുണ്ട്. ജനകീയ വോട്ട്, കള്ളവോട്ട് എന്നുപറയുന്നത് ജനകീയ വോട്ടാണ്. അവസാനം ജനകീയ ജനാധിപത്യം നടപ്പാക്കുന്നതിനു വേണ്ടിയുള്ള നിങ്ങളുടെ ഓരോ പടിയും ആണ്. അതിനോട് അംഗീകരിക്കാൻ കഴിയില്ല. ഇവിടെ നടക്കുന്ന ട്രെയിനിംഗ് ഗവൺമെന്റിന്റെ ഉത്തരവാദപ്പെട്ട ആളുകൾ കൂടി മനസ്സറിഞ്ഞുകൊണ്ട് നമ്മുടെ പോലീസ് ഉദ്യോഗസ്ഥൻമാരുടെ കൂടി മൗനാനുവാദത്തോടു കൂടി കേരളത്തിൽ നടത്തുന്ന ട്രെയിനിംഗ് നിരോധിക്കുന്നതിന് ഈ ബില്ലിനകത്ത് ഏത് വകുപ്പാണുള്ളത്. അതുകൊണ്ടാണ് ഈ ബിൽ അപര്യാപ്തമാണ് എന്ന് ഞാൻ പറഞ്ഞത്. പോലീസിന്റെ കൂടി മൗനാനുവാദത്തോടുകൂടി ഒരു പറ്റം ആളുകൾക്ക് ട്രെയിനിംഗ് കൊടുക്കുകയാണ്. അത്യാധുനികമായ ആയുധങ്ങൾ എങ്ങനെ വിനിയോഗിക്കണമെന്ന് ട്രെയിൻ ചെയ്യിക്കുകയാണ്. അവർ മറുപടി പറയുന്നത് ആർ.എസ്.എസ് നെ നേരിടാൻ വേണ്ടിയാണ് ഇത് ചെയ്യുന്നത് എന്നാണ് ഞാൻ ചോദിക്കട്ടെ. ആർ.എസ്.എസ്. നെ നേരിടാൻ എവിടെയാണ് ട്രെയിൻ ചെയ്യേണ്ടത്? ആർ.എസ്.എസിനെ നേരിടണമെങ്കിൽ ആർ.എസ്.എസ് ന്റെ ശക്തിയുള്ള സ്ഥലത്ത് ട്രെയിൻ ചെയ്യണം. ആർ.എസ്.എസ്. നെ ശക്തിയുള്ള വടക്കേ ഇൻഡ്യയിലെ ഏതെങ്കിലും ഒരു സ്ഥലത്ത് മാർക്സിസ്റ്റ് സംഘടന ട്രെയിൻ ചെയ്യാൻ തയ്യാറുണ്ടോ?

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ഞാനൊരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. ഞങ്ങളുടെ പാർട്ടി പറയാത്തതും ഉദ്ദേശിക്കാത്തതുമായ കാര്യങ്ങൾ, ഞങ്ങളുടെ പാർട്ടിയായ സി.പി.എം-ന്റെതാണെന്നു പറഞ്ഞ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആവർത്തിച്ചാവർത്തിച്ച് ഈ സഭയിൽ ഉന്നയിക്കുകയുണ്ടായി. ആർ.എസ്.എസ് നെ നേരിടാൻ ട്രെയിനിംഗ് നടത്താൻ ഞങ്ങൾ പറഞ്ഞിട്ടില്ല. അതായത് സി.പി.എം പറഞ്ഞിട്ടില്ല. ഞങ്ങൾ അങ്ങനെ ട്രെയിനിംഗ് നടത്തുന്നുമില്ല. ഞങ്ങൾ മറ്റു രാഷ്ടീയ പാർട്ടികൾ ചെയ്യുന്നതുപോലെ ഡി.വൈ.എഫ്.ഐ യുടെ സമ്മേളനവുമായി ബന്ധപ്പെട്ടും അല്ലാതെയും അതിന്റെ വോളന്റിയർമാരെ പാർട്ടിയുടെ ആദ്യകാലം മുതൽ ട്രെയിൻ ചെയ്യുന്നുണ്ട്. അതുപോലെ ലീഗിന് സേനയുണ്ട്. കോൺഗ്രസിന് സേവാദൾ ഉണ്ട്. അങ്ങനെ എല്ലാപാർട്ടിക്കും ഉള്ളതുപോലെ ഞങ്ങൾക്കുമുണ്ട്. അല്ലാതെ ആളുകൾക്കിടയിൽ ചിന്താക്കുഴപ്പമുണ്ടാക്കാൻ, അക്രമത്തിനു വേണ്ടി ആയുധപരിശീലനം നടത്തുകയാണ്, മറ്റുള്ളവരെ

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലാനും കൊല്ലിക്കാനുമുള്ള സംഘടനയാണെന്ന് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെയുള്ള ഉത്തരവാദപ്പെട്ട രാഷ്ട്രീയ പാർട്ടിയെക്കുറിച്ച് ഇത്തരം ആരോപണമുന്നയിക്കുന്നത് ഓർഡറിലാണോ? അത് രേഖയിൽ ഉണ്ടാകാൻ പാടില്ല.

മി. ചെയർമാൻ : ഇവിടെ ആരോപണമൊന്നുമുണ്ടായിട്ടില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഞാനിവിടെ പറഞ്ഞത് ഉത്തരം കിട്ടാത്ത ചോദ്യമായി പത്രങ്ങളിൽ വന്ന വാർത്ത നിൽക്കുന്നു എന്നതാണ്. എന്നോടു കാണിച്ച ഈ സാഹസം ഈ വാർത്ത നിഷേധിക്കുന്നതിനുവേണ്ടി കാണിക്കാൻ പാടില്ലായിരുന്നോ. നിഷേധിക്കാത്ത വാർത്തയായി ഈ ട്രെയിനിംഗുകൾ ഇവിടെ നിൽക്കുകയാണ്. എന്റെ ആരോപണം വരാൻ പോകുന്നതെയുള്ളൂ. തോക്കിൽക്കയറി വെടിവയ്ക്കാതെ എന്റെ ആരോപണം ഗവൺമെന്റ് മനസ്സുറച്ചുകൊണ്ട് ഒരു വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് രഹസ്യ ട്രെയിനിംഗിന് നടത്തുന്നതിനുവേണ്ടിയുള്ള ഗൂഢമായ നീക്കം നടത്തുകയാണ് എന്നതാണ്. ഈ നീക്കത്തെ എതിർക്കുന്നതിന് ഞങ്ങൾക്ക് ചെയ്യാവുന്നത് ഞങ്ങൾ ചെയ്യും. അതാണ് ഒരു പ്രതിപക്ഷത്തിന്റെ കടമ. ഇവിടെ വർഗ്ഗീയ ഫാസിസ്റ്റുകളെ നേരിടുവാൻ, ആർ.എസ്.എസ്-നെ നേരിടുന്ന കാര്യത്തിൽ ഞങ്ങൾ ഏറ്റവും കൂടുതൽ മുൻപന്തിയിൽ ആണ് നിൽക്കുന്നത്. ഗുജറാത്തിൽ ഞങ്ങൾ എന്താണ് ചെയ്തത്? ഗാന്ധിപ്രതിമയുടെ മുമ്പിൽ ശ്രീമതി സോണിയാഗാന്ധി നൂറു കണക്കിന് എം.പി. മാരുടെ സഹായത്തോടു കൂടി സത്യാഗ്രഹമിരുന്നല്ലേ. ഈ പുതിയ നിയമം പാസ്സാക്കരുതെന്ന് ഗവൺമെന്റ് ഓർഡർ പിൻവലിക്കണമെന്നു പറഞ്ഞില്ലേ. എനിക്ക് നിങ്ങളോട് ഒരു ചോദ്യമുണ്ട്. ആർ.എസ്.എസ്-നു താരതമ്യേന ശക്തികുറഞ്ഞ കേരളം, ബി.ജെ.പിക്ക് ഒരു മെമ്പർ പോലും അസംബ്ലിയിലേക്ക് പറഞ്ഞുവിടാനുള്ള ശക്തി ഒരു നിയോജകമണ്ഡലത്തിലും സമാഹരിക്കാൻ കഴിയാത്ത ഒരു രാഷ്ട്രീയ പ്രസ്ഥാനത്തെ താരതമ്യേന അവർക്ക് ശക്തി കുറഞ്ഞ സ്ഥലത്തുനിന്ന് എതിർക്കുന്നത് സുഖപ്രദമാണോ? ആ എതിർപ്പിനു വലിയ കഴമ്പില്ല. അവർക്ക് ശക്തിയുള്ള സ്ഥലങ്ങളിൽ നിങ്ങൾ എന്താണുചെയ്യുക. അവർക്ക് ശക്തിയുള്ള സ്ഥലങ്ങളിൽ അവരോട് മുഖാമുഖം പൊരുതിക്കൊണ്ടിരിക്കുന്ന കോൺഗ്രസ് പ്രസ്ഥാനം തകർക്കുന്നതിനുവേണ്ടിയുള്ള സമീപനമാണ് നിങ്ങളെടുക്കുന്നത്. അവിടെയാണ് ആർ.എസ്.എസ്. നെ ഇൻഡയറക്ടായി സഹായിച്ചുകൊണ്ടിരിക്കുന്നത് ..... അങ്ങനെ ഞാൻ വഴങ്ങുകയില്ല. എന്റെ സമയമാണ്. ഞാൻ ചെയറിനോട് യോജിക്കാൻ തയ്യാറാണ്. ഞാൻ പ്രസംഗിച്ചു കൊണ്ടുനിൽക്കുമ്പോൾ വേറൊരാളെ പേരുവിളിച്ച് എന്നെ ഇൻസൾട്ടു ചെയ്യരുത്.

മി. ചെയർമാൻ : എല്ലാവർക്കും പ്രസംഗിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഒരു മെമ്പർ എന്ന നിലയിൽ എന്റെ അവകാശമാണ്. ഞാൻ കൺക്ലൂഡ് ചെയ്യാം. എന്നെ ഇരുത്താൻ വേണ്ടി വേറൊരാളിന്റെ പേരുവിളിച്ച് എന്നെ ഇരുത്താമെന്ന് നോക്കേണ്ട. ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്.

മി. ചെയർമാൻ : അങ്ങയെപ്പോലുള്ള അവകാശം എല്ലാ മെമ്പർമാർക്കുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഉണ്ട്. ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. ഇവിടെ ആയുധ പരിശീലനത്തിന്റെ കാര്യത്തിലും ബില്ലിന്റെ കാര്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിലും ഗവൺമെന്റിനു ആത്മാർത്ഥതയില്ല. പബ്ലിസിറ്റി സ്റ്റണ്ട് എന്നതിനേക്കാൾ അപ്പുറത്ത് ഇത് നടപ്പാക്കണമെന്ന് ഈ ഗവൺമെന്റിന് നിർബന്ധമില്ല. ആ ബില്ലിൽ ഈ വ്യവസ്ഥകൾകൂടി കൂട്ടിച്ചേർത്തു കുറ്റമറ്റതാക്കിക്കൊണ്ടുവരണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

<u>ശ്രീ കെ. കുട്ടി അഹമ്മദ് കുട്ടി</u> : സർ, ഈ ബില്ലിന്റെ ആശയത്തോടും ഉദ്ദേശശുദ്ധിയോടും ഞാൻ യോജിക്കുകയാണ്. വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ സ്വകാര്യസേനകളും ഗുണ്ടാസംഘങ്ങളും സംഹാരതാണ്ഡവമാടുന്ന ഒരു ഭീകരാവസ്ഥയാണ് കാണുന്നത്. കേരളം താരതമ്യേന ഭേദമായിരുന്നു. പക്ഷെ കേരളത്തിലും ഗുണ്ടാസംഘങ്ങളും കൊലയാളി സംഘങ്ങളും തലപൊക്കാൻ തുടങ്ങിയിരിക്കുകയാണ്. ഈ പ്രവണത കേരളത്തിൽ വളർന്നുവന്നുകൂടാ എന്ന കാര്യത്തിൽ നിർബന്ധബുദ്ധിയുള്ളവരാണ് നമ്മൾ. അതിൽ ആർക്കും അഭിപ്രായവ്യത്യാസവുമുണ്ടെന്ന് തോന്നുന്നില്ല. അപ്പുറത്തരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരുമൊക്കെ കേരളം സമാധാനത്തിന്റെ പച്ചത്തുരുത്തായി നിലനിൽക്കണമെന്ന ആഗ്രഹമുള്ളവരാണ്. ഇപ്പോൾ സ്ഥിതിഗതികൾ കുറെയൊക്കെ മാറാൻ തുടങ്ങിയിരിക്കുന്നു. കൊലപാതകങ്ങളുണ്ടാകുന്നു. വാടകക്കൊലയാളികൾ ഇവിടെ അരങ്ങുതകർക്കുന്നു. ഇവിടത്തെ പട്ടികൾക്കുവരെ ആളുകളെ ആക്രമിക്കുന്നതിന് വളരെ പ്രാവീണ്യം സിദ്ധിച്ചിരിക്കുന്നു. പട്ടികൾക്കും പരിശീലനം കൊടുത്തോ എന്നറിയില്ല. ഈ സ്ഥിതിയിലേയ്ക്ക് കേരളം എത്തുന്നത് തടയണമെന്ന് എല്ലാവരും ആഗ്രഹിക്കുകയാണ്. നമുക്ക് സമാധാനപരമായി ജീവിക്കണം. ആ സാഹചര്യത്തിലാണ് അക്രമപ്രവണതയ്ക്കുവേണ്ടി ആളുകളെ കൊല്ലാൻ വേണ്ടിയുള്ള കായികപരിശീലനം നിയന്ത്രിക്കണമെന്ന ഉദ്ദേശത്തോടുകൂടി ഈ ബില് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഈ ബില്ലിന്റെ ഉദ്ദേശവിവരണത്തിൽ പറഞ്ഞിരിക്കുന്നത് സമാധാനവും സുരക്ഷയും കാത്തുസൂക്ഷിക്കുന്നതിനായി പൊതുസ്ഥലങ്ങളിൽ വാളുകളും മറ്റ് മാരകായുധങ്ങളും കൊണ്ടുനടക്കുന്നത് നിരോധിക്കാൻ ജില്ലാ മജിസ്ട്രേറ്റിനെ അധികാരപ്പെടുത്തുന്ന നിയമം മുൻപുണ്ടായിരുന്നുവെങ്കിലും അക്രമത്തിന്റെയും സുരക്ഷകളുടെയും മാർഗ്ഗങ്ങളുൾപ്പെടുന്ന കായികാഭ്യാസപരിശീലന ക്ലാസുകൾ നിയന്ത്രിക്കുന്നതിന് ഇത് തികച്ചും നിഷ്ഫലമായിരുന്നുവെന്നാണ്. അതിന്റെ പേരിലാണ് പുതിയ ബിൽ കൊണ്ടുവരുന്നത്. ഇതൊക്കെ നിയന്ത്രിക്കാൻ ഇവിടെ നിയമങ്ങളും മറ്റും ഇല്ലാത്തതിന്റെ പേരിൽ ആയിരുന്നിലല ഈ കാര്യങ്ങളൊക്കെ ഇവിടെ നടന്നിരുനനത്. ശരിയായ വിധത്തിൽ അവ നടപ്പാക്കാനുള്ള ഇച്ഛാശക്തി കാണിക്കാത്തതുകൊണ്ടാണ്. ഇവിടെ കഠാര കൊണ്ടുനടക്കുന്നതിനെതിരെ നടപടി സ്വീകരിക്കാനുള്ള നിയമം ഉണ്ട്. സ്ഫോടകവസ്തുക്കൾ ഉപയോഗിക്കുന്നതിനെതിരെ നിയമമുണ്ട്. പക്ഷെ ഇത് ഇന്ന് നമ്മുടെ സംസ്ഥാനത്ത് ആളുകൾ നിർബാധം കൊണ്ടുനടക്കുകയാണ്. പലരും ഇതുമായി മുന്നോട്ടു വരുന്നുണ്ട്. സ്ഫോടകവസ്തുക്കൾ കൊണ്ടുനടന്നതിന്റെ പേരിൽ പല പാർട്ടകളിലെയും ആളുകൾ ഇതിൽ പ്രതിയായിട്ടുണ്ട്. ഒരു കാര്യം എനിക്ക് ഉറപ്പിച്ചുപറയാൻ കഴിയും. എന്റെ പാർട്ടയായ് മുസ്ലീം ലീഗിന്റെ ഒരാളും ഇതുവരെ സ്ഫോടകവസ്തുക്കൾ കൊണ്ടുവന്നതിന്റെ പേരിലോ ബോംബ് എറിഞ്ഞതിന്റെ പേരിലോ പ്രതിയായിട്ടല്ല. അതുകൊണ്ട് ഞങ്ങൾക്ക് ഈ കാര്യത്തിൽ വളരെ നിർബന്ധബുദ്ധയുണ്ട്. ഇത്തരം നിയമം അസംബ്ലിയിൽ കൊണ്ടുവരുമ്പോൾ അത് നല്ലരീതിയിൽ കർശനമായും നടപ്പാക്കാനുള്ള ഇച്ഛാശക്തി ഗവൺമെന്റ് കാണിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്ജ് : ഇവിടെ അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നുമുള്ള ആളുകൾ സംസാരിച്ച്ത് ആയുധപരിശീലനം തടയണമെന്നാണ്. അദ്ദേഹം ബോംബിന്റെ കാര്യമാണ് പറഞ്ഞത്. ഇതിൽ ആയുധങ്ങൾ ഏതൊക്കെയെന്ന് നിർവചിച്ചിട്ടില്ല. ആയുധം ഏതെന്ന് പറയണ്ടേ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞത് വനിതകളുടെ ട്രെയിനിംഗ് നടക്കുമ്പോൾ സബ്ഇൻസ്പെക്ടർമാർ കയറിച്ചെന്നാലുള്ള കുഴപ്പത്തെപ്പറ്റിയാണ്. ആയുധം എടുക്കുന്നത് കുഴപ്പമല്ലെന്ന് പറഞ്ഞു. ചൂൽ ആയുധമാണോ? അങ്ങനെയാണെങ്കിൽ ചൂലെടുത്ത് ചെവിക്കുറ്റിയിൽ കൊടുത്താൽ പോരേ. ആയുധമാവുകയില്ലല്ലോ. ആയുധം എന്ന നിർവചനത്തിൽ ഏതൊക്കെപ്പെടുന്നുവെന്ന കാഴ്ചപ്പാടിലാണ് അങ്ങ് സംസാരിക്കുന്നത്. അതിന് വ്യവസ്ഥ കാണുന്നില്ല. അതുകൊണ്ടാണ് ഞാൻ ചോദിച്ചത്. അപ്പുറത്തും ഇപ്പുറത്തും ഉള്ളവർ സംസാരിച്ചപ്പോൾ ഇതിനെപ്പറ്റി അഭിപ്രായം പറയണ്ടേ? അഭിപ്രായം പറയാതെ വർത്തമാനം പറഞ്ഞിട്ട് കാര്യമുണ്ടോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : പ്രതിപക്ഷത്തുള്ളവർ പറഞ്ഞുകൊണ്ടിരിക്കുന്നത് അതാണ്. ഈ ബില്ല് പ്രായോഗികമായി നടപ്പാക്കാൻ കഴിയാത്തതാണ്. എന്തുദ്ദേശിച്ചുകൊണ്ടാണോ ഈ ബിൽ കൊണ്ടുവന്നത് അത് നടപ്പാക്കാൻ ഈ ബില്ലുകൊണ്ട് കഴിയുകയില്ല. കാരണം രാജ്യത്ത് ക്രമസമാധാനം ഭദ്രമായി നിലനിർത്താൻ ഈ ബില്ലുകൊണ്ട് കഴിയുകയില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇവിടെ കത്തിയും വാളുമല്ല, സ്ഫോടകവസ്തുക്കളാണ് സംഘട്ടനത്തിൽ ഉപയോഗിക്കുന്നതെന്ന്. ബോംബുകളാണ്. പന്തുകളിക്കുന്നതുപോലെയാണ് പല പ്രദേശത്തും ബോംബുകൊണ്ട് കളിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇത് നടപ്പാക്കണമെങ്കിൽ, പെർമിറ്റ് എടുത്തു ആയുധ
1. PM പരിശീലനം നടപ്പാക്കിയാൽ മതിയെന്നു പറഞ്ഞാൽ നമ്മുടെ രാജ്യത്ത് വളർന്നുവരുന്ന അക്രമപ്രവണത നിയന്ത്രിക്കാൻ കഴിയുകയില്ല. അത് മനസ്സിലാക്കണം. മാത്രമല്ല ഇവിടെ ഇപ്പുറത്തിരിക്കുന്ന സഹപ്രവർത്തകർ കണ്ണൂരിനെക്കുറിച്ച് പറയുമ്പോൾ അവിടെ നിന്നും അസഹിഷ്ണുത കാണിക്കുന്നുണ്ട്. കണ്ണൂരിലായാലും എവിടെയായാലും ഇതുപോലുള്ള കൊല നടക്കണ്ടായെന്ന നിർബന്ധബുദ്ധിയുണ്ടാകണം. അതിന് നിങ്ങളെന്തിനാണ് ഇത്രമാത്രം അസഹിഷ്ണുത കാണിക്കുന്നത്? ഇൻഡ്യ നേരിടുന്ന സ്ഥിതിഗതികൾ വളരെ ഭീകരമാണ്. ഇവിടെ നിന്നുകൊണ്ട് പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും ചീത്ത വിളിച്ചാൽ നമുക്ക് പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയുമോ? ആ കൂട്ടത്തിൽ നമ്മൾ എല്ലാ കക്ഷികളും അക്രമത്തെ പ്രോൽസാഹിപ്പിക്കരുത് എന്നാണ് ഞാൻ പറയുന്നത്. കണ്ണൂരിൽ നടന്ന സംഭവങ്ങൾ, അക്രമസംഘങ്ങൾ കേരളത്തിലെ സമാധാനനില തകർക്കാൻ ശ്രമിക്കുന്നുണ്ട്. അക്രമത്തെ അക്രമം കൊണ്ട് നേരിടുകയല്ല ചെയ്യേണ്ടതെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇൻഡ്യ നേരിടുന്ന ഭീകരമായ അവസ്ഥ നമ്മൾ ലാഘവത്തോടുകൂടി കാണരുത്. നമ്മൾ എല്ലാം ഗൗരവമായി കണക്കിലെടുക്കേണ്ട ഭീകരമായ സ്ഥിതിവിശേഷമാണ് നമ്മുടെ മുൻപിലുള്ളത്. ഇന്ന് കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്നവരുടെ ആശീർവാദത്തോടും അനുഗ്രഹത്തോടും കൂടി ചില പ്രത്യേക വിഭാഗങ്ങളെ ഉൻമൂലനം ചെയ്യുവാൻ ശക്തമായ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. രാജ്യത്ത് അക്രമപ്രവണതകൾ വർദ്ധിച്ചുവരുന്നത് എങ്ങനെയെന്ന് നമ്മൾ ചിന്തിക്കേണ്ടതുണ്ട്. വളരെ ഗൗരവമായി കാണേണ്ട ചില വസ്തുതകൾ ഞാൻ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരുകയാണ്. പാഠപുസ്തകങ്ങളിൽ കുഞ്ഞുമനസ്സുകളിൽ വിദ്വേഷം വമിപ്പിക്കുന്ന രീതിയിലുള്ള വസ്തുതകൾ ഉൾക്കൊള്ളിച്ചുകൊണ്ട് രാജ്യത്ത് അരാജ

LIBRARY ARCHIVES Kerala Legislative Assembly

കത്വം സൃഷ്ടിച്ച്, പരസ്പരം സാഹോദര്യത്തോടുകൂടി സഹകരിച്ചും സഹായിച്ചും കഴിഞ്ഞിരുന്ന വ്യത്യസ്ത വിഭാഗങ്ങളെ അകറ്റാനുള്ള ശ്രമങ്ങൾ ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്. ഗുജറാത്തിൽ മഹാത്മാഗാന്ധി ജനിച്ച പോർബന്ദറിൽ 9-ാം ക്ലാസിലെ കുട്ടികളെ പഠിപ്പിക്കുന്നത് എന്താണെന്ന് അറിയാമോ? ഇവിടെ നമ്മൾ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകേണ്ട കാര്യമില്ല. 9-ാം ക്ലാസിലേക്കയ്ക്ക് ഗവൺമെന്റ് ഇറക്കിയ പാഠപുസ്തകത്തിൽ ഒരു പ്രത്യേക ഭാഗത്ത് കൊടുത്തിരിക്കുകയാണ്. ഈ രാജ്യത്തെ ക്രിസ്ത്യാനികളും പാഴ്സികളും മുസ്ലീങ്ങളും അന്യായമായി വലിഞ്ഞുകയറിവന്നു നമ്മുടെ എല്ലാ അവകാശങ്ങളും കവർന്നെടുത്ത് ഇപ്പോൾ ന്യൂനപക്ഷങ്ങളാണെന്ന് പറഞ്ഞ് പ്രത്യേക അവകാശങ്ങൾ വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ സ്നേഹത്തിന്റെ, കാരുണ്യത്തിന്റെ വിളനിലമായിതീരേണ്ട കുഞ്ഞു മനസ്സുകളിലാണ് ഇത്തരം വികാരങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നത്. അതുപോലെതന്നെ ഗുജറാത്തിലെ ചില പാഠപുസ്തകങ്ങളിൽ പൗരധർമ്മം എന്നുപറഞ്ഞുകൊണ്ട് ബി.എ.യ്ക്കുള്ള പാഠപുസ്തകത്തിൽ മുസ്ലീങ്ങൾ അടക്കമുള്ള പിന്നോക്ക വിഭാഗങ്ങൾ, ക്രിസ്ത്യാനികൾ ഒക്കെ ഇവിടെയുള്ള ഹിന്ദുവിഭാഗത്തിന്റെ ശത്രുവാകത്തക്ക വിധത്തിലുള്ള പരാമർശങ്ങളും വസ്തുതകളും ഉൾക്കൊള്ളിച്ചുകൊണ്ടിരിക്കുകയാണ്. അക്രമ പ്രവണതകൾ എങ്ങനെ വളർന്നു വരാതിരിക്കും നാളെ വളർന്നു വരേണ്ട തലമുറ, അവരിലാണ്, വിദ്വേഷം കുത്തിവയ്ക്കുന്നത്. ഇതിനെതിരെ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളും ഒന്നിച്ചുനിന്നുകൊണ്ട് പട പൊരുതേണ്ടതുണ്ട്. കേരളത്തിലേക്ക് അതിന്റെ കടന്നുകയറ്റം അനുവദിച്ചുകൂടാ എന്നാണ് ഞാൻ പറയുന്നത്. ആയുധപരിശീലനത്തെക്കുറിച്ച് എന്റെ സുഹൃത്ത് ശ്രീ. ജോർജ്ജ് ഇവിടെ പറഞ്ഞതുപോലെ, ഇതിൽ ആയുധം എന്നതിനെക്കുറിച്ച് വ്യക്തമായ നിർവചനം വേണം. ഇന്ന് ഉപയോഗിക്കുന്നത് ബോംബാണ്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : ബഹുമാനപ്പെട്ട അങ്ങ് ആയുധം സംബന്ധിച്ച നിർവചനത്തെക്കുറിച്ച് പറഞ്ഞു. എന്തെല്ലാം ആയുധം ആയിരിക്കണം ഇതിൽ വേണ്ടത്? ബോംബ് പ്രയോഗിച്ച് ഭീകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതായിട്ട് ഇവിടെ കേട്ടിട്ടുണ്ട്. ഏതാനും മിനിട്ടുകൾക്ക് മുമ്പ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ എത്രമാത്രം ശക്തമായ ഒരു നുണ ബോംബാണ് ഈ സഭയ്ക്കകത്ത് പ്രയോഗിച്ചത്. നിരന്തരമായ നുണ ബോംബുകൾ. കേരളത്തിൽ ഏറ്റവും കൂടുതൽ ജനസ്വാധീനമുള്ള രാഷ്ട്രീയ പ്രസ്ഥാനമായ സി.പി.എം.നെ തകർക്കുന്നതിനുവേണ്ടിയുള്ള ഒരു നീക്കം നടത്തിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇത്തരം നുണ ബോംബുകൾ രാജ്യത്തെ ജനാധിപത്യ പ്രസ്ഥാനങ്ങൾക്കും സമൂഹങ്ങൾക്കും എതിരെ പ്രയോഗിക്കുന്ന ഒരു സമ്പ്രദായം ഇന്ന് ഉയർന്നുവരുകയാണ്. അത് ശക്തിപ്പെട്ടുവരുകയാണ്. ഈ നുണ ബോംബുകളെയും ആയുധങ്ങളുടെ പട്ടികയിൽപ്പെടുത്തി നിരോധിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുന്നതിനോട് അങ്ങ് അനുകൂലിക്കുന്നുണ്ടോ?

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : വളരെ ഗൗരവമായ കാര്യങ്ങളെക്കുറിച്ച് പറയുമ്പോൾ അതിനെ ലഘൂകരിച്ച് കാണരുതെന്ന് എനിക്ക് പറയുവാനുള്ളത്.

<u>ശ്രീ. കെ. ബാബു</u> : ബഹുമാനപ്പെട്ട കെ. കുട്ടി. അഹമ്മദ് കുട്ടി, മാർക്സിസ്റ്റുകാരെക്കുറിച്ച് ആരു പറഞ്ഞാലും ഇവർ വിമർശിക്കാറുണ്ട്. ഇന്നത്തെ ഉന്നത പത്രങ്ങളിൽതന്നെ എ.ഐ.എസ്.എഫ്.ന്റെ പ്രമേയത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

മാർക്സിസ്റ്റ് വിദ്യാർത്ഥി സംഘടനയായ എസ്,എഫ്.ഐ.ഉം എ.ബി.വി.പി. യും ഒരുപോലെ അക്രമികളാണെന്നു പറയുന്നുണ്ട്.

മി. ചെയർമാൻ : ഈ ബില്ലിന്റെ പരിധിയിൽ നിന്നുകൊണ്ട് സംസാരിക്കണം.

ശ്രീ. കെ. ബാബു : ഇല്ല. മാർക്സിസ്റ്റ് പാർട്ടിയെക്കുറിച്ച് ആരുപറഞ്ഞാലും അവർ ഈ രീതിയിലേ പറയുകയുള്ളൂ. ആ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇന്നത്തെ പത്രങ്ങളിലുണ്ട്.

മി. ചെയർമാൻ : അങ്ങയുടെ പ്രസംഗം തീർക്കുവാൻ നോക്കണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തിനിടയിൽ ഇത്ര വമ്പിച്ച സ്വാധീനം ചെലുത്തുന്ന ഒരു പ്രസ്ഥാനത്തെക്കുറിച്ച് വളരെ മോശപ്പെട്ട നിലയിൽ ശ്രീ. കെ. ബാബു പ്രതികരിച്ചത് നന്നായില്ല. വിദ്യാർത്ഥികൾ അത്ര മോശക്കാരാണെന്നാണോ: കേരളത്തിലെ വിദ്യാർത്ഥി സമൂഹം ആ രൂപത്തിൽ മോശക്കാരാണോ? ആരു പറഞ്ഞു എന്നതല്ല. കേരളത്തിലെ ലക്ഷക്കണക്കായ വിദ്യാർത്ഥികൾ അവരുടെ നേതാവായിട്ട് അംഗീകരിച്ചതുകൊണ്ട് കേരളത്തിലെ എല്ലാ ജനാധിപത്യ വേദികളും എസ്.എഫ്. ഐ.ക്കാർക്കാണ് നൽകുന്നത്. കേരളത്തിലെ വിദ്യാർത്ഥികൾ തെരഞ്ഞെടുക്കുന്ന മഹത്തായ പ്രസ്ഥാനത്തെ മോശമായി ചിന്തിക്കുന്നത് ശരിയോണോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : വളരെ ഗൗരവമായി കാണേണ്ട ഭീകരമായ സ്ഥിതിവിശേഷമാണ് നമ്മുടെ മുമ്പിലുള്ളത്. നമ്മുടേത് ചെറിയ ഒരു സംസ്ഥാനമാണ്. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൊച്ചു സംസ്ഥാനമാണ് കേരളം. മറ്റു സംസ്ഥാനങ്ങളിൽ ഫാസിസ്റ്റ് ശക്തികൾ അധികാരത്തിൽ കയറിക്കൊണ്ടിരിക്കുകയാണ്. അവിടെയെല്ലാം അവർ പിടിമുറുക്കുകയാണ്. അവർ ഇൻഡ്യയിലെ സമാധാനത്തിന് പൊതുവേ വിഘാതമുണ്ടാക്കുന്ന രീതിയിലുള്ള പരിപാടികളുമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. നമുക്ക് ചിന്തിക്കാനും സ്വപ്നം കാണാൻപോലും കഴിയാത്ത അത്ര ഹീനമായ രീതിയിലാണ് മുന്നേറിക്കൊണ്ടിരിക്കുന്നത്. അത് തടയുവാൻവേണ്ടി നമ്മൾ ഒരുമിക്കണം. പകരം ഈ കാര്യത്തിൽ എതിർക്കരുതെന്നാണ് എനിക്ക് പറയുവാനുള്ളത്. നമുക്ക് ഈ കാര്യത്തിൽ അഭിപ്രായ സമന്വയമുണ്ട്. നമ്മൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസം പൊളിറ്റിക്സാണ്. നമ്മൾ തമ്മിൽ ധാരാളം കാര്യങ്ങളിൽ അഭിപ്രായ വ്യത്യാസമുണ്ട്. നിങ്ങളുടെ ഭരണത്തെക്കുറിച്ച് ഞങ്ങൾക്ക് വളരെ മോശമായ അഭിപ്രായമാണുള്ളത്. ഉള്ളതുപറയാമല്ലോ; അതേ സമയം ഞങ്ങൾ പറയുന്നതിനോട് നിങ്ങൾക്കും അഭിപ്രായ വ്യത്യാസമുണ്ടാകാം. നമ്മൾ ഒന്നിച്ചു നേരിടേണ്ട ഭീകരമായ ഒരു സ്ഥിതിവിശേഷത്തെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. ഈ അക്രമവും ഭീകരവുമായ സ്ഥിതിവിശേഷവും ഉണ്ടാക്കുന്നത് നമ്മളിൽപ്പെട്ടവരല്ല. നമ്മൾ ആരും ഇതിന്റെ ആളുകളല്ല. പക്ഷെ അവർക്ക് ഇവിടെ വളർന്നുവരാൻ ഇടയാകുന്ന സാഹചര്യം സൃഷ്ടിക്കുവാൻ ഉതകുന്ന രീതിയിൽ നമ്മളാരും പെരുമാറിക്കൂടാ. അതുകൊണ്ടാണ് ഇപ്പുറത്തിരിക്കുന്നവർ കണ്ണൂരിൽ അക്രമം നിർത്തണമെന്നു പറയുന്നത്. അതുപോലെ ആയുധ പരിശീലനത്തെക്കുറിച്ചും. അതു നിയന്ത്രിക്കുന്നതിനെക്കുറിച്ചും കായിക പരിശിലനം നിയന്ത്രിക്കുന്നതിനെക്കുറിച്ചുമൊക്കെ ഇവിടെ സംസാരിച്ച എല്ലാപേരും പറഞ്ഞു. എന്റെ സുഹൃത്ത് ശ്രീ. ഇസ്ഹാക്ക് കുരിക്കൾ പറഞ്ഞതുപോലെ പരിശീലനം കൊടുക്കുന്നതിൽ പല പോലീസ് ഉദ്യോഗസ്ഥന്മാരുണ്ടെന്ന്, പല പഠനങ്ങളിലും കമ്മീഷൻ റിപ്പോർട്ടുകളിലൊക്കെ പറഞ്ഞിട്ടുണ്ട്. അത് നമ്മൾ കാര്യമായി ശ്രദ്ധിക്കണം. ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥന്മാർതന്നെ പരിശീലനം കൊടുക്കുവാൻവേണ്ടി ശ്രമിക്കുമ്പോൾ അതു തടയുവാൻ നമുക്ക് കഴിയണം. അതുതന്നെയാണ് ഇന്ന് ഇവിടെ ചോദ്യങ്ങളിലൂടെ ചോദിച്ചതും. ഇവിടത്തെ ഇന്റലിജൻസ് വിംഗ് വളരെ മോശമാണ്. കാർഗിലിൽ ശത്രുക്കൾ കടന്നുവന്നത് അറിയുവാൻ നമ്മുടെ ഇന്റലിജൻസ്വിംഗിന് കഴിഞ്ഞില്ല എന്നത് ഒരു വലിയ വീഴ്ചയാണ് എന്ന് സുബ്രഹ്മണ്യൻ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നുണ്ട്. കേരളത്തിലും സ്ഥിതി ഇതുതന്നെയാണ്. നടക്കുവാൻ പോകുന്ന സംഭവങ്ങളെക്കുറിച്ച് നാട്ടിലുള്ള ആളുകൾ അറിഞ്ഞാൽപ്പോലും ഇവിടത്തെ ഇന്റലിജൻസ്വിംഗ് അറിയുവാൻ പോകുന്നില്ല. അതു കാര്യമായിട്ട് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അക്രമം തടയാനാണ് നമ്മൾ ഉദ്ദേശിക്കുന്നതെങ്കിൽ നമ്മൾ ധാരാളം കാര്യങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. ഇവിടെ ആയുധ പരിശീലനത്തെക്കുറിച്ച് പറയുന്നുണ്ട്. ആയുധങ്ങൾ എങ്ങനെ കടന്നുവരുന്നു എന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. 'ഔട്ട്ലുക്കിൽ' വന്ന ഒരു ലേഖനത്തിലെ ചില കാര്യങ്ങളെക്കുറിച്ച് ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. ബർമ്മീസ് ഭരണകൂടത്തിന് എതിരെ തീവ്രവാദ ചിന്താഗതിയുമായി ഭരണത്തെതന്നെ അട്ടിമറിക്കുവാൻ വേണ്ടി അവിടെ രൂപം കൊണ്ട ഒരു തീവ്രവാദ സംഘടനയിലെ വിദ്യാർത്ഥികൾ, അവരെ ഇൻഡ്യയുടെ പ്രതിരോധമന്ത്രി ശ്രീ.ജോർജ്ജ് ഫെർണാണ്ടസ് വിളിച്ചുവരുത്തുകയുണ്ടായി. അദ്ദേഹത്തിന്റെ വീട്ടിലാണ് അവർക്ക് ഊണ് കൊടുത്തത്. ബർമ്മയിലെ ഭരണകൂടവുമായി നല്ല രീതിയിൽ പോകുമെന്ന് ഇൻഡ്യൻ പ്രതിനിധികൾ പറയുമ്പോൾ ബർമ്മയിലെ ഭരണാധികാരികൾ പറയുന്നത് ഞങ്ങളെ അട്ടിമറിക്കുവാൻ ശ്രമിക്കുന്ന ഭീകരവാദികളെ നിങ്ങളുടെ മന്ത്രിതന്നെ പച്ചപരവതാനി വിരിച്ച് സ്വീകരണം നൽകി എന്നാണ്. എങ്ങനെ നമ്മുടെ രാജ്യം നന്നാകും. ആ തീവ്രവാദികൾ ഇൻഡ്യയിൽ ആൻഡമാൻ മുഖേന കടക്കുവാൻ ശ്രമിച്ചപ്പോൾ നമ്മുടെ സേന അവരെ തടയുകയുണ്ടായി. ഏറ്റുമുട്ടലിൽ നമ്മുടെ സേനാനികൾ മരിക്കുകയുമുണ്ടായി.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

അന്നേരമാണ് നമ്മുടെ പ്രതിരോധവകുപ്പുമന്ത്രിയുടെ ഉത്തരവു വരുന്നത്. അവർക്ക് കടന്നുവരാനുള്ള എല്ലാ സാഹചര്യവും കൊടുക്കണമെന്ന്. ആ തീവ്രവാദി സംഘടനയ്ക്ക് കടക്കാനുള്ള അവസരം ഇൻഡ്യയിൽ കൊടുത്തപ്പോഴാണ് മറ്റു തീവ്രവാദി സംഘടനകൾക്ക് ആയുധങ്ങൾ കടത്താനുള്ള സൗകര്യമുണ്ടായത്. ഇതു നമ്മൾ വളരെ ഗൗരവമായി ചിന്തിക്കേണ്ടതാണ്. കേരളത്തിലെ വിമാനത്താവളങ്ങളിൽ എൽ.ടി.ടി.ഇ-ക്കാർ വരുകയും അവർ മുഖേന കുറേ ആയുധങ്ങൾ ഇവിടെ കടന്നിട്ടുണ്ടെന്നും പറയുന്നുണ്ട്. അതും നമ്മുടെ ഗവൺമെന്റ് കാര്യമായി ശ്രദ്ധിച്ചിട്ടില്ല. ഇവിടെ അക്രമപ്രവണതകൾ വളർന്നു വരുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കുമ്പോൾ ഒരു കാര്യം നാം മനസ്സിലാക്കേണ്ടതുണ്ട്. കുട്ടികളിൽ അക്രമപ്രവണത വളർത്തിയെടുക്കുന്ന രീതിയിലുള്ള കാര്യങ്ങളുമായിട്ടാണ് ഇന്ന് സിനിമകളും പുസ്തകങ്ങളും പുറത്തു വരുന്നത്. അതു തടയേണ്ടതുണ്ട്. ഈയടുത്ത കാലത്തു നടന്ന ബോംബുസ്ഫോടനങ്ങളെല്ലാം സിനിമയിലെ ചില കാര്യങ്ങൾ കണ്ടുകൊണ്ടാണെന്നുള്ളത് വസ്തുതയാണ്. അത് അവർക്ക് പ്രചോദനം നൽകുന്നവയാണ്. ഈ ബില്ലിൽ കായിക പരിശീലനം നിരോധിക്കുക എന്ന കാര്യം മാത്രമായി ഒതുക്കരുത്. കേരള സംസ്ഥാനം എന്നും സമാധാനത്തിന്റെ പച്ചത്തുരുത്തുമായി നിലനിൽകണം. അതിനനുസൃതമായ രീതിയിൽ കാര്യങ്ങൾ നീക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെങ്കിൽ അതിനുള്ള എല്ലാവിധ നടപടികളും സ്വീകരിക്കണമെന്നു പറഞ്ഞു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ ചന്ദ്രശേഖരൻ നായർ) : സർ, ഈ ബില്ലിന്റെ പ്രധാനപ്പെട്ട ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ച് യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. ചിലർ പറഞ്ഞ ത്, ഇതു കുറേക്കൂടി കാര്യക്ഷമമാക്കണമെന്നാണ്. ബാക്കി പ്രസംഗം മുഴുവൻ രാഷ്ട്രീയ വാദപ്രതിവാദങ്ങളായിരുന്നു എന്നുള്ളതല്ലാതെ ഈ ബിൽ വേണ്ടെ ന്നോ, ഈ ബില്ലിന്റെ കണ്ടൻസിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസമോ പറ ഞ്ഞിട്ടില്ല. അപൂർവ്വം ചിലർ ചില സംശയങ്ങൾ പറഞ്ഞുവെന്നേയുള്ളൂ. ഈ ബില്ലിന്റെ പ്രധാനപ്പെട്ട ഉദ്ദേശമെന്നു പറയുന്നത്. എല്ലാവരും പറയുന്നതു പോലെ ആർ, എന്ത് എന്നുള്ളതല്ല. നമ്മുടെ രാജ്യത്തെ പല രീതിയിലുള്ള ട്രെയിനിംഗ് കൊടുത്ത് രാജ്യത്തെ ക്രമസമാധാനം അപകടപ്പെടുത്തുന്നതിനെ പ്രതിരോധിക്കാൻ ഇന്നുള്ള നിയമം പോരാ. കുറച്ചു നിയന്ത്രണം ഏർപ്പെടു ത്തണമെന്നുള്ളതാണ് ഈ ബില്ലിന്റെ ഉദ്ദേശം. ഇന്ന് ഡിസ്ട്രിക്ട് മജിസ്ട്രേ റ്റിന് ആയുധങ്ങൾ നിരോധിക്കാൻ മാത്രമേ അവകാശമുള്ളൂ. അദ്ദേഹത്തിന് ആയുധം കൊണ്ടു നടക്കുന്നത് നിരോധിക്കാം. ഇതിൽ എക്സംപ്റ്റ് ചെയ്യേണ്ട തിനെ മുഴുവൻ എക്സംപ്റ്റ് ചെയ്തിട്ടുണ്ട്. അതിൽ വിദ്യാഭ്യാസ സ്ഥാപനങ്ങ ളിൽ നടക്കുന്ന സകല ട്രെയിനിംഗിനെയും എക്സംപ്റ്റ് ചെയ്തിട്ടുണ്ട്. സ്പോർട്ട്സ് കൗൺസിലിന്റെയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും അംഗീ കാരമുള്ള ക്ലബ്ബുകൾ നടത്തുന്ന കായിക പരിശീലനത്തിനെയും എക്സംപ്റ്റ് ചെയ്തിട്ടുണ്ട്. അല്ലാതെ രാഷ്ട്രീയപാർട്ടികൾ പ്രകടനങ്ങൾക്കു വേണ്ടി ആളു കളെ ലെഫ്റ്റ്, റൈറ്റ് പഠിപ്പിക്കുന്നത് ഇന്നു തുടങ്ങിയതല്ല. ഇൻഡ്യൻ നാഷ ണൽ കോൺഗ്രസ്സിന്റെ യോഗങ്ങളിൽ, പഴയ സിനിമകളൊക്കെ കണ്ടാലറി യാം. അന്നെല്ലാം പണ്ഡിറ്റ് നെഹ്റുവിനെപ്പോലുള്ള ആളുകൾ കുതിരപ്പു റത്തു വരുന്നതുമെല്ലാം നമ്മൾ കണ്ടിട്ടുണ്ട്. അക്കാലത്ത് വോളന്റിയേഴ്സിന്റെ കയ്യിൽ വടികളുണ്ട്. എന്നു വിചാരിച്ച് ബ്രിട്ടീഷുകാരുപോലും അതു നിരോധി ച്ചിട്ടില്ല. സ്വാതന്ത്ര്യസമരകാലത്ത് കോൺഗ്രസ്സിന്റെ വോളന്റിയർമാർ വടിയും പിടിച്ചു പ്രകടനം നടത്തിയപ്പോൾ ബ്രിട്ടീഷുകാർ പോലും നിരോധിച്ചില്ല. സായുധകലാപം നടത്താൻ പോകുന്നതല്ല. ഡി.വൈ.എഫ്.ഐ-യുടെ അഖി ലേന്ത്യാ സമ്മേളനത്തിൽ പത്തു-പതിനായിരം ആളുകളെ രണ്ടോ മൂന്നോ ആഴ്ചകൊണ്ട് ട്രെയിനിംഗ് കൊടുത്ത് ചുവന്ന ഉടുപ്പൊക്കെ ഇട്ടു നടത്തി യാൽ അവരെല്ലാം ആയുധകലാപം ഉണ്ടാക്കാൻ പോകുന്നവരല്ല. അതു പോലെ എല്ലാ പാർട്ടികളും നടത്തുന്നുണ്ട്. കോൺഗ്രസ്സ് ഒരു സമ്മേളനം നടത്തുകയാണെങ്കിലും കാണും. ഒരാൾ ബോംബു കൊണ്ടുവന്നാലോ എന്നു ചോദിക്കുകയുണ്ടായി. ബ്രിട്ടീഷുകാരുടെ കാലത്ത് ഇവിടെ ചില ഭീകരപ്ര വർത്തനങ്ങളൊക്കെ നടന്നിട്ടുണ്ട്. അതൊന്നും പരസ്യമായി പ്രകടനം നടത്തി യശേഷമല്ല. ക്രമസമാധാനത്തകർച്ച ഉണ്ടാകത്തക്ക രീതിയിൽ ട്രെയിനിംഗ് നടത്തുന്നുണ്ടെങ്കിൽ അതുണ്ടാകാതിരിക്കാൻ ശ്രമിക്കണം. ഈ പറഞ്ഞ കാറ്റ ഗറിയിൽപ്പെടാത്തവരാരെങ്കിലും ട്രെയിനിംഗ് കൊടുക്കുകയാണെങ്കിൽ അവർക്ക് ഒരു പെർമിറ്റ് വേണമെന്നാണ് പറഞ്ഞിട്ടുള്ളത്. അതിനു ചിലർ ചോദിച്ചത്, ബില്ലിൽ ആയുധങ്ങളുടെ നിർവചനമെന്താണെന്ന്? പെർമിറ്റ് കൊടുക്കുന്നതിനെ സംബന്ധിച്ച് ചട്ടങ്ങളിൽ ദീർഘമായ വ്യവസ്ഥയുണ്ടാ കണം. ആ ചട്ടങ്ങളിൽ എന്തുതരം ട്രെയിനിംഗ് കൊടുക്കാം. പെർമിറ്റ് കിട്ടണ മെങ്കിൽ എന്തെല്ലാം കൺടീഷൻസ് വേണം. പെർമിറ്റിന് എന്തു ഫീസ് ഏർപ്പെ ടുത്തുന്നു എന്നുള്ള കാര്യങ്ങൾ ആണ്. അതിനെക്കുറിച്ച് ആരും ഭയക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

തില്ല. ചിലർ തെറ്റിദ്ധരിച്ചിരിക്കുന്നത്. ഇത് ആർ.എസ്.എസ്.നെ നിയന്ത്രിക്കാനായിട്ടുള്ള ഒരു ബിൽ എന്നാണ്. അങ്ങനെയൊന്നുമല്ല. ഈ രാജ്യത്ത് അപകടമുണ്ടാകത്തക്ക രീതിയിൽ മതത്തിന്റെ പേരിലായാലും ജാതിയുടെപേരിലായാലും രാഷ്ട്രീയത്തിന്റെ പേരിലായാലും, എന്തായാലും ശരി, ട്രെയിനിംഗ് നടത്തുകയാണെങ്കിൽ അത് എങ്ങനെ നടത്തുന്നു എന്നുള്ളതിന് അല്പം സുതാര്യത വേണമെന്നുള്ളതാണ്. ട്രെയിനിംഗ് നടത്തരുതെന്നല്ല. ട്രെയിനിംഗ് പെർമിഷൻ വാങ്ങിച്ചു നടത്തണം എന്നുള്ളതാണ്. എല്ലാ രാഷ്ട്രീയ പാർട്ടികളും മീറ്റിംഗ് നടത്തുന്നതിന് മൈക്കിന് പെർമിഷൻ വാങ്ങിക്കുന്നുണ്ട്. അതുപോലെ പെർമിഷനോടുകൂടി ആയിരിക്കണം. എന്തൊക്കെ നടക്കുന്നു എന്നറിയാൻ സാധിക്കണം. ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന് ട്രെയിനിംഗ് നടത്തുന്ന ഒരു സ്ഥലത്ത് പോകാൻ പറ്റാത്തതുകൊണ്ടാണ് പോലീസ് ഓഫീസറുടെ കീഴിലാണെന്ന് പറയുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരു നിയമജ്ഞനാണ്. അദ്ദേഹത്തിനും ഇത് അറിയാവുന്നതാണ്. അറസ്റ്റ് ചെയ്യുന്നത് പോലീസ് ഓഫീസറാണെന്നു പറഞ്ഞാൽ പോലീസ് കോൺസ്റ്റബിളും പോലീസ് ഓഫീസറാകും. ഓരാൾ കുറ്റകൃത്യം ചെയ്താൽ അയാളെ അറസ്റ്റ് ചെയ്യുന്നതിന് പോലീസ് കോൺസ്റ്റബിളിന് നിയമമനുസരിച്ച് അധികാരം കൊടുത്തിട്ടുണ്ട്. പോലീസ് കോൺസ്റ്റബിൾ തന്നെ വേണമെന്നില്ല. ആക്ചൽ സിറ്റുവേഷന്റെ മുമ്പിലാണെങ്കിൽ ഏതൊരു individual- നും ആ റൈറ്റ് confer ചെയ്യാം. ഒരു പോലീസുകാരനായി എനിക്കും തൽക്കാലം നിൽക്കാം. എന്റെ മുന്നിൽ വച്ച് ഒരു ക്രൈം നടത്തുകയാണെങ്കിൽ എനിക്കും നിൽക്കാം. പക്ഷേ ഇവിടെ എല്ലാ പോലീസുകാരെയും അയക്കുന്നില്ല. ഒരു സബ് ഇൻസപെക്ടറുടെ ലവലിൽ കുറയാത്ത, ഒരാൾക്ക് അവിടെപ്പോയി എന്താണ് നടക്കുന്നതെന്ന് നോക്കാവുന്നതാണ്. അവിടെ നിന്ന് അവർക്ക് അറസ്റ്റു ചെയ്യാൻ പാടില്ല. കേസെടുക്കണമെങ്കിൽ എങ്ങനെയാണ്, ഏതെങ്കിലും പ്രോസിക്യൂഷൻ ... They should get the permission of the District Magistrate. ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിന്റെ അംഗീകാരത്തോടുകൂടി മാത്രമേ പ്രോസിക്യൂഷൻ നടപടികൾ എടുക്കാൻ പാടുള്ളൂ. ഇത് സബ്ജക്ട് കമ്മിറ്റിക്ക് വിട്ട്, അവിടെ വച്ച് എന്തെങ്കിലും ലൂപ്ഹോൾസ് ഉണ്ടെന്നുണ്ടെങ്കിൽ പരിശോധിക്കാവുന്നതാണ്. ഏതായാലും ഒരു കാര്യത്തിൽ നമുക്ക് അഭിപ്രായ വ്യത്യാസമില്ല. ഓരോ സാഹചര്യത്തിലാണ് ഓരോ നിയമനിർമ്മാണം വേണ്ടത്. അഖിലേന്ത്യാതലത്തിൽ, കേരളത്തിൽ ചില കോൺഫറൻസുകളിലൊക്കെ എനിക്കു കിട്ടിയിരിക്കുന്ന വിവരം ഇതു മറ്റു സംസ്ഥാനങ്ങളിലും തുടങ്ങിക്കഴിഞ്ഞു എന്നാണ്. ഇത്തരത്തിൽ ഇൻഡ്യയിലും ആഭ്യന്തരകലാപവും മറ്റും സൃഷ്ടിക്കത്തക്ക രീതിയിൽ ട്രെയിനിംഗ് കൊടുക്കുന്നത് നിരോധിക്കണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ഇതിൽ ഒരു തെറ്റിദ്ധാരണയുണ്ടെന്നു തോന്നുന്നു. ഈ നിയമം നടപ്പിലാകുമ്പോൾ ഗവൺമെന്റ് ഏതെന്നുള്ളതല്ല. നിയമത്തെ മാത്രം നോക്കണം. അങ്ങയുടെ വിമർശനം മുഴുവൻ വരുന്നത് മാർക്സിസ്റ്റു പാർട്ടി ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്യുന്നുവെന്നാണ് ഈ നിയമത്തെ പ്രതിരോധിക്കേണ്ട കാര്യമില്ല. അങ്ങയുടെ മനസ്സിൽ ഉള്ള ഭയമെന്താണെന്നുവച്ചാൽ, മാർക്സിറ്റുപാർട്ടിതന്നെ ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്തു ട്രെയിനിംഗ് നടത്തുവെന്നുള്ളതാണ്. അങ്ങേയ്ക്ക് confidence ഉണ്ടെങ്കിൽ, ഹോം മിനിസ്റ്ററാകുമെന്നുള്ള ധാരണയുണ്ടെങ്കിൽ ഈ വകുപ്പു വേണോ എന്നു ആലോചിച്ചാൽ മതി. ഗവൺമെന്റുകൾ മാറി മാറി വരും. പക്ഷെ നിയമം വേണമെന്നുള്ളതാണ്. അതിന് ഈ നിയമം ആവശ്യമുള്ളതാണെന്നാണ്. എന്റെ അഭിപ്രായം. ഇതിനെക്കുറിച്ച് കൂടുതൽ ഞാൻ വിസ്തരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നില്ല. ഏതു ഗവൺമെന്റുണ്ടായാലും ഇത്തരമൊരു നിയമം ഇന്നത്തെ ഭാരതത്തിന്റെയും കേരളത്തിന്റെയും പ്രത്യേക രാഷ്ട്രീയ അന്തരീക്ഷത്തിൽ ആവശ്യമാണെന്നുള്ളതുകൊണ്ട് ഈ ബിൽ ആഭ്യന്ത കാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നു അഭ്യർത്ഥിക്കുന്നു. സബ്ജക്ട് കമ്മിറ്റി നോട്ടീസിൽ ഒരു ചെറിയ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇന്ന് അസൗകര്യമുള്ളതുകൊണ്ട് നാളെ ഉച്ചയ്ക്ക് 12.30-ന് കൂടുന്നതിനായിട്ടുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ അഭിപ്രായമനുസരിച്ച് 6-ാം തീയതി ഇതു പാസ്സാക്കണമെന്നുള്ളതാണ്. അതുകൊണ്ട് ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള കാര്യം എല്ലാവരും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച ഓർഡിനൻസ് നിരാകരണപ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മൊയിൻകുട്ടി അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. രാഘവൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ : 2000 -ത്തിലെ കേരള പോലീസ് (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച X- നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ചും.....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്. 2000 ഫെബ്രുവരി 29-ാം തീയതി രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.20 ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വെച്ചിട്ടുണ്ട്, എറണാകുളം, കോഴിക്കോട് റീജിയണൽ ലാബുകളിൽ കെമിസ്റ്റ് തസ്തികകൾ അനുവദിച്ചിട്ടില്ല.

(ഇ) എറണാകുളം റീജിയണൽ ലാബിൽ കെമിസ്റ്റ് തസ്തിക അനുവദിച്ചിട്ടില്ല.

(എഫ്) തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലാബിൽ കെമിസ്റ്റ് ഗ്രേഡ് -2 തസ്തിക രണ്ടെണ്ണം നിലവിലുണ്ട്. റീജിയണൽ ലാബുകളിൽ തസ്തിക നിലവിലില്ല.

(ജി) ഉണ്ട്

(എച്ച്) നിവേദനം പരിശോധിച്ച് വരുന്നു

തിരുത്തിയ ഉത്തരം

(എ) 20.12.1966-ലെ ജി.ഒ. (എം.എസ്) 922/66/എച്ച്.എൽ.ഡി നമ്പർ പ്രകാരം എറണാകുളം, കോഴിക്കോട് ജില്ലാ ലാബുകളെ റീജിയണൽ ലാബുകളായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) തിരുത്തലില്ല

(സി) തിരുത്തലില്ല

(ഡി) തിരുത്തലില്ല

(സി) (10) 6500-10500 രൂപ ശമ്പള സ്കെയിലിലുള്ള കെമിസ്റ്റ് തസ്തിക എറണാകുളം-1, കോഴിക്കോട്-1 കൂടി ചേർക്കേണ്ടതാണ്

(ഡി) 20.12.96-ലെ ജി.ഒ.)(എം.എസ്) 922/66/എച്ച്.എൽ.ഡി. പ്രകാരം എറണാകുളം, കോഴിക്കോട് റീജിയണൽ ലാബുകളിൽ ഓരോ കെമിസ്റ്റ് തസ്തിക അനുവദിച്ചിട്ടുണ്ട്.

(ഇ) ടി തസ്തിക തിരുവനന്തപുരം പി.എച്ച്. ലാബിലേക്ക് മാറ്റിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) റീജിയണൽ ലാബുകളിൽ തസ്തിക നിലവിലില്ല എന്നത് റീജിയണൽ ലാബുകളിൽ ഓരോ തസ്തിക നിലവിലുണ്ട് എന്ന് തിരുത്തി വായിക്കേണ്ടതാണ്.

(ജി) തിരുത്തലില്ല

(എച്ച്) തിരുത്തലില്ല

അനുബന്ധം - 5
പത്താം കേരള നിയമസഭ

ബിൽ നമ്പർ 229

2000-ത്തിലെ കേരള പോലീസ് (ഭേദഗതി) ബിൽ

1960-ലെ കേരള പോലീസ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ

പീഠിക-1960-ലെ കേരള പോലീസ് ആക്റ്റ് താഴെ കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമാക്കിയിരിക്കയാൽ:

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അമ്പത്തി ഒന്നാം സംവത്സരത്തിൽ താഴെപ റയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും പ്രാരംഭവും :- (1) ഈ ആക്റ്റിന് 2000-ത്തിലെ കേരള പോലീസ് (ഭേദഗതി) ആക്ട് എന്ന് പേർ പറയാം.

(2) ഇത് 2000-ാമാണ്ട് ജനുവരി മാസം 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 18-ാം വകുപ്പിനുശേഷം പുതിയ വകുപ്പുകൾ ചേർക്കൽ-1960 ലെ കേരള പോലീസ് ആക്റ്റിലെ (1961-ലെ 5) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 18-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകു പ്പുകൾ ചേർക്കേണ്ടതാണ്, അതായത്:-

"18 എ ചിലതരം കായിക പരിശീലനങ്ങൾക്ക് നിയന്ത്രണം- തൽസ മയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അട ങ്ങിയിരുന്നാലും, യാതൊരാളും-

(എ) ഇക്കാര്യത്തിനായി, സർക്കാർ വിജ്ഞാപനം ചെയ്ത ഒരു അധി കാരസ്ഥൻ നൽകിയ ഒരു പെർമിറ്റ് കൈവശമില്ലാതെ സ്വന്തമായോ തനിക്കു വേണ്ടി മറ്റേതെങ്കിലും ആൾ മുഖേനയോ പൊതുജനങ്ങളിൽ ഒന്നോ അതില ധികമോ ആളുകൾക്ക് ആക്രമണത്തിന്റെയോ സ്വയരക്ഷയുടെയോ മാർഗ്ഗങ്ങൾ ഉൾപ്പെടുന്ന കായികാഭ്യാസ പരിശീലനം നൽകുവാനോ; അഥവാ

(ബി) തന്റെ ഉടമസ്ഥതയിലോ കൈവശത്തിലോ ഉള്ള ഏതെങ്കിലും പരിസരം അങ്ങിനെയുള്ള പരിശീലനത്തിനുവേണ്ടി അനുവദിക്കുവാനോ അഥവാ ഇക്കാര്യത്തിൽ ഒരു പെർമിറ്റ് കൈവശമില്ലാത്ത ആരെങ്കിലും നൽകുന്ന അത്തരം പരിശീലനം സംഘടിപ്പിക്കുവാനോ അതിന് പ്രേരിപ്പിക്കു വാനോ അതിൽ പങ്കെടുക്കുവാനോ പാടുള്ളതല്ല:

എന്നാൽ, 2000 ജനുവരി 18-ാം തീയതി അങ്ങനെയുള്ള പരിശീലനം നൽകുന്ന ഒരാൾ പ്രസ്തുത തീയതി മുതൽ മൂന്നു മാസത്തിനകമോ സർക്കാർ നീട്ടിക്കൊടുക്കാവുന്ന ആറ് മാസത്തിൽ കവിയാത്ത കാലയളവിനുള്ളിലോ അക്കാര്യത്തിനായി ഒരു പെർമിറ്റ് അപേക്ഷിച്ച് വാങ്ങിയിരിക്കേണ്ടതാണ്:

എന്നിരുന്നാലും,-

(i) സർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ളതോ സംസ്ഥാനത്തെ ഏതെങ്കിലും സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തി ട്ടുള്ളതോ ആയ വിദ്യാഭ്യാസ സ്ഥാപനത്തിലെ പാഠ്യ പദ്ധതിയുടെയോ പഠന ക്രമത്തിന്റെയോ ഭാഗമായോ; അഥവാ,

(ii) കേരള സ്പോർട്സ് കൗൺസിലിന്റെയും പൊതുവിദ്യാഭ്യാസവ കുപ്പിന്റെയും അംഗീകാരമുള്ള ഒരു ക്ലബ്ബോ അഥവാ ജിംനേഷ്യമോ, നല്കുന്ന കായിക പരിശീലനത്തിന് ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്ന തല്ല.

2 (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പെർമിറ്റ്, ചട്ടങ്ങളാൽ നിർണ്ണയി ക്കപ്പെടാവുന്ന പ്രകാരമുള്ള വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയ മായും അപ്രകാരമുള്ള ഫീസ് നൽകിയശേഷവും നൽകേണ്ടതാണ്.

(3) ഈ ആക്റ്റിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകളനുസരിച്ചാണ് അപ്രകാരമുള്ള പരിശീലനം നടത്തുന്നതെന്ന് ഉറപ്പുവരുത്തുന്നതിനായി ഒരു

LIBRARY ARCHIVES Kerala Legislative Assembly

സബ് ഇൻസ്പെക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഏതൊരു പോലീസ് ഉദ്യോഗസ്ഥനും പരിശീലനം നടത്തുന്ന ഏതൊരു സ്ഥലത്തും സ്വതന്ത്രമായി പ്രവേശിക്കാവുന്നതാണ്.

(4) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടേയോ, അതിൻകീഴിൽ നൽകപ്പെട്ട പെർമിറ്റിലെ നിബന്ധനകളുടെയും ഉപാധികളുടെയുമോ ഏതെങ്കിലും ലംഘനം, 1973-ലെ ക്രിമിനൽ നടപടി നിയമത്തിന്റെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) അർത്ഥ വ്യാപ്തിക്കുള്ളിൽ വരുന്ന വിചാരണയ്ക്കെടുക്കാവുന്നതും ജാമ്യമില്ലാത്തതുമായ കുറ്റമായിരിക്കും.

എന്നാൽ, ജില്ലാ മജിസ്ട്രേറ്റിന്റേയോ സർക്കാരിന്റേയോ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ, (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ച് ഏതൊരാളിനും എതിരായി യാതൊരു പ്രോസിക്യൂഷൻ നടപടിയും എടുക്കുവാൻ പാടുള്ളതല്ല.

ബി പെർമിറ്റ് മുതലായവ റദ്ദ് ചെയ്യാനുള്ള അധികാരം :- 18 എ വകുപ്പിലെ (1)-ാം ഉപവകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ട അധികാരിക്ക്,-

(എ) അത്തരം പെർമിറ്റ് കൈവശമുള്ളയാൾ നൽകേണ്ടതായ ഏതെങ്കിലും ഫീസ് യഥാവിധി നൽകിയിട്ടില്ലെങ്കിലോ; അഥവാ

(ബി) പെർമിറ്റ് കൈവശമുള്ള ആളോ, അയാളുടെ ജോലിക്കാരനോ, അല്ലെങ്കിൽ അയാളുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ അനുമതിയോടുകൂടി അദ്ദേഹത്തിനുവേണ്ടി പ്രവർത്തിക്കുന്ന മറ്റാരെങ്കിലുമോ പ്രസ്തുത പെർമിറ്റിലെ ഏതെങ്കിലും നിബന്ധനകളും വ്യവസ്ഥകളും ലംഘിക്കുകയാണെങ്കിലോ; അഥവാ

(സി) അതിന്റെ കൈവശക്കാരൻ ഏതെങ്കിലും ക്രിമിനൽ കുറ്റത്തിന് ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലോ;

പ്രസ്തുത ഉപവകുപ്പിൻകീഴിൽ നൽകിയിട്ടുള്ള ഒരു പെർമിറ്റ്, ഉത്തരവുമൂലം റദ്ദാക്കുകയോ താൽക്കാലികമായി തടഞ്ഞുവയ്ക്കുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു ഉത്തരവിനെതിരായുള്ള ഒരപ്പീൽ, പരിശീലനം നടത്തുന്ന സ്ഥലം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് അധികാരപരിധിയുള്ള പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ മുൻപാകെ നൽകാവുന്നതാണ്."

3. 53 ബി എന്ന പുതിയ വകുപ്പ് ചേർക്കൽ : പ്രധാന ആക്റ്റിലെ 53 എ വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :-

"53 ബി. 18 എ വകുപ്പ് ലംഘിച്ചാലുള്ള ശിക്ഷ :- 18 എ വകുപ്പോ, അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ, അതിൻ കീഴിൽ നൽകിയ പെർമിറ്റിലെ ഏതെങ്കിലും വ്യവസ്ഥകളോ ലംഘിക്കുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ, മൂന്നു വർഷംവരെയാകാവുന്ന തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്"

4. 69-ാം വകുപ്പിന്റെ ഭേദഗതി :- പ്രധാന ആക്റ്റിന്റെ 69-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ (സി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത് :-

LIBRARY ARCHIVES Kerala Legislative Assembly

"(സി എ) 18 എ വകുപ്പ് പ്രകാരം പെർമിറ്റ് നൽകുന്നതിനുള്ള നടപടി ക്രമവും അങ്ങനെയുള്ള പെർമിറ്റിന്റെ നിബന്ധനകളും വ്യവസ്ഥകളും, പെർമിറ്റ് നൽകുന്നതിന് ഈടാക്കേണ്ട ഫീസും നിർണ്ണയിക്കുക;

(സി ബി) 18 ബി വകുപ്പ് (2)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരപ്പീൽ നൽകേണ്ട വിധവും അതിനുള്ള സമയപരിധിയും അപ്രകാരമുള്ള അപ്പീൽ തീർപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമവും നിർണ്ണയിക്കുക,"

5. റദ്ദാക്കലും ഒഴിവാക്കലും :- (1) 2000-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് (2000-ലെ 1) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായ ഏതെങ്കിലും കാര്യമോ, എടുത്തതായ ഏതെങ്കിലും നടപടിയോ ഈ ആക്ട് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്ടിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കണക്കാക്കപ്പെടേണ്ടതാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം

1960-ലെ കേരള പോലീസ് ആക്റ്റിലെ (1961-ലെ 5) 21-ാം വകുപ്പ്, പൊതുസമാധാനവും സുരക്ഷയും കാത്തുസൂക്ഷിക്കുന്നതിനായി പൊതു സ്ഥലങ്ങളിൽ വാളുകളും മറ്റ് മാരകായുധങ്ങളും കൊണ്ടുനടക്കുന്നത് നിരോധിക്കൽ ജില്ലാ മജിസ്ട്രേറ്റിനെ അധികാരപ്പെടുത്തുന്നു. എന്നാൽ, ആക്രമണത്തിന്റേയോ സ്വരക്ഷയുടേയോ മാർഗ്ഗങ്ങൾ ഉൾപ്പെടുന്ന കായികാഭ്യാസ പരിശീലന ക്ലാസ്സുകൾ നിയന്ത്രിക്കുന്നതിന് ഇത് തികച്ചും നിഷ്ഫലമായി കാണുന്നു. ആകയാൽ, പൊതുസുരക്ഷ കണക്കിലെടുത്ത് അത്തരം പരിശീലനം പെർമിറ്റ് നൽകിക്കൊണ്ട് നിയന്ത്രിക്കാൻ സർക്കാർ ഉദ്ദേശിക്കുകയുണ്ടായി. ഈ ആവശ്യത്തിനായി കേരള പോലീസ് ആക്റ്റ് ഭേദഗതി ചെയ്യേണ്ടത് ആവശ്യമായി വന്നു.

2. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2000-ത്തിലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് 2000 ജനുവരി 18-ാം തീയതി ഗവർണ്ണർ പുറപ്പെടുവിക്കുകയും 2000 ജനുവരി 18-ാം തീയതിയിലെ 95-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2000-ത്തിലെ 1-ാം നമ്പർ ഓർഡിനൻസിനായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

3. മേൽപ്പറഞ്ഞ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡംമൂലം ചേർക്കാനുദ്ദേശിക്കുന്ന 18 എ വകുപ്പ്, (1)-ാം ഉപവകുപ്പ് (എ) ഖണ്ഡം, കായിക പരിശീലനം നൽകുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

പെർമിറ്റ് നൽകേണ്ട അധികാരസ്ഥൻ ആരാണെന്ന് വിജ്ഞാപനപ്പെടുത്താൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(2) പ്രസ്തുത വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, (1)-ാം ഉപവകുപ്പിൻകീഴിൽ പെർമിറ്റ് നൽകേണ്ടതിനുള്ള വ്യവസ്ഥകളും നിയന്ത്രണങ്ങളും ഫീസുകളും നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(3) ബില്ലിന്റെ 4-ാം ഖണ്ഡംമൂലം പ്രധാന ആക്റ്റിന്റെ 69-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ ചേർക്കാനുദ്ദേശിക്കുന്ന (സി എ) ഖണ്ഡം, പെർമിറ്റ് നൽകുന്നതിനുള്ള നടപടിക്രമവും അതിനുള്ള വ്യവസ്ഥകളും നിബന്ധനകളും, ഫീസും നിർണ്ണയിച്ചുകൊണ്ടും പ്രസ്തുത ഉപവകുപ്പിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന (സി ബി) ഖണ്ഡം, 18 എ വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു പെർമിറ്റ് റദ്ദാക്കുകയോ താൽക്കാലികമായി തടഞ്ഞുവയ്ക്കുകയോ ചെയ്യുന്നതുമായ ഒരു ഉത്തരവിനെതിരെ അപ്പീൽ നൽകുന്നതിനുള്ള രീതിയും സമയപരിധിയും അങ്ങനെയുള്ള അപ്പീൽ തീർപ്പാക്കുന്നതിന് പാലിക്കേണ്ട നടപടിക്രമവും നിർണ്ണയിച്ചുകൊണ്ടും ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(4) ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അവ നടപടിക്രമം സംബന്ധിച്ചവയും ഭരണപരമായ സ്വഭാവത്തോടുകൂടിയവയുമാണ്. കൂടാതെ, ചട്ടങ്ങൾ ഉണ്ടാക്കിയ ശേഷം അവ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഇ.കെ. നായനാർ

(ശരിത്തർജ്ജമ)

എസ്. ദലീലാ സോജാ,
നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി

1960-ലെ കേരള പോലീസ് ആക്റ്റിൽ (1961-ലെ 5) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

അദ്ധ്യായം IV

പോലീസ് റഗുലേഷൻ

സമാധാന രക്ഷയ്ക്കുള്ള ചട്ടങ്ങൾ

18. പൊതു സ്ഥലങ്ങൾ മുതലായവയിൽ ഗതാഗതം ക്രമപ്പെടുത്തുന്നതിനും സമാധാനം പാലിക്കുന്നതിനും ചട്ടങ്ങൾ ഉണ്ടാക്കാൻ അധികാരം :- (1) താൻ യുക്തമെന്നു വിചാരിക്കുന്ന വല്ല തദ്ദേശ പ്രദേശത്തും ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന് ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടും മുനിസിപ്പൽ അധികാരസ്ഥനോടോ മറ്റു തദ്ദേശാധികാരസ്ഥനോടോ കൂടി ആലോചിച്ചും,-

(എ) യാത്രക്കാരുടെ സാമാനങ്ങൾ വഹിക്കുന്നതിലേക്ക് പാതാറുകളിലും കടവുകളിലും കയറ്റിറക്കു സ്ഥലങ്ങളിലും ബസ്സ്റ്റാന്റുകളിലും

LIBRARY ARCHIVES Kerala Legislative Assembly

റയിൽവേ സ്റ്റേഷനുകളിലും ജോലിചെയ്യാമെന്നു പറയുന്ന ആളുകളെ ലൈസൻസുമൂലം അനുവദിക്കുന്നതിനും നിയന്ത്രിക്കുന്നതിനും അപ്രകാരം ജോലിക്കാക്കപ്പെടുന്ന ആളുകളുടെ പണിക്കുള്ള കൂലി തോത് നിശ്ചയിക്കുന്നതിനും അത് നടപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനും;

(ബി) പൊതുജനങ്ങൾക്ക് അപായമോ തടസ്സമോ അസൗകര്യമോ ഉണ്ടാകാതെ തടുക്കുന്നതിലേക്കായി തെരുവീഥികളിലും പൊതുസ്ഥലങ്ങളിലും എല്ലാവിധ ഗതാഗതത്തേയും, കുതിരസവാരി ചെയ്യുകയോ വണ്ടി ഓടിക്കുകയോ സൈക്കിൾ ഓടിക്കുകയോ നടക്കുകയോ കന്നുകാലികളെ നടത്തിക്കുകയോ അവയോടുകൂടി നടക്കുകയോ ചെയ്യുന്ന ആളുകൾ തെരുവീഥികളും പൊതുസ്ഥലങ്ങളും ഉപയോഗിക്കുന്നതിനെയും ക്രമപ്പെടുത്തുന്നതിനും;

(സി) വാഹനങ്ങൾ തെരുവീഥികളിലും പൊതുസ്ഥലങ്ങളിലും ഏത് നിബന്ധനകൾക്കനുസരണമായി നിർത്താമോ അവയേയും കന്നുകാലികളെ നിർത്താവുന്ന സ്ഥലങ്ങളായി തെരുവീഥികളെ ഉപയോഗിക്കുന്നതിനെയും ക്രമപ്പെടുത്തുന്നതിനും;

(ഡി) തെരുവീഥികളിലും പൊതുസ്ഥലങ്ങളിലും വാഹനങ്ങളിൽ ഉപയോഗിക്കേണ്ട വിളക്കുകളുടെ എണ്ണവും സ്ഥാനവും നിർണ്ണയിക്കുന്നതിനും തടികൾ, ചാരത്തൂണുകൾ, കോണികൾ, ഗർഡറുകൾ, തുലാം, അഴി, ആവിക്കിടാരങ്ങൾ അഥവാ ഒതുക്കമില്ലാത്ത മറ്റു സാമാനങ്ങൾ എന്നിവ ഇങ്ങനെയുള്ള തെരുവീഥികളിൽക്കൂടി കൊണ്ടുപോകുന്നതിനും അപ്രകാരം കൊണ്ടുപോകേണ്ട വഴിയും സമയവും നിയന്ത്രിക്കുന്നതിനും;

(ഇ) പ്രേതങ്ങൾ കൊണ്ടുപോകാവുന്നതോ കൊണ്ടുപോകാൻ പാടില്ലാത്തതോ ആയ റോഡുകളും, സമയവും, പകർച്ചവ്യാധിയുള്ള കാലങ്ങളിൽ അവ കൊണ്ടുപോകേണ്ട വിധവും നിർണ്ണയിക്കുന്നതിനും;

(എഫ്) ശവം അടക്കം ചെയ്യുന്നതിനുള്ള വല്ല സ്ഥലത്തോ വല്ല സത്രത്തിലോ പൊതുജനങ്ങൾ ഉപയോഗിക്കുന്ന മറ്റു സ്ഥലത്തോ ഉള്ള ആനുകൂല്യങ്ങളെയും സ്ഥലസൗകര്യത്തെയും തുല്യമായും ശരിയായും ഉപയോഗിക്കത്തക്ക രീതിയിലും അവിടെ ചെല്ലുന്ന ആളുകളുടെ ഇടയിൽ ക്രമസമാധാനത്തോടുകൂടിയ നടത്ത പാലിക്കത്തക്ക രീതിയിലും അവ ഉപയോഗിക്കാവുന്ന സമയവും മാതിരിയും ക്രമപ്പെടുത്തുന്നതിനും;

(ജി) ജനങ്ങളുടെയോ മൃഗങ്ങളുടെയോ ഇടയിൽ ഉള്ളതോ ഉണ്ടെന്നു ശങ്കിക്കുന്നതോ ആയ സാംക്രമിക രോഗങ്ങളുടെയോ പകർച്ച രോഗങ്ങളുടെയോ കാര്യത്തിൽ വളപ്പുകളുടെ കൈവശക്കാരനും അവയിൽ പാർക്കുന്നവരും അവയെ ശുചിയാക്കുന്നതും രോഗ വിഷപരിഹാരം ചെയ്യുന്നതും സംബന്ധിച്ചും ആ രോഗത്തെ നിരോധിക്കുന്നതിനായോ അതു പരക്കാതെ തടുക്കുന്നതിനായോ ദീനം പിടിപെട്ടവരോ പിടിപെട്ടതായി വിചാരിക്കപ്പെട്ടവരോ ആയ ആളുകളെയോ മൃഗങ്ങളെയോ അകറ്റി നിർത്തുന്നതിനും നിയന്ത്രിക്കുന്നതും സംബന്ധിച്ചും;

(എച്ച്) (i) പൊതുജനങ്ങൾക്ക് പ്രവേശിപ്പാനുള്ള സ്ഥലം സൂക്ഷിക്കുന്നതിനേയും;

(ii) തെരുവുകളിലും പൊതുസ്ഥലങ്ങളിലും വാദ്യം വായിക്കുന്നതിനെയും;

(iii) തെരുവിലോ പൊതുസ്ഥലത്തോ അഥവാ അവിടെ കേൾക്കത്തക്ക വിധത്തിലോ ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുന്നതിനേയും;

LIBRARY ARCHIVES Kerala Legislative Assembly

(iv) ഗവൺമെന്റിന്റെയോ തദ്ദേശാധികാരസ്ഥാനങ്ങളുടെയോ ഉദ്യോഗസ്ഥൻമാരല്ലാത്ത മറ്റാരെങ്കിലും തെരുവുകളും പൊതുസ്ഥലങ്ങളും അവയിലേയ്ക്ക് ഉന്തിനിൽക്കുന്ന കെട്ടിടങ്ങളുടെ പുറംഭാഗങ്ങളും ദീപംകൊണ്ട് അലങ്കരിക്കുന്നതിനെയും;

(v) വെടിമരുന്നോ മറ്റേതെങ്കിലും സ്ഫോടക സാധനങ്ങളോ തെരുവുകളിലും പൊതുസ്ഥലങ്ങളിലുംകൂടി കൊണ്ടുപോകുന്നതിനേയും;

(vi) പാറ പൊട്ടിക്കുന്നതിനേയും;

ലൈസൻസിന് വിധേയമാക്കുകയോ നിയന്ത്രിക്കുകയോ, വഴിയാത്രക്കാർക്കോ സമീപവാസികൾക്കോ തടസ്സമോ അസൗകര്യമോ ഉപദ്രവമോ അപകട സാദ്ധ്യതയോ അപായമോ ഹാനിയോ തടയുന്നതിനുവേണ്ടി നിരോധിക്കുകയോ ചെയ്യുന്നതിനും,

(ഐ) പൊതുജന സങ്കേതങ്ങളിലോ ആളുകൾ കൂടുന്ന സ്ഥലങ്ങളിലോ പ്രവേശനമാർഗ്ഗങ്ങളും ബഹിർഗമന മാർഗ്ഗങ്ങളും ക്രമപ്പെടുത്തുകയും പൊതുജനരക്ഷയ്ക്കും അവയിൽ സമാധാന ലംഘനം തടയുന്നതിനും വ്യവസ്ഥ ചെയ്തും;

(ജെ) പൊതുജന സങ്കേതങ്ങളിലോ പൊതുജനങ്ങൾ കൂടുന്നിടത്തോ പൊതുവാഹനങ്ങളിലോ വച്ച് പുകവലിക്കുന്നതു ക്രമപ്പെടുത്തുകയോ നിരോധിക്കുകയോ ചെയ്യുന്നതിനും ഈ ആക്റ്റിന് വിരുദ്ധമല്ലാത്ത ചട്ടങ്ങൾ അതതു കാലം ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പു പ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും ഗസറ്റിലും പബ്ലിക് നോട്ടീസുകൾ പരസ്യപ്പെടുത്തുന്നതിന് ഈ ആക്റ്റുമൂലം നിർണ്ണയിച്ചിട്ടുള്ള രീതിയിലും പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

** ** ** **

53. പോലീസ് ആഫീസർമാരെ സേവനത്തിൽനിന്ന് ഒഴിഞ്ഞുമാറുന്നതിന് പ്രേരിപ്പിച്ചാലും മറ്റുമുള്ള ശിക്ഷ :- ആരെങ്കിലും പോലീസ് സേനയിലുള്ള ഏതെങ്കിലും അംഗത്തെ അയാളുടെ സേവനത്തിൽനിന്ന് ഒഴിഞ്ഞുമാറുന്നതിനോ, അച്ചടക്കം ലംഘിക്കുന്നതിനോ പ്രേരിപ്പിക്കുകയോ. പ്രേരിപ്പിക്കുന്നതിന് ശ്രമിക്കുകയോ പ്രേരിപ്പിക്കാനിട നൽകുമെന്ന് തനിക്ക് അറിയാവുന്ന ഏതെങ്കിലും പ്രവൃത്തി ചെയ്യുകയോ ചെയ്യുന്ന പക്ഷം അയാൾക്ക് കുറ്റസ്ഥാപനത്തിൻമേൽ, ആറുമാസത്തോളം വരുന്ന തടവോ ഇരുന്നൂറു രൂപയോളം വരുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ ശിക്ഷ നൽകേണ്ടതാണ്.

53 എ മോഷ്ടിക്കപ്പെട്ടുവെന്ന് വിശ്വസിക്കുന്ന വസ്തു കൈവശം വയ്ക്കുന്നതിനുള്ള ശിക്ഷ :- മോഷ്ടിച്ചതാണെന്നോ, കപട മാർഗ്ഗത്തിലൂടെ സമ്പാദിച്ചതാണെന്നോ വിശ്വസിക്കുവാൻ കാരണമുള്ളതായ ഏതെങ്കിലും വസ്തു കൈവശമുണ്ടെന്ന് കാണപ്പെടുകയോ തെളിയിക്കപ്പെടുകയോ അത് കൈവശമുള്ളതിന് തൃപ്തികരമായ കാരണം കാണിക്കുവാൻ പരാജയപ്പെടുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ, നൂറു രൂപയിൽ കവിയാത്ത പിഴയോ, മൂന്നുമാസം വരെയാകാവുന്ന തടവോ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടാൻ അർഹനായിരിക്കുന്നതാണ്.

** ** ** **

69. ചട്ടങ്ങൾ ഉണ്ടാക്കുവാൻ ഗവൺമെന്റിന് അധികാരം :- (1) (എ) ഈ ആക്റ്റിനാലോ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ചോ മജിസ്ട്രേറ്റുമാരുടെയും പോലീസ് ആഫീസർമാരുടെയും മേൽ ചുമത്തപ്പെട്ടിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

വല്ല കൃത്യവും നിർവ്വഹിക്കുന്നതിൽ അവർ അനുവർത്തിക്കേണ്ട നടപടി ക്രമപ്പെടുത്തുന്നതിനും;

(ബി) ഇൻഡ്യൻ പോലീസ് സേനയിലെ അംഗങ്ങൾ അല്ലാത്ത പോലീസ് ഉദ്യോഗസ്ഥൻമാരുടെ നിയമനവും സേവന വ്യവസ്ഥകളും ക്രമപ്പെടുത്തുന്നതിനും;

(സി) ഈ ആക്റ്റനുസരിച്ച് കിട്ടാനായി ആവശ്യപ്പെട്ടിട്ടുള്ളതോ അപേക്ഷിച്ചിട്ടുള്ളതോ ആയ വല്ല ലൈസൻസിനോ അനുമതിക്കോ ഏതു നടപടിക്രമം അനുസരിച്ച് അപേക്ഷിക്കേണ്ടതായിരിക്കുന്നുവോ ആ നടപടിക്രമം നിർണ്ണയിക്കുന്നതിനും, അപ്രകാരമുള്ള ലൈസൻസിനോ അനുമതിക്കോ ചുമത്തേണ്ട ഫീസ് നിശ്ചയിക്കുന്നതിനും;

(ഡി) പൊതുവെ ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനും, ഗവൺമെന്റിന്, ഗസറ്റിൽ പരസ്യംമൂലം ഈ ആക്റ്റിന് അനുയോജ്യമായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പനുസരിച്ച് ഉണ്ടാക്കിയ എല്ലാ ചട്ടങ്ങളും അവ ഉണ്ടാക്കിയതിനുശേഷം കഴിയുന്നതും വേഗത്തിൽ, പതിനാലു ദിവസത്തിൽ കുറയാതെ നിയമസഭ മുൻപാകെ വെയ്ക്കേണ്ടതും അപ്രകാരം വച്ചിട്ടുള്ള സമ്മേളനത്തിലോ അതിനു തൊട്ടടുത്ത സമ്മേളനത്തിലോ റദ്ദാക്കിക്കൊണ്ടോ ഭേദഗതി ചെയ്തുകൊണ്ടോ നിയമസഭ വരുത്തുന്ന മാറ്റങ്ങൾക്ക് അവ വിധേയമായിരിക്കുന്നതാണ്.

THE KERALA POLICE (AMENDMEN) BILL, 2000

A
BILL

Further to amend the Kerala Police Act, 1960.

Preamble :- Whereas, it is expedient further to amend the Kerala Police Act, 1960, for the purposes hereinafter appearing;

Be it enacted in the Fifty-first year of the Republic of India, as follows:-

1. *Short title and commencement* :- (1) This Act may be called the Kerala Police (Amendment) Act, 2000.

(2) It Shall be deemed to have come into force on the 18th day of January, 2000.

2. *Insertion of new sections after section* 18 :- After section 18 of the Kerala Police Act, 1960 (5 of 1961), (hereinafter referred to as the principal Act), the following sections shall be inserted, namely:-

"18 A. *Regulations of certain physical training* :- (1) Notwithstanding anything contained in any other law for the time being in force, no person shall,-

(a) by himself or by any person on his behalf, impart training to any member or members of public in any physical activity involving methods of attack or self-defence unless he holds a permit in this behalf issued by an authority notified by the Government; or

LIBRARY ARCHIVES Kerala Legislative Assembly

(b) permit the use of any premises, owned or possessed by him, for such training or organise, abet or participate in such training, as may be imparted by any person who does not hold a permit in that behalf:

Provided that a person imparting such training on 18th January, 2000 shall apply for and obtain a permit therefor within three months from the said date or within such period, as may be extended by the Government; which shall not exceed six months:

Provided further that the provisions of this sub-section shall not to any training imparted by,-

(i) an educational institution, owned or controlled by the Government of affiliated to any University in the State, as part of the curriculam or course of study; or

(ii) a club or gymnasium recognised by the Kerala Sports Council and the General Education Department.

(2) The permit under sub-section (1) shall be issued subject to such conditions and restrictions and on payment of such fees as may be prescribed by rules.

(3) Any Police Officer, not below the rank of a Sub-Inspector, shall have free access to any place of training to ensure that such training is conducted in accordance with this Act and the rules made thereunder.

(4) Any contravention of the provisions of sub-section (1) or of the terms and conditions of a permit issued thereunder shall be a cognizable and non-bailable offence within the meaning of the Code of Criminal Procedure, 1973 (Xentral Act 2 of 1974)

Provided that no prosecution shall be instituted against any person in respect of any offence under sub-section (1), without the previous sanction of the District Magistrate or Government.

18B. *Power to cancel permit etc.* – (1) The authority notified under sub-section (1) of section 18A may, by order, cancel or suspend a permit granted under the said sub-section,-

(a) if any fee payable by the holder of such permit is not duly paid; or

(b) in the event of any breach by the holder of such permit or by his servant or by anyone acting with his express or implied permission on his behalf of any of the terms and conditions of such permit; or

(c) if the holder thereof is convicted of any criminal offence.

(2) An appeal against an order under sub-section (1) shall lie to the Deputy Inspector General of Police having jurisdiction over the area where the place of training is situated"

3. *Insertion of new section 53 B - After section 53A of the principal Act, the following section shall be inserted, namely:-*

"53B. *Penalty for construction of section 18 A:-* Whoever contravenes section 18A or the rules made thereunder or any of the conditions of the permit

LIBRARY ARCHIVES Kerala Legislative Assembly

issued thereunder shall, on conviction, be liable to imprisonment for a term which may extend to three years or to fine which may extend to five thousand rupees or to both"

4. *Amendment to section 69- IN sub-section* (1) of section 69 of the principal Act, after clause (c) the following clauses shall be inserted, namely:-

"(ca) prescribe the procedure for the grant of permit under section 18A, the terms and conditions of such permit and the fee to be levied for granting such permit;

(cb) prescribe the mamnner in which and the time within which an appeal under sub-section (2) of section 18B may be filed and the procedure to be followed for the disposal of such appeal;".

5. *Repeal and saving*:- (1) The Kerala Police (Amendment) Ordinance, 2000 (1 of 2000), is hereby repealed.

(2) Notwithstanding such repeal, anything done or any action taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act as amended by this Act.

STATEMENT OF OBJECTS AND REASONS

Section 21 of the Kerala Police Act, 1960 (5 of 1961), empowers the District Magistrate to prohibit carrying of swords and other offensive weapons in any public place in the interest of preservation of public peace and safety. But the same was found quite ineffective in regulating training classes in physical activities involving methods of attack or self defence. Hence considering the public safety, Government propose to regulate such training by issuing permits. For this purpose amendments to the Kerala Police Act was necessary.

As the Legislative Assembly of the State of Kerala was not in session and as the proposal had to be given effect to immediately, the Kerala Police (Amendment) Ordinance, 2000 was promulgated by the Governor on the 18th day of January, 2000 and the same was published as Ordinance No. 1 of 2000 in the Kerala Gazette Extraordinaty No. 95 dated the 18th January, 2000.

The Bill seeks to replace the said Ordinance by an Act of the State Legislature.

FINANCIAL MEMORANDUM

The Bill, if enacted and brought into operation would not involve any expenditure from the Consolidated Fund of the State.

MEMORANDUM REGARDING DELEGATED LEGISLATION

Clause (a) of sub-section (1) of section 18A proposed to be inserted by clause 2 of the Bill empowers the Government to notify the authority to issue permit to impart physical training.

1122/2010.

LIBRARY ARCHIVES Kerala Legislative Assembly

2. Sub-section (2) of the said section empowers the Government to make rules prescribing the conditions and restrictions and fees upon which a permit is to be issued under sub-section (1)

3. Clause (ca) proposed to be inserted in sub-section (1) of section 69 of the principal Act by clause 4 of the Bill empowers the Government to make rules prescribing the procedure for the grant of permit, the terms and conditions and fees for granting such permit and clause (cb) proposed to be inserted in the said sub section empowers the Government to make rules prescribing the manner in which and the time within which an appeal against an order of cancellation or suspension of a permit under sub-section (1) of section 18A and the procedure to be followed for the disposal of such appeal.

The matters in respect of which rules may be made are matters of procedure and are of administrative in nature. Further, the rules, after they are made are subject to scrutiny by the Legislative Assembly. The delegation of Legislative powers is, thus of a normal character.

E.K. NAYANAR

EXTRACTS FROM THE KERALA POLICE ACT, 1960
(5 of 1961)

** ** ** **

CHAPTER IV
POLICE REGULATION
Rules for Preservation of Order

18. *Powers to make rules for regulation of traffic and for preservation of order in public places etc.*- (1) In any local area in which he thinks fit, the District Magistrate, with the previous sanction of the Government and in consultation with the municipal or other local authority may, from time to time, make rules not inconsistent with this Act, for-

(a) licensing and controlling persons offering themselves for employment at quays, wharves, landing places, bus stands and railway stations, for the carriage of passengers' baggage and fixing and providing for the enforcement of a scale of charges for the labour of such persons so employed;

(b) regulating traffic of all kinds in streets and public places and the use of streets and public places by persons riding, driving, cycling, walking or leading or accompanying cattle so as to prevent danger, obstruction or inconvenience to the public;

(c) regulating the conditions under which vehicles may be parked in streets and public places and the use of streets as halting places for cattle;

(d) prescribing the number and position of lights to be used on vehicles in streets and public places and regulating and controlling the conveying of timber, poles, ladders, girders, beams or bars, boilers or other unwieldy articles through the streets and the route and hours for such conveyance;

LIBRARY ARCHIVES Kerala Legislative Assembly

(e) prescribing the roads along which, the hours during which and in times of epidemic, the manner in which, corpses may, or may not be carried;

(f) regulating the hours during which and the manner in which any place for the disposal of the dead or any chathram or other place of public resort may be used so as to secure the equal and appropriate application of its advantages and accommodation and to maintain orderly conduct, among those who resort thereto;

(g) in cases of existing or apprehended epidemic or ingectious disease or men or animals, maintaining cleanliness and disinfection of premises by the occupier thereof and residents therein, and the segregation and management of the persons or animals diseased or supposed to be diseased, with a view to prevent the disease or to check the spreading there of;

(h) licensing, controlling or, in order to prevent the obstruction, inconvenience, annoyance, risk danger or injury to passers by or the residents in the vicinity, prohibiting-

(i) the keeping of places of public resort;

(ii) the playing of music in streets and public places;

(iii) the operation of loud speakers in or within hearing of a street or public place;

(iv) the illumination of streets and public places and the exteriors of buildings abutting thereon by persons other than the officers of the Government or local authorities;

(v) the carrying in the streets and public places of gunpowder or any other explosive substances; and

(vi) the blasting of rocks;

(i) regulating the means of entrance and exit at places of public resort or public assembly and providing for the maintenance of public safety and the prevention of disturbance therein;

(j) regulation or prohibiting smoking at places of public resort or public assembly or in public conveyances.

(2) Every rule made under this section shall be published in the Gazette and in the manner prescribed by this Act for the publication of public notices.

** ** ** **

53. *Penalty for inducting Police Officers to withhold service etc*-- Whoever incuces or attempts to induce or does any act which he knows is likely to induce, any member of the police force to withhold his services or to commit a breach of discipline shall on conviction be punished with imprisonment which may extend to six months or with fine which may extend to two hundred rupees or with both.

53A *Penalty for possession of property believed to have been stolen*:- foreever is found in possesion or is provided to have been in possession of anything which there is reason to believe to be stolen property to property fraudn lently obtained and for the possession of which he fails satisfactorily to account,

LIBRARY ARCHIVES Kerala Legislative Assembly

shall on conviction be liable to fine not exceeding one hundred rupees or to imprisonment for a term which may extend to three months or to both.

** ** ** **

69. *Power of Government to make rules:-* (1) The Government may, by notificatin in the Gazette, make rules consistent with this Act to -

(a) regulate the procedure to be followed by Magistrates and Police Officers in the discharge of any duty imposed upon them by or under the provisions of this Act;

(b) regulate the recruitment and conditions of service of police officers other than the members of the Indian Police Service;

(c) prescribe the procedure in accordance with which any licence or permission sought to be obtained or required under this Act should be applied for and fix the fees to be charges for any such licence or permission; and

(d) give effect to the provisions of this Act generally.

(2) All rules made under this section shall be laid before the Legislative Assembly for not less than fourteen days, as soon as possible after they are made and shall be subject to such modifications, whether by way of repeal or amendment as the Assembly may make during the session in which they are so laid or the session immediately following.

LIBRARY ARCHIVES Kerala Legislative Assembly